## നിയമനിർമ്മാണം

### 2012-ലെ കേരള ധനകാര്യ സ്ഥാപനങ്ങളിലെ നിക്ഷേപകരുടെ താല്പര്യ സംരക്ഷണ ബിൽ

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2012 -ലെ കേരള ധനകാര്യ സ്ഥാപനങ്ങളിലെ നിക്ഷേപകരുടെ താല്പര്യ സംരക്ഷണ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കെ.എം. മാണി: സർ, ഇവിടെ വന്നിട്ടുള്ള ഭേദഗതികളിൽ കൂടുതലും ഡെഫിനിഷനെ സംബന്ധിച്ചുള്ളതാണ്. 'ക്ഷമതയുള്ള അധികാര സ്ഥാപനം' എന്നാണ് കോമ്പീറ്റന്റ് അതോറിറ്റി എന്ന ഇംഗ്ലീഷ് പദത്തിന്റെ തർജ്ജിമ. ഇതുസംബന്ധിച്ചാണ് കൂടുതൽ ഭേദഗതികളും വന്നിട്ടുള്ളത്. ഓരോരുത്തരും ഭാവനയനുസരിച്ച് ഓരോ വാക്കുകൾ മാറ്റണമെന്ന് പറയുകയാണ്. 'ക്ഷമതയുള്ള അധികാര സ്ഥാപനം' എന്നുമതി. പോരെങ്കിൽ അതിന്റെ ഡിഫക്റ്റ് എങ്ങനെയാണ് പരിഹരിക്കുന്നതുവച്ചാൽ, ഭരണഘടന അനുസരിച്ച് ആർട്ടിക്കിൾ 348(3) അനുസരിച്ചുള്ള ഇംഗ്ലീഷ് വാക്ക് Authorized text എന്നാണ്. മലയാളത്തിൽ എന്തെങ്കിലും സംശയമുണ്ടെങ്കിൽ ഇംഗ്ലീഷ് വേർഷൻ സ്വീകരിച്ചാൽ മതി. കോമ്പീറ്റന്റ് അതോറിറ്റി എന്ന ഇംഗ്ലീഷ് വാക്ക് ഉള്ളതുകൊണ്ട് വേറെ വിഷമമില്ല. മാത്രമല്ല, 'ക്ഷമതയുള്ള

അധികാര സ്ഥാപനം' എന്നതാണ് കോമ്പീറ്റന്റ് അതോറിറ്റി എന്ന വാക്കിന് നല്ലത്. വേറെ ഒരിടത്തും അതിന്റെ മലയാളം കാണുന്നില്ല. അതുകൊണ്ട് ഇപ്പോൾ അതിനെക്കുറിച്ചൊന്നും പറയാനില്ല. ഓരോന്നും മൂവ് ചെയ്യുമ്പോൾ പറയാം.

മി. സ്പീക്കർ: ആരുടെയും അവകാശത്തെ ചോദ്യം ചെയ്തുകൊണ്ടല്ല. അവകാശത്തെ നിലനിർത്തി കൊണ്ടുതന്നെ പറയുകയാണ് അനന്തമായി നീണ്ടു നിൽക്കുന്ന വിയോജനക്കുറിപ്പ് പ്രസംഗം സാദ്ധ്യമല്ല. ആദ്യമേ അത് അറിയിക്കുകയാണ്.

ശ്രീ. വി. ചെന്താമരാക്ഷൻ: സർ, എന്റെ സബ്മിഷൻ ഞാൻ അര മിനിട്ടു കൊണ്ടാണ് അവതരിപ്പിച്ചത്.

മി. സ്പീക്കർ: അതുകൊണ്ട് ഒരു മിനിട്ടു കൊണ്ട് തീർക്കാൻ പോവുകയാണോ?

ശ്രീ. വി. ചെന്താമരാക്ഷൻ: സർ, അല്ല. അഞ്ചു മിനിട്ടു കൊണ്ട് തീർക്കും. ഇന്നത്തെ പ്രാധാന്യം മനസിലാക്കിക്കൊണ്ടു തന്നെ ഞാൻ പ്രസംഗിക്കും.

സർ, ഞാൻ വിയോജിപ്പ് രേഖപ്പെടുത്തുന്നു. 2012-ലെ കേരള ധനകാര്യ സ്ഥാപനങ്ങളിലെ നിക്ഷേപകരുടെ താത്പര്യ സംരക്ഷണ ബില്ലുമായി ബന്ധപ്പെട്ട് ഡിസന്റിൽ പറഞ്ഞ കാര്യങ്ങൾ മാത്രമേ ഞാൻ വിശദീകരിക്കുന്നുള്ളു. അതിൽ ഒന്നാമത് പറഞ്ഞിരിക്കുന്നത്, നിക്ഷേപകരുടെ താത്പര്യം സംരക്ഷിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമ്പോൾ നിക്ഷേപം സ്വീകരിക്കുന്ന എല്ലാ സ്ഥാപനങ്ങളെയും ഇതിൽ ഉൾപ്പെടുത്തണം. ചിട്ടി കമ്പനികൾ, സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾ, രജിസ്റ്റർ ചെയ്യപ്പെടാതെ പ്രവർത്തിക്കുന്ന ധന

കാര്യ സ്ഥാപനങ്ങൾ, മണിചെയിൻ കമ്പനികൾ, മുൻകൂർ നിക്ഷേപം സ്വീകരിച്ച് ആളുകളെ വഞ്ചിക്കുന്ന ഫ്ളാറ്റ് നിർമ്മാതാക്കൾ, അമിത പലിശ വാഗ്ദാനം പരസ്യം നൽകി കബളിപ്പിക്കുന്നവർ ഇവരെയൊന്നും ഈ ബില്ലിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടില്ല. നമ്മുടെ നാട്ടിൽ ചിട്ടികമ്പനികൾ ഇഷ്ടം പോലെ പ്രവർത്തിക്കുന്നുണ്ട്. നിയമവിരുദ്ധമായ പ്രവർത്തന നടപടികളാണ് സ്വീകരിക്കുന്നത്. സാധാരണക്കാരായ ആളുകൾക്ക് പണം കിട്ടുമെന്ന് തോന്നിയാൽ ഏത് നിയമവിരുദ്ധ നടപടിക്കും അറിയാതെ ആളുകൾ കൂട്ടുനിൽക്കുന്ന സ്ഥിതി വിശേഷം കേരളത്തിലുണ്ട്. അത് നിയമനിർമ്മാണത്തിലൂടെ തടയുന്നതിനാവശ്യമായ ശക്തമായ നിലപാട് സ്വീകരിക്കണം. തിരുവനന്തപുരത്ത് അമിത പലിശ ഈടാക്കുകയും അതുപോലെതന്നെ നിക്ഷേപത്തിന് ഇരട്ടിപണം കൊടുക്കും എന്ന പ്രഖ്യാപനം നടത്തുകയും ചെയ്തിട്ടുള്ള സ്ഥാപനം രണ്ട് മൂന്ന് വർഷം മുൻപ് വലിയ വാർത്തയുണ്ടാക്കിയതാണ്. **ടോട്ടൽ ഫോർ** യു, അതിന്റെ പേര് തന്നെ ഗംഭീര പേരാണ്, എല്ലാം നിനക്കുവേണ്ടി, എന്തു മനോഹരമായ പേരാണ്. ആയിരം രൂപ കൊടുത്താൽ അടുത്തമാസം അതേ തീയതിക്ക് രണ്ടായിരം രൂപ കൊടുക്കും. രണ്ടായിരം രൂപ കൊടുത്താൽ അടുത്തമാസം അതേ തീയതിക്ക് നാലായിരം രൂപ കൊടുക്കും. പതിനായിരം രൂപ കൊടുത്താൽ ഇരുപതിനായിരം രൂപ കൊടുക്കും. ഒരു ലക്ഷം രൂപ കൊടുത്താൽ രണ്ട് ലക്ഷം രൂപ കൊടുക്കും. ഇങ്ങനെ ആളുകളെ പറ്റിച്ച് കോടിക്കണക്കിന് രൂപയുടെ ഇടപാടാണ് നടത്തിയത്. ഇത്തരം സ്ഥാപനങ്ങളെയെല്ലാം നിയന്ത്രിക്കുന്നതിനാവശ്യമായ നിലപാട് സ്വീകരിക്കപ്പെടേണ്ടതാണ്. ഈ കേസുമായി ബന്ധപ്പെട്ട് വന്നൊരു വിഷയം ഞാൻ പത്രത്തിൽ വായിച്ചതാണ്. ഹൃദയ ശസ്ത്രക്രിയ നടത്താൻ തയാറായിയിരിക്കുന്ന ആളിന്റെ കൈയിൽ രണ്ടു ലക്ഷം രൂപയുണ്ട്. ചികി

ത്സയ്ക്ക് നാല് ലക്ഷം രൂപ ചെലവ് വരും. അവിടെ കൊണ്ടു കൊടുത്താൽ അടുത്തമാസം നാല് ലക്ഷം രൂപകിട്ടുമെന്ന് പ്രതീക്ഷിച്ച് ഇവിടെ കൊണ്ടു പോയി കൊടുത്ത് രണ്ട് ലക്ഷം രൂപയും പോയി നയാപൈസയില്ലാതെ ബുദ്ധിമുട്ടിയ കാര്യം ഇതുമായി ബന്ധപ്പെട്ട് പത്രത്തിൽ വായിച്ചതാണ്. സാധാരണക്കാരൻ സാമ്പത്തിക പ്രതിസന്ധിയിൽ നിൽക്കുന്ന സമയത്ത്, ഇത് വിശ്വാസ്യതയോടുകൂടിയാണ് ആദ്യം പ്രവർത്തിക്കുന്നത്. ഏതോ ഒരു ഡോക്ടർ ഒരു കോടി രൂപ കൊടുത്തു. ഒരു കോടി രൂപയെന്ന് പറയുന്നത് 100 ലക്ഷം രൂപയാണല്ലോ. ആദ്യം കൊടുക്കുന്ന ആളുകൾക്ക് കൃത്യമായി പൈസ കൊടുക്കും. ആദ്യം കൊടുത്ത പത്തോ നൂറോ ആളുകൾക്ക് കൃത്യ മായി പൈസ കൊടുത്തപ്പോൾ കിട്ടിയ ആളുകൾ ഇത് നാടുമുഴുവൻ പ്രചരി പ്പിച്ചു. തുരുതുരായെന്ന് ആളുകൾ കൊണ്ടുപോയി പൈസ കൊടുത്തു. അത്തരമൊരു സ്ഥിതിവിശേഷത്തിന്റെ ഭാഗമായാണ് തട്ടിപ്പ് അരങ്ങേറിയത്. അതുപോലെ തന്നെ മണിചെയിൻ, ആയിരം രൂപകൊടുത്ത് ഒരാളുടെ കൂടെ ചേർന്നാൽ മൂന്നാളെ ചേർക്കണം. മൂന്ന് ആളുകൾ ഒൻപത് പേരെ ചേർക്കണം. അങ്ങനെയങ്ങ് വർദ്ധിച്ച് പോവുകയാണ്. എവിടെയെങ്കിലും വച്ച് ഇതിന്റെ കണ്ണിപൊട്ടും അതിന്റെ ഭാഗമായി നിരവധി പ്രശ്നങ്ങളുണ്ടാകും. ഫ്ളാറ്റ് നിർമ്മാണവുമായി ബന്ധപ്പെടുത്തിയാണ് കേരളത്തിലെ മറ്റൊരു പ്രധാനപ്പെട്ട മേഖല വന്നിട്ടുള്ളത്. കേരളത്തിൽ പുതിയ വീടുകൾ ഉണ്ടാക്കു ന്നത് ഒരു പ്രശ്നം തന്നെയാണ്. പണം കൊടുത്താൽ ഒരു ബുദ്ധിമുട്ടില്ലാതെ വീടുണ്ടാക്കി തരും എന്ന പ്രചരണം നടത്തി വലിയ തട്ടിപ്പ് നടത്തുന്ന സ്ഥിതിവിശേഷം കേരളത്തിലുണ്ടായിട്ടുണ്ട്. അതും ശക്തമായ നിയന്ത്രണ ത്തിന് വിധേയമാക്കേണ്ടതാണ്. അതുപോലെതന്നെ, കോടിക്കണക്കിന് രൂപ തട്ടിയെടുക്കുന്ന ആളുകൾക്ക് ഒരു ലക്ഷം രൂപയുടെ പിഴയാണ് ബില്ലിൽ

നിർദ്ദേശിച്ചിട്ടുള്ളത്. കോടിക്കണക്കിന് രൂപ തട്ടിപ്പ് നടത്തിയ ആൾക്ക് ഒരു ലക്ഷം രൂപയുടെ പിഴയടയ്ക്കാൻ വല്ല ബുദ്ധിമുട്ടുമുണ്ടോ? അതിനനുസരിച്ചുള്ള കാര്യമായ മാറ്റം ഈ ബില്ലിൽ കൊണ്ടുവരണം. ശക്തമായ നടപടി സ്വീകരിക്കണം. അതുപോലെതന്നെ ഇത്തരം സ്ഥാപനങ്ങൾക്ക് നിർബന്ധമായും രജിസ്ട്രേഷൻ, ഏത് സ്ഥാപനവും പ്രവർത്തിക്കുമ്പോൾ നിർബന്ധമായും രജിസ്ട്രേഷൻ വേണമെന്ന ഒരു സമീപനം സ്വീകരിക്കാൻ കഴിയണം. അതുപോലെതന്നെ ശക്തമായ പരിശോധനാ സംവിധാനം ഉണ്ടാകണം. ഇത് നടത്തിപ്പുകാരുടെ കൈയിലൊതുങ്ങിപ്പോകുന്ന സ്ഥിതിവിശേഷവും അതിനെ സംബന്ധിച്ച് ശക്തമായ പരിശോധനയില്ല എന്നുള്ള പ്രശ്നവും ഞാൻ ഗൗരവമായി ഉന്നയിക്കുകയാണ്. അതുപോലെ തന്നെ പരസ്യം, വലിയ തോതിൽ പരസ്യം നടത്തി തട്ടിപ്പ് നടത്തുന്ന നിരവധി സ്ഥാപനങ്ങൾ ഉണ്ട്. സ്വർണ്ണഭൂമി സ്കീം, ഒന്നിന് പകരം പത്ത്, പത്തിന് പകരം നൂറ് എന്നീ നിലയിൽ പ്രചരണം നടത്തി ആളുകളെ പറ്റിക്കുന്ന സ്ഥിതിവിശേഷമുണ്ട്. ഇതൊക്കെ ഫലപ്രദമായ രൂപത്തിൽ തടയുന്നതിനാവശ്യമായ സംവിധാനങ്ങളുണ്ടാകണമെന്നാണ് ഞാൻ ഇതിലൂടെ ആവശ്യപ്പെടുന്നത്. ഇത്തരമൊരു നിയമനിർമ്മാണം നടത്തിയാൽ മാത്രം പോര. ഈ നിയമങ്ങൾ പ്രാവർത്തികമാക്കുന്നതിനാവശ്യമായ ഇച്ഛാശക്തിയോടുകൂടിയുള്ള ഭരണകൂടത്തിന്റെ നടപടിയുണ്ടാകണം. ഇന്നത്തെ മലയാള മനോരമ പത്രത്തിൽ ഒരു വാർത്തയുണ്ട്. ദേശാഭിമാനിയിലല്ല. ടോട്ടൽ ഫോർ യു, ഞാൻ നേരത്തെ പറഞ്ഞ കക്ഷി, കോടതിയിൽ നിന്ന് ജാമ്യം വാങ്ങി മുങ്ങിയതാണ്. വർഷം രണ്ടു കഴിഞ്ഞു. ഇന്നത്തെ മെട്രോ മനോരമയിലെ വാർത്ത 'ഒളിവിലായിട്ട് രണ്ട് കൊല്ലം പോലീസിന്റെ തോളിൽ കൈയിട്ട് പലയിടത്തും ശബരി'. തിരുവനന്തപുരം

പട്ടണത്തിനകത്താണ്. ഇപ്പോഴും തിരുവനന്തപുരത്തെ പ്രധാനപ്പെട്ട കേന്ദ്രങ്ങളിൽ പല പല പരിപാടികളിൽ അദ്ദേഹം പങ്കെടുക്കുന്നുമുണ്ട്. ഡിവൈ.എസ്.പിയുടെ കൂടെ വർക്കലയിലെ ഒരു റിസോർട്ടിൽ കണ്ടു എന്നാണ് വാർത്ത വന്നിരിക്കുന്നത്. ഇത്തരം കാര്യങ്ങളിൽ നിയമം ഉണ്ടായാൽ പോരാ നിയമം നടപ്പിലാക്കുന്നതിനാവശ്യമായ ഇച്ഛാശക്തിയോടുകൂടിയ നടപടിയാണാവശ്യം. അത്തരമൊരു സമീപനം സ്വീകരിക്കാൻ ബഹുമാനപ്പെട്ട ഗവൺമെന്റ് തയ്യാറാകാണം. ഇത്രയും കാര്യങ്ങളാണ് ഇതുമായി ബന്ധപ്പെട്ട ഡിസെന്റിന്റെ ഭാഗമായി വളരെ ചുരുക്കി എനിക്ക് സൂചിപ്പിക്കാനുള്ളത്.

<u>മി. സ്പീക്കർ:</u> ഈിഴൃമൌഹമശേീി ശ്രീ. ചെന്താമരാക്ഷൻ. ശ്രീ. ചെന്താമരാക്ഷന്റെ പാതയെല്ലാവരും സ്വീകരിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

<u>ശ്രീ. മുല്ലക്കര രത്നാകരൻ</u>: സർ, ഞാൻ വിയോജിപ്പ് രേഖപ്പെടുത്തുന്നു. ഈ ബില്ലിന്റെ ഉദ്ദേശം നല്ലതാണെങ്കിലും ഇത് സമഗ്രമായില്ലെങ്കിൽ നമ്മുടെ പണമിടപാട് സംവിധാനത്തിന്റെ സുതാര്യതയും സത്യസന്ധതയും നിലനിർത്താൻ പ്രയാസമായിരിക്കും. ഒന്നാമത്തെ പ്രശ്നം, ഇങ്ങനെയുള്ള സംവിധാനത്തിൽ പണം നിക്ഷേപിക്കുന്നവർ ആ പണത്തിന്റെ തന്നെ സത്യസന്ധത ചോദ്യം ചെയ്യപ്പെടേണ്ടതാണ്. തട്ടിപ്പ് സംവിധാനത്തിൽ കൂടുതൽ പലിശ കിട്ടാൻ വേണ്ടി മനുഷ്യന്റെ മനസ്സിന്റെ മോഹം കൊണ്ടാണ് ഇത്തരത്തിലുള്ള കെണിയിൽ ചെന്നുവീഴുന്നത്. ഒരിക്കലും മനുഷ്യന്റെ മനസ്സിന്റെ മോഹം നിയമംമൂലം നമുക്ക് നിയന്ത്രിക്കാൻ കഴിയുകയില്ല. ഇങ്ങനെ കൊണ്ടിടുന്ന പണം ഏത് തരത്തിലുള്ളതാണ് എന്നുള്ളത് തീർച്ചയായും ഒരു പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുണ്ട്. അല്ലെങ്കിൽത്തന്നെ കേരളത്തിന്റെ സമൂഹത്തിൽ കൈകാര്യം ചെയ്യപ്പെടുന്ന പണത്തിന്റെ ഒരു പങ്ക് ഇപ്പോഴേ കുറ്റവാളിത്ത സ്വഭാവമുള്ള പണമാണെന്ന് ഒരു പൊതു ആക്ഷേപമുണ്ട്. അത്

ശരിയാണ്. അതുകൊണ്ട് ഇത്തരം പണമിടപാട് സംവിധാനത്തിന്റെ രജിസ്ട്രേഷനും ഇടപാടുകളും പരിശോധിക്കുന്നതിന് ഈ നിയമത്തിന്റെയുള്ളിൽ ശക്തമായൊരു സംവിധാനമുണ്ടാകേണ്ടതുണ്ട്. രണ്ടാമത്തെ പ്രധാനപ്പെട്ട കാര്യം, ഒരു ഗവൺമെന്റ് സംവിധാനത്തിനും ഗവൺമെന്റ് നിയന്ത്രിക്കുന്ന പണമിടപാട് സംവിധാനത്തിനും അതിന്റെ നിയന്ത്രിതമായ പലിശ, കേരളത്തിലത് ഏറ്റവും നന്നായി കൈകാര്യം ചെയ്തുകൊണ്ടിരുന്നത് കേരളത്തിലെ സഹകരണ മേഖലയാണ്. സാധാരണക്കാർക്ക് ന്യായമായ പലിശയ്ക്ക് പണം കൊടുക്കുന്ന ഗവൺമെന്റിന് നിയന്ത്രണമുള്ള ഷെഡ്യൂൾഡ് ബാങ്കാണെങ്കിലും സഹകരണ മേഖലയാണെങ്കിലും മറ്റ് ബാങ്കിംഗ് സംവിധാനമാണെങ്കിലും ആ മേഖലകളെ പ്രോത്സാഹിപ്പിക്കുകയല്ലാതെ ഈ മേഖലകളെ ഗവൺമെന്റ് പ്രോത്സാഹിപ്പിക്കാൻ പാടില്ല. കാരണം, ഗവൺമെന്റ് പണമുള്ളവരുടെ സത്യസന്ധമായ പണം ന്യായമായ പലിശയ്ക്ക് വാങ്ങി സമൂഹത്തിന്റെ വികസനത്തിനും സാധാരണ മനുഷ്യന്റെ ന്യായമായ കാര്യങ്ങൾക്കും ഉപയോഗിക്കുന്നതിന് പറ്റിയ തരത്തിലേക്ക് നീങ്ങുകയും ഇത്തരം സംവിധാനങ്ങളെ നിരുത്സാഹപ്പെടുത്തുകയുമാണ് ഈ ഗവൺമെന്റ് ചെയ്യേണ്ടത്.

അദ്ധ്വാനത്തിന്റേതല്ലാതുള്ള എല്ലാ മുതലും കൊള്ളമുതലാണെന്ന് ബൈബിളിൽ ഒരു വാക്യമുണ്ട്. സത്യത്തിൽ ഇത്തരത്തിൽ വരുന്ന നിക്ഷേപത്തിന്റെ ഒരു പങ്ക് അദ്ധ്വാനത്തിന്റേതല്ലാത്ത പണമാണ്. അദ്ധ്വാനിക്കുന്നവൻ, സത്യസന്ധമായും സുതാര്യമായും പണം സൂക്ഷിക്കുന്നവൻ നിവൃത്തിയില്ലാതെ ആത്മഹത്യ ചെയ്യുകയും ഒരദ്ധ്വാനവും ഇല്ലാത്തവൻ പണക്കാരനും കോടീശ്വരനുമായി മാറുകയും ചെയ്യുന്ന ഒരു സംവിധാനത്തിലേയ്ക്ക് കേരളം സഞ്ചരിക്കാൻ പാടില്ല. അതുകൊണ്ട് യഥാർത്ഥ പണം എവിടെ നിക്ഷേപിക്കണമെന്നുള്ളതും നിക്ഷേപിക്കുന്ന പണം യഥാർത്ഥ പണമാണോ

എന്നുള്ളതും പരിശോധിക്കാനുള്ള ഒരു സംവിധാനനം ഈ നിയമത്തിന കത്ത് ഉണ്ടാകണം. ഇതിൽ പറയുന്ന ഒരു കാര്യത്തിന് വൈരുദ്ധ്യമുണ്ട്. അതായത് ഇങ്ങനെ നിക്ഷേപമായി സ്വീകരിക്കുന്ന പണമെല്ലാം ഏതെങ്കിലും ഷെഡ്യൂൾഡ് ബാങ്കിലോ ഗവൺമെന്റ് സംവിധാനത്തിന്റെ കീഴിലുള്ള ബാങ്കിലോ നിക്ഷേപിക്കണമെന്ന് പറയുന്നുണ്ട്. അങ്ങനെ നിക്ഷേപിച്ചാൽ അവർ വസ്തു വാങ്ങുന്നതും കെട്ടിടം ഉണ്ടാക്കുന്നതും എങ്ങനെയാണ്. അങ്ങ് എഴുതിവച്ചിരിക്കുന്ന നിയമത്തിൽ സമാഹരിക്കുന്ന പണം മുഴുവൻ ഷെഡ്യൂൾഡ് ബാങ്കിൽ നിക്ഷേപിക്കണമെന്ന് പറയുന്നുണ്ട്. അതിന് കൃത്യത യുള്ള സംവിധാനമുണ്ടെങ്കിൽ, ഒന്നാമത് അവർക്ക് അധിക പലിശ കൊടുക്കാൻ കഴിയില്ല. സുതാര്യമായും സത്യസന്ധമായും മാത്രമേ പണം കൈകാര്യം ചെയ്യാനൊക്കൂ. അപ്പോൾപ്പിന്നെ വസ്തു വാങ്ങുക, പിന്നീട് അത് ഗവൺമെന്റ് ജപ്തി ചെയ്യുക, ജപ്തി ചെയ്യുമ്പോൾ എന്തെങ്കിലും അവകാശ മുണ്ടോ എന്നു നോക്കുക എന്നുള്ളതൊക്കെ എങ്ങനെയാണ് സാധിക്കുന്നത്? സത്യസന്ധമായിപ്പോലും പണം നിക്ഷേപിച്ച ഒരാൾക്ക് തിരിച്ചുകിട്ടുമെന്ന് ഉറപ്പില്ലാത്തവണ്ണമാണ് സ്പെഷ്യൽ കോടതി നടപടി പോലും ഈ നിമയത്തിൽ നിർവ്വചിച്ചിരിക്കുന്നത്. നമ്മുടെ സമൂഹത്തിൽ ഇപ്പോൾ നടക്കുന്ന പണമിടപാട് സംവിധാനത്തിന്റെ സുതാര്യതയും സത്യസന്ധതയും കുറയുന്നതുമൂലം അദ്ധ്വാനിക്കുന്നവന് പണം യഥാർത്ഥത്തിൽ കിട്ടാനുള്ള സംവിധാനം ഉണ്ടാകുന്നില്ല. കേരളത്തിലെ പണമിടപാട് സംവിധാനത്തിൽ ഒരു ശുദ്ധീകരണ പ്രക്രിയ കുറവാണ്. ഈ സംവിധാനത്തിൽ ഒരുപാട് കള്ളവും ചതിയുമൊക്കെ നടക്കുകയാണ്. അതെല്ലാം കുറയ്ക്കുന്നതിന് ഈ നിയമം ഒട്ടും പര്യാപ്തമല്ല. അങ്ങനെ പര്യാപ്തമാകണമെങ്കിൽ ഇവിടെ സൂചിപ്പിച്ചതുപോലെ ഇതിന്റെ രജിസ്ട്രേഷൻ സമയം മുതൽ ശ്രദ്ധിക്കണം.

ആർക്കുവേണമെങ്കിലും രജിസ്ട്രേഷൻ കൊടുക്കുക, എല്ലാ സംവിധാനവും ഒരു കേസ് വരുമ്പോൾ മാത്രം ഉപയോഗിക്കുക എന്നുള്ളതല്ല. അതുപോലെ ഇത്തരം പണംകൊണ്ട് വാങ്ങുന്ന വസ്തുപോലും കൈകാര്യം ചെയ്യുന്നത് ഒരു കുറ്റവാളിത്ത സ്വഭാവത്തോടെയാണ്. ഇങ്ങനെയുള്ളവരുംകൂടി ചേർന്നാണ് ഭൂമാഫിയ സംവിധാനം കേരളത്തിൽ നടത്തുന്നത്. അതുകൊണ്ട് ആ കുറവുകളെല്ലാം പരിഹരിച്ച് നിലവിലുള്ള പണമിടപാട് സംവിധാനത്തിന്റെ അസത്യമായതും കുറ്റവാളിത്തവുമുള്ള പണം കൈകാര്യം ചെയ്യാവുന്ന ഇന്നത്തെ അവസ്ഥയെമാറ്റി കഴിയാവുന്നത്ര നിക്ഷേപങ്ങളെല്ലാം ഗവൺമെന്റ് സംവിധാനത്തിൽ ന്യായമായ പലിശയ്ക്ക് ഏറ്റവും ആവശ്യമുള്ളവന് കിട്ടുന്ന സംവിധാനം ഉറപ്പാക്കാൻ, പണത്തിന്റെ പരമാവധി ഗവൺമെന്റും ഗവൺമെന്റ് നിയന്ത്രിക്കുന്ന ബാങ്കിംഗ് സംവിധാനത്തിലേയ്ക്കും പ്രത്യേകിച്ച് സഹകരണ മേഖലയിലേയ്ക്കും എത്തിച്ചേരാവുന്ന തരത്തിലേയ്ക്ക് വഴിതുറക്കാൻ ഈ നിയമം കർശനമാക്കുകയും കുറ്റവാളിത്തമുള്ള പണം നിക്ഷേപിക്കപ്പെട്ടാൽ ആ പണത്തിന്റെ സോഴ്സുകൂടി പരിശോധിക്കാനും അതിനുകൂടി പരിഹാരം കാണാനുമുള്ള സംവിധാനം ഈ നിയമത്തിലുണ്ടാകണം. അങ്ങനെ നിയമത്തെ ശക്തിപ്പെടുത്തണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. വി.എസ്. സുനിൽ കുമാർ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2012-ലെ കേരള ധനകാര്യ സ്ഥാപനങ്ങളിലെ നിക്ഷേപകരുടെ താൽപ്പര്യ സംരക്ഷണ ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1(എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഇവിടെ ഈ നിയമം കൊണ്ട് അങ്ങ് ഉദ്ദേശിക്കുന്ന കാര്യം നടക്കണമെങ്കിൽ നമ്മുടെ ജനങ്ങളുടെ മനസ്ഥിതികൂടി മാറണം. കാരണം മൂന്നുദിവസം

കൊണ്ട് പണക്കാരനാകണമെന്നാഗ്രഹിക്കുന്ന മലയാളികളുടെ മോഹമാണ് ഈ നിക്ഷേപത്തിന്റെയെല്ലാം പ്രധാനപ്പെട്ട കാരണം. ആട്, തേക്ക്, മാഞ്ചിയം പോലുള്ള ഒരുപാട് തട്ടിപ്പുകൾ കേരളത്തിൽ എത്രവന്നാലും അതിന്റെ പിറ്റേ ദിവസം ഇത് അതുപോലെയുള്ള കമ്പനിയൊന്നുമല്ല, അതിനെക്കാൾ സെക്വറാണ് എന്നുപറഞ്ഞ് പുതിയ കുറെ ഏജന്റുമാരെ വച്ചിട്ട് പുതിയ പരസ്യം വരും. ഈ കമ്പനിയുടെ ഉടമസ്ഥൻ വലിയ ഒരു മുതലാളിയാണ്, ലോകത്തിലെ ഏറ്റവും വലിയ സമ്പത്ത് അയാളുടെ കയ്യിലുണ്ട്, റിസർവ്വ് ബാങ്കുമായി ബന്ധമുണ്ട് എന്നൊക്കെ പറഞ്ഞ് പ്രചരിപ്പിച്ചുകഴിഞ്ഞാൽ ഇതേ ആളുകൾ തന്നെ വീണ്ടും അവിടെ ഡെപ്പോസിറ്റ് ചെയ്യും. ഇങ്ങനെ വ്യാപക മായി നടക്കുന്ന തട്ടിപ്പുകൾ കേരളത്തിൽ മാത്രം നടക്കുന്ന ഒരു പ്രതിഭാസ മാണ്. മറ്റ് സംസ്ഥാനങ്ങളിൽ ഉണ്ടോ എന്നുള്ള കാര്യം സംശയമാണ്. ഇവിടെ ഇങ്ങനെ നടക്കുന്നു എന്നറിഞ്ഞുകൊണ്ട് അന്യസംസ്ഥാന തൊഴിലാ ളികൾ വരുന്നതുപോലെ അന്യസംസ്ഥാന തട്ടിപ്പുകാരൊക്കെ ഇങ്ങോട്ട് വരികയാണ്. ഇപ്പോൾ തമിഴ്നാട്ടിലെ കള്ളന്മാരൊക്കെ കേരളത്തിലേക്കാണ് വരുന്നത്. ഇതുപോലെയുള്ള ഡെപ്പോസിറ്റ് വീരന്മാർ കേരളത്തിലേയ്ക്ക് കടന്നുവന്ന് കേരളത്തിലെ മലയാളികളുടെ സമ്പത്തുമുഴുവൻ കൊള്ളയടിച്ച് കൊണ്ടുപോകുന്ന സ്ഥിതിവിശേഷം ഉണ്ടാകുന്നുണ്ട്.

മി. സ്പീക്കർ: എന്തുവന്നാലും ഈ മലയാളി കൂടെ നിന്നു കൊടുത്തിട്ടല്ലേ.

ശ്രീ. വി. എസ്. സുനിൽ കുമാർ: അങ്ങ് പറയുന്നത് ശരിയാണ്. എത്ര തവണ പത്രങ്ങളിൽ വന്നാലും, ഇപ്പോൾ ടോട്ടൽ ഫോർ യൂ എന്ന സ്ഥാപന ത്തെക്കുറിച്ച് പത്രത്തിൽ എത്ര തവണ വാർത്ത വന്നു. ഇവിടെ ശ്രീ. ചെന്താമരാക്ഷൻ സൂചിപ്പിച്ചതുപോലെ ആളുകളെല്ലാം ഒരു ലക്ഷം രൂപ

നിക്ഷേപിച്ചപ്പോൾ ഒരു മാസം കഴിഞ്ഞപ്പോൾ രണ്ട് ലക്ഷം രൂപ തിരിച്ചു കൊടുത്തു. ആ രണ്ട് ലക്ഷം രൂപ കിട്ടിയ ഉടനെ തന്നെ തിരിച്ചുകൊണ്ടു പോവുകയല്ല ചെയ്തത് രണ്ട് ലക്ഷം രൂപ വീണ്ടും നിക്ഷേപിച്ചു. കാരണം ഒരുമാസം കഴിയുമ്പോൾ 4 ലക്ഷം രൂപയായി തിരിച്ചുകിട്ടുമല്ലോ. അങ്ങനെ രണ്ട് തവണ തിരിച്ചുകൊടുക്കുന്നു. മൂന്നാമത്തെ തവണ ചെല്ലുമ്പോൾ പൈസയില്ല. അവർക്കൊപ്പം പരിചയമുള്ളവരെക്കൂടികൊണ്ട് ഡെപ്പോസിറ്റ് ചെയ്യിപ്പിക്കുന്നു. അങ്ങനെ രഹസ്യമായ ഒരു വർക്ക് ഇവർതന്നെ നടത്തുക യാണ്. ഡെപ്പോസിറ്റ് ചെയ്യുന്നവർതന്നെ ഇവരുടെ ഏജന്റുമാരായി മാറുകയാണ്. ആ രൂപത്തിലുള്ള ഒരു സിസ്റ്റമാണ് വർക്കൗട്ട് ചെയ്യുന്നത്. ഇങ്ങനെ ആസൂത്രിതമായ തട്ടിപ്പ് നടത്തുന്നതിന് നിന്നുകൊടുക്കുകയാണ് നമ്മുടെ ആളുകൾ. ഇത് നമ്മുടെ നാട്ടിൽ ധനകാര്യസ്ഥാപനങ്ങളെ നിയന്ത്രിക്കാനുള്ള നിയമത്തിന്റെ കുറവുകൊണ്ടല്ല. ഈ നിയമംകൊണ്ട് ഉദ്ദേശിക്കുന്ന ഒരു കാര്യം അതിന് പ്രത്യേക കോടതിയുണ്ടാകുമെന്നാണ്. അതിനർത്ഥമെന്താണ്. അങ്ങനെ ആളുകളിൽ നിന്ന് ഡെപ്പോസിറ്റ് സ്വീകരിക്കാമോ. ഡെപ്പോസിറ്റ് സ്വീകരിക്കുന്നതിന് പ്രത്യേക നിയമങ്ങളുണ്ടല്ലോ. നിയമവിരുദ്ധമായി നടക്കുന്ന ഡെപ്പോസിറ്റുകൾ സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ഒരുപാട് വിശ്വാസവഞ്ചനകളുൾപ്പെടെയുള്ള കാര്യങ്ങൾക്ക് കേസെടുക്കാനുള്ള നിയമങ്ങളൊക്കെ നമ്മുടെ നാട്ടിലുണ്ട്. ആ നിയമങ്ങളൊക്കെ ഉണ്ടായിട്ടും നടപ്പാക്കാത്തതിന്റെ കാരണം പലപ്പോഴും പോലീസിന്റെ അല്ലെങ്കിൽ ബന്ധപ്പെട്ടവരുടെ ശ്രദ്ധയില്ലായ്മ ഒരു പ്രധാനപ്പെട്ട ഘടകമാണ്. ഇവിടെ ടോട്ടൽ ഫോർ യൂവിന്റെ കാര്യം പറഞ്ഞു. ശബരിക്ക് ഒരു കുഴപ്പവുമില്ല. വൻകിട ഉദ്യോഗസ്ഥൻമാരുൾപ്പെടെയുള്ള ആളുകളുമായി വലിയ ബന്ധമാണ്. ഒരുപാട് പരിപാടികൾ സ്പോൺസർ ചെയ്തിരുന്നു. ടോട്ടൽ ഫോർ യൂ

എന്നുപറയുന്ന സ്ഥാപനത്തിന്റെ അരുമശിഷ്യൻമാരായിട്ടുള്ള ഒരുപാട് ആളുകളുണ്ടായിരുന്നു. കാരണം വലിയ വലിയ പരിപാടികൾ, കലോത്സവങ്ങൾ എല്ലാം അവർ സ്പോൺസർ ചെയ്യുകയാണ്. അതാത് പ്രദേശങ്ങളിലുള്ള എന്ത് പരിപാടിക്ക് ചെന്നാലും വാരിക്കോരി കൊടുത്തുകൊണ്ടിരിക്കുകയാണ്. അതുപോലെ പേൾസ് എന്നുപറയുന്ന ഒരു സ്ഥാപനം ഞാൻ മനസ്സിലാക്കുന്നത് നമ്മുടെ നാട്ടിൽ ആറന്മുള വള്ളംകളിക്കുൾപ്പെടെ കോടിക്കണക്കിന് രൂപയാണ് കൊടുത്തത്. കോടിക്കണക്കിന് രൂപകൊടുത്തുകൊണ്ട് സ്പോൺസർഷിപ്പ് വാങ്ങി അവർ പരിപാടിയൊക്കെ സംഘടിപ്പിക്കുമ്പോൾ മനസ്സിലാകും ഇത് തട്ടിപ്പാണെന്ന്. കാരണം അവന്റെ കൈയിൽ പൈസയില്ലല്ലോ. പത്തു നയാപൈസയുടെ മുടക്കമില്ലാതെ നാട്ടുകാരുടെ പണം കൊണ്ടുണ്ടാക്കിയിരിക്കുന്ന ഈ സ്ഥാപനങ്ങൾ ഇതുപോലെയുള്ള പരിപാടികൾക്ക് സ്പോൺസർഷിപ്പ് കൊടുത്തുകൊണ്ട് അവർ ആളുകളെ പ്രോത്സാഹിപ്പിക്കുകയാണ്. അങ്ങനെ എല്ലാ അർത്ഥത്തിലും ഇവരെയെല്ലാം പ്രോത്സാഹിപ്പിക്കുന്ന സാഹചര്യം നമ്മുടെ ജനസമൂഹത്തിനിടയിൽ വളർന്നുവരികയാണ്. അതുകൊണ്ട് ഇത്തരം സ്ഥാപനങ്ങളെ നിയന്ത്രിക്കാനാവശ്യമായ നിമയം ഉണ്ടായതുകൊണ്ട് മാത്രം പോര നിമയപാലകരായ ആളുകളുടെ ശ്രദ്ധയിൽപ്പെട്ടു കഴിഞ്ഞാൽ അത് നിയന്ത്രിക്കാനാവശ്യമായ സംവിധാനവുമുണ്ടാകണം. ഗൾഫിലേയ്ക്ക് കൊണ്ടുപോകാമെന്ന് പറഞ്ഞ് വിസതട്ടിപ്പ് നടത്തുന്ന ഒരുപാട് ആളുകളിവിടെയുണ്ട്. എത്ര വിസതട്ടിപ്പ് നടത്തിയാലും പിറ്റേദിവസം ആരോടും ചോദിക്കാതെ പൈസകൊണ്ടു കൊടുക്കും. പൈസ കിട്ടാതാകുമ്പോൾ എം.എൽ.എ.മാരുടേയും പഞ്ചായത്ത് പ്രസിഡന്റിന്റേയും, പാർട്ടി ലോക്കൽ സെക്രട്ടറിയുടേയുമൊക്കെ അടുത്ത് വരും. എന്നിട്ട് പറയും ഞങ്ങൾ പൈസ അവിടെ കൊടുത്തിരിക്കുകയാണ്. നിങ്ങൾ പൈസ

കൊടുത്തതിനു ഈടു വാങ്ങിയോ എന്നു ചോദിച്ചാൽ അവർ പറയും ഈടൊന്നും വാങ്ങിയില്ല അദ്ദേഹത്തിന്റെ വർത്തമാനം കേട്ടപ്പോൾ നല്ലയാളാ ണെന്ന് തോന്നി അതുകൊണ്ടാണ് പൈസ കൊടുത്തതെന്ന്. അങ്ങനെ പാവപ്പെട്ട നിക്ഷേപകരാണ് നമ്മുടെ നാട്ടിൽ ഭൂരിപക്ഷം ആളുകളും. ആ മനോഭാവത്തെ ചൂഷണം ചെയ്യുന്ന ഈ സ്ഥിതിവിശേഷം മാറിയാൽ മാത്രമേ ഈ ഒരു നിയമംകൊണ്ട് ഗുണമുണ്ടാകു എന്നു ഞാൻ വിശ്വസിക്കുകയാണ്. ഞാൻ ദീർഘമായി പ്രസംഗിക്കുന്നില്ല. ഞാൻ എന്റെ ഭേദഗതി മൂവ് ചെയ്യുകയാണ്.

ശ്രീ. കെ. മുരളീധരൻ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2012-ലെ കേരള ധനകാര്യ സ്ഥാപനങ്ങളിലെ നിക്ഷേപകരുടെ താൽപ്പര്യ സംരക്ഷണ ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2(ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പി ക്കുന്നു.

ഇവിടെ സൂചിപ്പിച്ചതുപോലെ തട്ടിപ്പ് സംഘങ്ങളുടെ എണ്ണം വർദ്ധിക്കു കയും ധനകാര്യ സ്ഥാപനങ്ങളെന്നു പറയുന്ന സ്വകാര്യ കമ്പനിക്കാർ ആളുക ളുടെ വികാരങ്ങളെ ചൂഷണം ചെയ്യുകയും അവരുടെ കൈയിലുള്ള സ്വത്തുകൾ പിടിച്ചെടുക്കുകയും ഒടുവിൽ അവരെ പറ്റിക്കുകയും ചെയ്യുന്ന ഒരേർപ്പാട് ഇന്ന് വ്യാപകമായിരിക്കുകയാണ്. ഇവിടെ നേരത്തെ പറഞ്ഞ കാര്യങ്ങൾ ഞാൻ ആവർത്തിക്കുന്നില്ല. ഭക്തിയെക്കുറിച്ചുപോലും മുതലെടു ക്കുന്നുണ്ട്. ശാന്തിമഠത്തിന്റെ വില്ലയിൽ താമസിച്ചാലെ ഗുരുവായൂരപ്പനെ തൊഴാൻ കഴിയൂ എന്നു പറഞ്ഞുകൊണ്ട് ......

മി. സ്പീക്കർ: ഇവിടെ കമ്പനിയുടെ പേര് പറയണ്ട.

ശ്രീ. കെ. മുരളീധരൻ: സർ, ആളുകളെ പറ്റിച്ചതിന് അയാൾ ജയിലിൽ പോയതാണ്. സിനിമാതാരങ്ങളെ ഉൾപ്പെടെവച്ചുകൊണ്ടാണ് ഈ പബ്ലിസിറ്റി നടത്തുന്നത്. ഇവിടെ ശ്രീ. സുനിൽ കുമാർ പറഞ്ഞ വിസതട്ടിപ്പിന്റെ കാര്യം വളരെ ശരിയാണ്. ഇതൊക്കെ ദിവസവും പത്രത്തിൽ വായിച്ചാലും വീണ്ടും രൂപകൊണ്ടുപോയി കൊടുക്കുകയാണ്. പതിനായിരം രൂപ ഒരാൾക്കു കൊടുത്തു, ഒരു ലക്ഷം രൂപ കൊടുത്തു. എങ്ങനെ ഒരു ലക്ഷം രൂപ കൊടുത്തു എന്നു ചോദിച്ചാൽ പറയും ഭാര്യയുടെ കെട്ടുതാലിവരെ പണയം വച്ചും ഉള്ള സ്വത്തുമുഴുവൻ വിറ്റുമാണ് ഒരു ലക്ഷം രൂപ കൊടുത്തത്, അവ സാനം ലക്ഷവുംകൊണ്ട് അയാൾ മുങ്ങി എന്നു പറയും. പിന്നെ എം.എൽ.എ. മാരുടെ ജോലിയാണ് ആ പണം തിരിച്ച് വാങ്ങിക്കൊടുക്കുകയെന്നുള്ളത്. ഇങ്ങനെ ആളുകളെ നിരന്തരമായി വഞ്ചിക്കുകയാണ്. ഈ യാഥാർത്ഥ്യങ്ങ ളൊക്കെ മനസ്സിലാക്കികൊണ്ടാണ് ഇങ്ങനെ ഒരു നിയമം കൊണ്ടുവരാൻ തന്നെ ഗവൺമെന്റ് ശ്രമിച്ചത്. ഏതായാലും ഇതൊരു തുടക്കമെന്നുള്ള നിലയിൽ വളരെ നല്ലൊരുകാര്യമായി ഞാൻ കാണുകയാണ്.

ഈ ബില്ലിന്റെ അഞ്ചാം വകുപ്പിൽ ധനകാര്യ സ്ഥാപനങ്ങൾ വീഴ്ച വരുത്തി യാൽ നൽകേണ്ട ശിക്ഷയെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. പത്ത് വർഷം വരെ തടവും ഒരു ലക്ഷം രൂപ പിഴയുമാണ് ഇതിൽ ശിക്ഷയായി പറഞ്ഞിട്ടുള്ളത്. ഇത് വളരെ നല്ലൊരു കാര്യമായി കാണുകയാണ്. തട്ടിപ്പുകൾ ഓരോ വർഷവും വർദ്ധിച്ചുവരികയാണ്. ഇതിലൊരു കാര്യം നമ്മൾ ശ്രദ്ധിക്കേണ്ടത്, കേരളത്തിൽ കൂണുപോലെ മുളച്ചുപൊന്തുന്ന ഫ്ളാറ്റുകളുണ്ട്. മാധ്യമങ്ങളി ലെല്ലാം വരുന്ന റിപ്പോർട്ട് പ്രകാരം പല ഫ്ളാറ്റുകളുടെയും മൂന്നിലൊന്ന് ഭാഗം ഒഴിഞ്ഞുകിടക്കുകയാണ്. ഇങ്ങനെ പല ഫ്ളാറ്റുകളും ഒഴിഞ്ഞുകിടക്കു മ്പോൾത്തന്നെ എന്ത് ആവശ്യത്തിനുവേണ്ടിയാണ് ഫ്ളാറ്റ് നിർമ്മിക്കുന്നതെ

ന്നത് എത്തുംപിടിയും കിട്ടാത്ത കാര്യമാണ്. ഏറ്റവും രസകരമായ ഒരു സംഭവമെന്ന് പറയുന്നത് ബാക്കി എല്ലാ കാര്യങ്ങൾക്കും, ഒരു വൈദ്യുതി പ്രോജക്ടോ മറ്റെന്തെങ്കിലും വികസനമോ വരുകയാണെങ്കിൽ അത് മുടക്കാൻവേണ്ടി പ്രത്യക്ഷപ്പെടുന്ന ബുദ്ധിജീവികളോ സാംസ്ക്കാരിക നായകന്മാരോ കൂണുപോലെ മുളച്ചുപൊന്തുന്ന ഫ്ളാറ്റുകളുടെ കാര്യത്തിൽ ഏതെങ്കിലും രീതിയിലുള്ള സമരം സംഘടിപ്പിക്കാനോ അതിനെതിരായി സ്റ്റേറ്റ്മെന്റ് കൊടുക്കാനോ തയ്യാറാകുന്നില്ല. ആർക്കുവേണ്ടിയാണ് ഈ ഫ്ളാറ്റുകൾ പണിയുന്നത്? ഓരോരുത്തരുടെ കയ്യിൽ നിന്നും കാശ് വാങ്ങാനായി ഫ്ളാറ്റിന്റെ പരസ്യം കൊടുക്കും. പരസ്യം കൊടുത്തതിനു ശേഷം ആളുകളുടെ കൈയിൽ നിന്നും ബുക്കിംഗ് സ്വീകരിക്കും. കെട്ടുമെന്ന് പറയുന്ന ഫ്ളാറ്റുകൾ മുഴുവനും വിറ്റുതീരുമ്പോൾ ഫ്ളാറ്റിന്റെ പണിയുടെ പകുതിക്കുവച്ച് മുങ്ങുന്ന തട്ടിപ്പ് വിദഗ്ധന്മാരും നമ്മുടെ സൊസൈറ്റിയിലുണ്ട്. അതുപോലെത്തന്നെ ചാനലുകൾ, ഒരുപാട് ചാനലുകൾ നമ്മുടെ സംസ്ഥാനത്തുണ്ട്. ആ ചാനലുകളിലെല്ലാം വൈകുന്നേരങ്ങളിൽ വരുന്ന സീരിയലുകളെല്ലാം സ്പോൺസർ ചെയ്യുന്നത് ഇതുപോലെയുള്ള തട്ടിപ്പ് സംഘങ്ങളാണ്. കൊച്ചു കുട്ടികളെ ദൈവത്തിന്റെ കഥ കാണിക്കാൻവേണ്ടി ടി.വി.-യുടെ മുന്നിൽ കൊണ്ടുപോയി ഇരുത്തിയാൽ ദൈവം ഒരു മിനിട്ട് പ്രത്യക്ഷപ്പെടുമ്പോൾ പരസ്യം പത്തുമിനിട്ട് പ്രത്യക്ഷപ്പെടും. ഒരു കുട്ടി ടി.വി.-യുടെ മുന്നിലിരിക്കുമ്പോൾ ആ കുട്ടിയുടെ മനസ്സിൽ വരുന്നത് ദൈവത്തിന്റെ ചിത്രമല്ല, ടി.വി.-യിൽ കാണിക്കുന്ന പരസ്യ ചിത്രങ്ങളാണ്. മാത്രമല്ല, ഇതുപോലെയുള്ള തട്ടിപ്പുസംഘങ്ങളെ പ്രോത്സാഹിപ്പിക്കാൻവേണ്ടി......., നമുക്കറിയാം, സിനിമാതാരങ്ങൾക്കും സീരിയൽ താരങ്ങൾക്കുമെല്ലാം പണം ലഭിക്കണമെങ്കിൽ സിനിമയിലും സീരിയലിലും അഭിനയിക്കണം. പക്ഷെ അങ്ങനെയുള്ള

സിനിമാ താരങ്ങൾ തട്ടിപ്പുസംഘങ്ങളുടെ പരസ്യത്തിലഭിനയിച്ചുകൊണ്ട് ഇത്തരത്തിലുള്ള തട്ടിപ്പ് സംഘങ്ങൾക്ക് നാല് കാശ് ഉണ്ടാക്കുന്നതിനുവേണ്ടി അവസരം ഉണ്ടാക്കിക്കൊടുക്കുന്നത് വളരെ ദൗർഭാഗ്യകരമാണ്. ഇതുകൂടി ഈ ബില്ലിന്റെ പരിധിയിൽ കൊണ്ടുവരണം, മറ്റൊന്നും കൊണ്ടല്ല, ഇങ്ങനെ യുള്ള സ്ഥാപനങ്ങൾ വന്ന് വിളിക്കുമ്പോൾ........., വളരെയധികം റെപ്യൂട്ടേഷ നുള്ള സിനിമാ താരങ്ങൾ ഒരു സ്ഥാപനത്തിന്റെ പരസ്യ ചിത്രത്തിൽ അഭിന യിക്കുമ്പോൾ സ്വാഭാവികമായിട്ടും ജനങ്ങൾക്ക് ഈ കമ്പനി നല്ലതായിരിക്കു മെന്ന് തോന്നുകയും അങ്ങനെ ഇത്തരം കമ്പനികളുടെ തട്ടിപ്പിൽപ്പെടുകയുമാ ണ്. ശാന്തിമഠത്തിന്റെ ഒരു ഉദാഹരണം ഞാൻ പറയാൻ കാരണം അതാണ്. ഇങ്ങനെ ഭക്തിയെയും മനുഷ്യന്റെ വികാരങ്ങളെയും ചൂഷണം ചെയ്യുന്നു, പിന്നെ ഈ പറഞ്ഞതുപോലെ ഒന്നുവച്ചാൽ രണ്ട്, രണ്ട് വച്ചാൽ നാല് എന്ന രീതിയിലുള്ള പരസ്യങ്ങൾ കൊടുക്കുന്നു അങ്ങനെ ആളുകളെ വഞ്ചിക്കുന്നു. വഞ്ചിതരാക്കപ്പെടുന്ന ആളുകളുടെ സംഖ്യ വർദ്ധിക്കുകയും പറ്റിപ്പുകാർ മുങ്ങുകയും ചെയ്യുകയാണ്. ഏറ്റവും രസകരമായ ഒരു കാര്യം, നേരത്തേ ഇവിടെ ടോട്ടൽ ഫോർ യു തട്ടിപ്പുകേസിലെ ശബരീനാഥിനെ സംബന്ധിച്ച് സൂചിപ്പിച്ചു. അദ്ദേഹം ജാമ്യമെടുത്ത് മുങ്ങി. പക്ഷെ, അദ്ദേഹത്തിന് പല പോലീസ് ഉദ്യോഗസ്ഥരുമായും ബന്ധമുണ്ട്. അതിപ്പോൾ ഇന്നോ ഇന്നലെയോ തുടങ്ങിയതല്ല, കുറേ കാലങ്ങളായി. നഗരത്തിലും മറ്റുമുള്ള ഗുണ്ടാ സംഘങ്ങളുമായും തട്ടിപ്പുവീരന്മാരുമായും പല ഉന്നത ഉദ്യോഗസ്ഥ ന്മാരുമായുമെല്ലാം ബന്ധമുള്ളതുകൊണ്ടാണ് ഇവരെല്ലാം പലപ്പോഴും പ്രത്യക്ഷപ്പെടുമ്പോഴും പോലീസ് അറസ്റ്റ് ചെയ്യാത്തത്. അപ്പോൾ ഇങ്ങനെയെ ല്ലാമുള്ള എല്ലാ കാര്യങ്ങളും............

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, സിനിമാ താരങ്ങളെ ഉപയോഗിച്ച് പരസ്യ ചിത്രങ്ങൾ നിർമ്മിച്ചാണ് ഇത്തരക്കാർ വിശ്വാസ്യതയുണ്ടാക്കുന്നത്. അതോടൊപ്പംതന്നെ നമ്മുടെ മാധ്യമങ്ങളുടെ വിശ്വാസ്യതയും ഇത്തരക്കാർ ഉപയോഗിക്കുന്നുണ്ട്. മാധ്യമത്തിൽ ഒരു പരസ്യം വരുമ്പോൾ പരസ്യമാണെന്ന് അറിയാമെങ്കിൽപ്പോലും ആ മാധ്യമത്തെക്കൂടി വിശ്വസിച്ചുകൊണ്ടാണ് ചതിയിൽപ്പെടുന്നത്. പക്ഷെ, നമ്മളെക്കാളെല്ലാം ഇത്തരം കാര്യങ്ങൾ അറിയാവുന്നത് മാധ്യമങ്ങൾക്കാണ്. മാധ്യമങ്ങൾ ഒരു അന്വേഷണം നടത്തി ഇത് തട്ടിപ്പാണെങ്കിൽ ഈ പരസ്യത്തിൽ നിന്നും ലഭിക്കുന്ന വരുമാനം വേണ്ട എന്ന ധാർമ്മികമായ ഒരു നിലപാട് സ്വീകരിച്ചുകൊണ്ട് പരസ്യം കൊടുക്കാതിരിക്കുന്ന ഒരു സമീപനം മാധ്യമങ്ങൾക്ക് സ്വീകരിച്ചുകൂടേ?

ശ്രീ. കെ. മുരളീധരൻ: തീർച്ചയായും, മാധ്യമങ്ങളുടെ ലക്ഷ്യം ഇതുപോലെയുള്ള കുറ്റങ്ങൾ കണ്ടുപിടിക്കലാണല്ലോ. നമ്മുടെയെല്ലാം കുറ്റങ്ങൾ കണ്ടുപിടിക്കാൻ അവർ കാണിക്കുന്ന താൽപ്പര്യം നല്ലതാണ്. കാരണം നമ്മുടെ കുറ്റങ്ങളും ദോഷങ്ങളും നമുക്ക് മനസ്സിലാക്കാൻ കഴിയും. ഒരു പാർട്ടി പരസ്യവുമായി വരുമ്പോൾ അവരുടെ ബാക്ക്ഗ്രൗണ്ട് അറിയാതെ പരസ്യം കൊടുക്കുമ്പോൾ സ്വാഭാവികമായും ഒരു പത്രത്തിൽ............, ഇപ്പോൾ ഒരു ലീഡിംഗ് ന്യൂസ് പേപ്പറിൽ ഒരു പരസ്യം കാണുന്നു; ജനം വിശ്വസിക്കും. കാരണം ജനത്തിനെ സംബന്ധിച്ചിടത്തോളം ഇത് വളരെ പ്രചാരമുള്ള പത്രമാണ്, പത്ത് നൂറ് വർഷത്തെ പാരമ്പര്യമുണ്ട്, അതുകൊണ്ട് ആ പത്രം പറയുന്നത് ശരിയായിരിക്കുമെന്ന് കരുതും. അങ്ങനെയെല്ലാമാണ് ഈ ആട്-മാടിന്റെയെല്ലാം പ്രശ്നം വന്നത്. അങ്ങനെയുള്ള ഒരുപാട് സംഭവങ്ങൾ നമ്മുടെ സമൂഹത്തിലുണ്ട്. ഇതെല്ലാം നിയന്ത്രിക്കുന്നതിനുള്ള ആദ്യഘട്ടം എന്നുള്ള നിലയിലാണ് ഈ ബില്ലിനെ ഞാൻ കാണുന്നത്. തീർച്ചയാ

യിട്ടും ഇത് അവതരിപ്പിച്ച ധനകാര്യ വകുപ്പുമന്ത്രിയെ അനുമോദിക്കുന്നതി നോടൊപ്പംതന്നെ ഇതിന്റെ റേഞ്ച് ഒന്നുകൂടി വ്യാപിപ്പിക്കാൻ, ഈ പറഞ്ഞതു പോലെ ആളുകളെ പറ്റിക്കുന്ന കമ്പനികളുടെ പരസ്യങ്ങളിൽ അഭിനയിക്കുന്ന വരെക്കൂടി, നിങ്ങൾ എന്തുകണ്ടിട്ടാണ് ഈ സ്ഥാപനത്തിന്റെ പരസ്യത്തിൽ അഭിനയിക്കാൻ പോയത് എന്നുള്ളത് അന്വേഷിക്കുകയും അങ്ങനെയുള്ളവ രെക്കൂടി ഈ ബില്ലിന്റെ പരിധിയിൽപ്പെടുത്തുകയും വേണം. നമ്മൾ എന്ത് നിയമം കൊണ്ടുവന്നാലും അതെല്ലാം വയലേറ്റ് ചെയ്യാൻ തക്കവണ്ണമുള്ള ബുദ്ധിമാന്മാരാണ് ഈ തട്ടിപ്പുമായി ഇറങ്ങുന്നത്. കാരണം മറ്റുള്ളവരെക്കാൾ ബുദ്ധി കൂടിയതുകൊണ്ടാണല്ലോ തട്ടിപ്പുകാർ ശാസ്ത്രീയമായി ആളുകളെ പറ്റിക്കുന്നത്. അങ്ങനെയുള്ളവരെക്കൂടി കർശനമായി ഈ നിയമത്തിന്റെ പരി ധിയിൽക്കൊണ്ടുവരാൻ ഇതിന്റെ റേഞ്ച് ഒന്നുകൂടി വ്യാപിപ്പിക്കണമെന്ന് മാത്രം സൂചിപ്പിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗം, ആവിഷ്ക്കാര സ്വാതന്ത്ര്യമാണ്, അവർ തെരുവിലിറങ്ങും.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഈ ഡിസെന്റിംഗ് നോട്ടിൽ പ്രധാനമായി പറയുന്നത് സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾ, രജിസ്റ്റർ ചെയ്യാതെ പ്രവർത്തിക്കുന്ന ധനകാര്യ സ്ഥാപനങ്ങൾ, മണിചെയിൻ കമ്പനികൾ, മുൻകൂർ നിക്ഷേപങ്ങൾ സ്വീകരിച്ച് ആളുകളെ വഞ്ചിക്കുന്ന ഫ്ളാറ്റ് നിർമ്മാതാക്കൾ, അമിത പലിശ വാഗ്ദാനം ചെയ്യുന്ന സ്ഥാപനങ്ങൾ ഇങ്ങനെ കുറേ ഐറ്റംസുകൂടി, കുറേ ഏരിയായുംകൂടി ഇതിന്റെ ുൗൃശലം-ലേക്ക് കൊണ്ടുവരണമെന്നതാണ് ഈ വിയോജനക്കുറിപ്പിന്റെ പ്രധാനപ്പെട്ട കാര്യം. ഈ ബില്ലിന്റെ 2(c)-ൽ വ്യക്ത

മായി പറയുന്നുണ്ട്, അതിൽ മൂന്ന് കാര്യങ്ങൾ ഒഴിവാക്കിയിട്ടുണ്ട്. മൂന്ന് കാര്യങ്ങൾ ഒഴിവാക്കിയിരിക്കുന്നത്, ........ but does not include a corporation or a co-operative society under the ownership, control of any State Government, or of the Central Government, or a banking company as defined in clause (c) of Section 5 of the Banking Regulation Act. ഇത് ഒഴികെയുള്ള മുഴുവൻ ധനകാര്യ സ്ഥാപനങ്ങളെയും, ഈ മൂന്ന് ഏരിയ ഒഴിച്ചുള്ള മുഴുവൻ ധനകാര്യ സ്ഥാപനങ്ങളെയും പിടിക്കത്തക്കവിധത്തിലാണ് ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത്. അതുകൊണ്ട് അതിൽ ഒരു മിഃശലധ്യേ-യും വേണ്ട. വളരെ വിപുലമായ കവറേജും വ്യാപ്തിയും ജൂറിസ്ഡിക്ഷനും ഈ ബില്ലിനെ സംബന്ധിച്ചിടത്തോളമുണ്ട്. ബഹുമാനപ്പെട്ട വി. ചെന്താമരാക്ഷൻ സംസാരിച്ചപ്പോൾ അമിതപലിശ ഈടാക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കാൻ ഈ ബില്ലിൽ വ്യവസ്ഥ വേണമെന്ന് പറഞ്ഞു. അതിനുവേണ്ടി അമിത പലിശ നിരോധന നിയമം ഈ സഭ പാസ്സാക്കിക്കഴിഞ്ഞു. അതുകൊണ്ട് വളരെ വ്യത്യാസമാണ് വരാൻ പോകുന്നത്. അക്കാര്യത്തിൽ ഇതിനുമുമ്പുതന്നെ നമ്മൾ നിയമനിർമ്മാണം നടത്തിക്കഴിഞ്ഞു. ബഹുമാനപ്പെട്ട മുല്ലക്കര രത്നാകരൻ പറഞ്ഞത് പണമിടപാട് സ്ഥാനങ്ങളെ രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ച് ഈ ബില്ലിൽ വ്യവസ്ഥയില്ല എന്നാണ്. ഇത് രജിസ്ട്രേഷനുള്ള ബില്ലല്ല. ഈ ബിൽ പണമിടപാട് സ്ഥാപനങ്ങളെ റെഗുലേറ്റ് ചെയ്യുന്നതിനുവേണ്ടിയുള്ളതാണ്. വിവിധ നിയമങ്ങളുണ്ട്, കള്ളപ്പണം നിയന്ത്രിക്കണം, എങ്ങനെയാണ് രൂപ കൊണ്ടുവന്നത്, അതിന്റെ സോഴ്സ് എന്താണെന്നെല്ലാം ചോദിച്ചാൽ ആ സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം അതിന് ബുദ്ധിമുട്ട് കാണും. അതിന് നമുക്ക് വേറെ

സംവിധാനങ്ങളുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ സംവിധാനങ്ങളുണ്ട്, ഇൻകം ടാക്സുകാരുടെ സംവിധാനമുണ്ട്, അവരുടെ റെയ്ഡുകളുണ്ട്. അങ്ങനെ യൊക്കെയല്ലാതെ ഓരോ സ്ഥാപനത്തെ സംബന്ധിച്ചും, ഈ പണത്തിന്റെ സോഴ്സ് കണ്ടുപിടിക്കാൻ കഴിഞ്ഞുവെന്ന് വരില്ല. അതിനുള്ള ബാധ്യതയും അവർക്ക് കൽപ്പിച്ചുകൊടുത്തിട്ടില്ല. ഇതിനെ സംബന്ധിച്ച് വിവിധ നിയമങ്ങളു ണ്ട്. ധനകാര്യ സ്ഥാപനങ്ങൾ നിക്ഷേപകരെ വഞ്ചിച്ചാൽ അവരുടെ നിക്ഷേ പത്തുക തിരികെ വാങ്ങിക്കൊടുക്കുവാൻ നിലവിൽ ഒരു നിയമവുമില്ല. അതാ ണ് ഈ നിയമത്തിന്റെ സവിശേഷത. അതായത് നിക്ഷേപകരെ വഞ്ചിച്ചുകഴി ഞ്ഞാൽ ആ തുക എങ്ങനെയെങ്കിലും അവരിൽ നിന്നും വാങ്ങിയെടുക്കും, അവരെ ജയിലിലടച്ചായാലും അവരുടെ വസ്തു വിറ്റിട്ടായാലും, വസ്തുക്കൾ വേറെ കൈമാറിയിട്ടുണ്ടെങ്കിൽ അത് പിടിച്ചെടുത്ത് മൗരശേീ ചെയ്ത് പണം തിരികെ നൽകും. അത്രയും മനോഹരമായ ഒരു ബില്ലാണിത്. അതുകൊണ്ട് ഒരു ആശങ്കയും ആവശ്യമില്ല.

ശ്രീ. രാജു എബ്രഹാം: സർ, ഈ അടുത്ത ദിവസം പുറത്തുവന്ന ഒരു വാർത്ത യൂലിപ് എന്നുപറയുന്ന നിക്ഷേപത്തിൽ അഞ്ചുവർഷത്തേക്കു വേണ്ടി ഒരു ലക്ഷം രൂപ നിക്ഷേപിച്ചവർക്ക് അഞ്ചുവർഷം കഴിഞ്ഞപ്പോൾ അതിന്റെ ഫേസ് വാല്യൂ 20,000 രൂപയായി കുറഞ്ഞു. ഐ.സി.ഐ.സി.ഐ. പ്രുഡൻഷ്യലിൽ ഒരു ലക്ഷം രൂപ നിക്ഷേപിക്കുന്ന ആളുകൾക്ക് അഞ്ചും ആറും വർഷം കഴിയുമ്പോൾ അത് 60,000–70,000 രൂപയായി കുറയുകയാണ്. ഇത് അംഗീകാരമുള്ള കമ്പനികളാണ്. മലയാളികളുടെ 20,000 കോടിയിലേറെ രൂപ ഈ നിക്ഷേപക കമ്പനികൾ ഇപ്പോൾ തട്ടിച്ചിരിക്കുകയാണ്. വളരെ ഗുര തരമായിട്ടുള്ള ഈ പ്രശ്നം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ

അത് സംബന്ധിച്ച് സംസ്ഥാനത്തിനുമാത്രമായി പ്രത്യേകിച്ച് നിയമ നിർമ്മാണം നടത്താൻ കഴിയുമോ എന്നുകൂടി ആലോചിക്കുമോ?

ശ്രീ. ജോസഫ് വാഴക്കൻ: സർ, ഈ വിഷയവുമായി ബന്ധപ്പെട്ട് ഞാൻ നേരത്തേ ഒരു ശ്രദ്ധക്ഷണിക്കൽ പ്രമേയം ഇവിടെ കൊണ്ടുവന്നതാണ്. അങ്ങ് അന്ന് പറഞ്ഞത് കേന്ദ്ര ഗവൺമെന്റിന്റെ കാര്യമാണ്, റിസർവ്വ് ബാങ്കിന്റെ കാര്യമാണ്, ഈ പറയുന്നതുപോലെയുള്ള സ്ഥാപനങ്ങൾ നമ്മുടെ നിയന്ത്രണത്തിലുള്ളതല്ല എന്നുപറഞ്ഞു. പക്ഷെ കേരളത്തിലെ ആയിരക്കണെക്കിനാളുകളെ ഇവരിപ്പോൾ കബളിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ശ്രീ. രാജു എബ്രഹാം പറഞ്ഞതുപോലെ ഒരു ലക്ഷം രൂപ നിക്ഷേപിച്ചാൽ 70,000 രൂപയൊന്നും കിട്ടുന്നില്ല, 40,000–30,000 എന്നിങ്ങനെ താഴോട്ട് പോകുകയാണ്. ഇതെല്ലാം ഷെയറിലും ഇക്വിറ്റി ഫണ്ടിലുമിട്ടതാണ് എന്നാണ് ഇവർ പറയുന്നത്. പക്ഷെ, ഈ ഇടപാടുകൾ ഒട്ടും സുതാര്യമല്ല. കൂടാതെ, ഈ ഫ്ളാറ്റുകളും നിക്ഷേപമാണല്ലോ, ഫ്ളാറ്റുകൾ പണിതുകൊടുക്കാമെന്നുപറഞ്ഞ് ആളുകളുടെ കൈയിൽ നിന്ന് പണം വാങ്ങി പണിതുകൊടുക്കാതിരിക്കുന്ന ആളുകൾക്കും ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ പ്രൊട്ടക്ഷൻ ലഭിക്കുമോ എന്നുള്ളതുകൂടി വ്യക്തമാക്കാമോ?

ശ്രീ. കെ. എം. മാണി: സർ, ഈ ഫ്ളാറ്റുകൾക്കുവേണ്ടി വേറൊരു സംവിധാനം കൊണ്ടുവരാൻ നമ്മൾ ആചോചിച്ചിരുന്നല്ലോ. ഫ്ളാറ്റ് നിർമ്മാതാക്കളെ സംബന്ധിച്ചിടത്തോളം ഫ്ളാറ്റ് നിർമ്മിക്കാൻവേണ്ടി അവർ അഡ്വർട്ടൈസ് ചെയ്യുമ്പോൾ അതിന്റെ പ്രോജക്ട്, സാധ്യത, ഫീസിബിലിറ്റി എല്ലാം ട്രാൻസ്പാരന്റായിരിക്കണം, അതിന് മറ്റ് സംവിധാനങ്ങളും റെസ്ട്രിക്ഷനുകളും കൊണ്ടുവരുന്നുണ്ട്. ശ്രീ. രാജു എബ്രഹാം പറഞ്ഞത് വളരെ വിശാലമായ കാര്യമാണ്. സയന്റിഫിക്കായി എക്സാമിൻ ചെയ്യാതെ

അതിനെപ്പറ്റി പറയാൻ കഴിയുകയില്ല. അതിൽ മിക്കതും കേന്ദ്ര ഗവൺമെന്റിനെ ആശ്രയിച്ചിരിക്കുന്ന കാര്യങ്ങളാണ്. സ്റ്റേറ്റിന്റെ കൺട്രോളിൽ നിന്നുവെന്ന് വരില്ല, സ്റ്റേറ്റിന്റെ കൺട്രോളിനപ്പുറത്താണത്.

മി. സ്പീക്കർ: ശ്രീ. വി. എസ് സുനിൽ കുമാർ അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. വി. എസ് സുനിൽ കുമാർ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. മുരളീധരൻ, അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. മുരളീധരൻ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2012-ലെ കേരള ധനകാര്യ സ്ഥാപനങ്ങളിലെ നിക്ഷേപകരുടെ താൽപ്പര്യ സംരക്ഷണ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....................

പ്രതികൂലിക്കുന്നവർ.......................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പരിഗണനയ്ക്കെടുക്കുന്നു.

## വകുപ്പ് തിരിച്ചുള്ള പരിഗണന

### 2-ാം വകുപ്പ്

ശ്രീ. റ്റി. എ. അഹമ്മദ് കബീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

109. ഖണ്ഡം 2(എ)–യിൽ ''ക്ഷമതയുള്ള അധികാരസ്ഥാനം" എന്നീ വാക്കുകൾക്കുപകരം ''നിർവ്വഹണ അധികാരി'' എന്നും ''നിയമിക്കപ്പെട്ട അധികാരസ്ഥാനം'' എന്നതിനുപകരം ''അധികാരി'' എന്നും ചേർക്കുക.

ശ്രീ. ബി. സത്യൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

110. ഖണ്ഡം 2(എ)–യിൽ ''ക്ഷമതയുള്ള അധികാരസ്ഥാനം'' എന്നതിനു പകരം ''ഉത്തരവാദപ്പെട്ട അധികാരി'' എന്നും ''നിയമിക്കപ്പെട്ട അധികാരസ്ഥാനം'' എന്നതിനുപകരം ''അധികാരി'' എന്നും ചേർക്കുക.

. 113. ഖണ്ഡം 2 (എഫ്)ൽ ''സ്ഥാപിച്ച'' എന്ന വാക്കിന് പകരം ''സ്ഥാപിക്കുന്ന'' എന്ന വാക്ക് ചേർക്കുക.

ശ്രീ. റ്റി.എൻ. പ്രതാപൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ഖണ്ഡം 2 (എ) യ്ക്ക് ശേഷം താഴെപ്പറയുന്നവ ചേർക്കുകയും തുടർന്നുള്ളവ പുനഃക്രമീകരിക്കുകയും ചെയ്യുക.

(ബി) "ഗസറ്റ്" എന്നാൽ "സർക്കാർ വിജ്ഞാപനം ചെയ്യുന്ന ഗസറ്റ് എന്നർത്ഥമാകുന്നു";

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ഖണ്ഡം 2 (ബി) യിൽ "സേവനത്തിനുവേണ്ടി" എന്ന വാക്കിന്

ശേഷം "അതുമല്ലെങ്കിൽ ഭാവി സുരക്ഷ ഉദ്ദേശിച്ച്" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ഖണ്ഡം 2 (ബി) യിൽ "പണത്തിന്റെ" എന്ന വാക്കിനുശേഷം "അല്ലെങ്കിൽ സ്വർണ്ണം പോലുള്ള, വിലപിടിപ്പുള്ള വസ്തുക്കളുടെ" എന്നുകൂടിച്ചേർക്കുക.

ശ്രീ. എം. ഹംസ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

115 ഖണ്ഡം 2 (ബി) യുടെ അവസാനം താഴെപ്പറയുന്നത് ചേർക്കുക " പലിശ എന്നാൽ റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന പലിശ എന്നാകുന്നു"

117. ഖണ്ഡം 2 (സി) യിൽ "പരസ്പര ധാരണയുടെയോ കീഴിൽ അല്ലെങ്കിൽ" എന്നീ വാക്കുകൾക്ക് ശേഷം "നിയമവിധേയമല്ലാത്ത" എന്ന വാക്ക് ചേർക്കുക

പലിശയെ സംബന്ധിച്ച് പറയുമ്പോൾ റിസർവ് ബാങ്ക് നിശ്ചയിച്ച പലിശയെന്ന് പറഞ്ഞില്ലെങ്കിൽ അമിത പലിശയ്ക്കുള്ള അംഗീകാരം കിട്ടും.

നിയമവിധേയമല്ലാത്ത ഡെപ്പോസിറ്റുകൾക്ക് അംഗീകാരം കിട്ടുന്ന ക്ലോസാണ് ഇതിലുള്ളത്. പരസ്പര ധാരണയുടെ അടിസ്ഥാനത്തിൽ ഡിപ്പോസിറ്റ് വാങ്ങാമെന്ന് ആക്ട് വഴി അംഗീകാരം കൊടുക്കുകയാണ്. പരസ്പര

ധാരണയുടെ അടിസ്ഥാനത്തിലല്ലാതെ നിയമവിധേയമല്ലാത്ത നിക്ഷേപങ്ങൾക്ക് അംഗീകാരം കൊടുക്കരുത്.

ശ്രീ. ജോസഫ് വാഴക്കൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

116. ഖണ്ഡം 2 (സി) യിൽ "പദ്ധതിയുടെയോ" "പരസ്പര ധാരണയുടെയോ" എന്നീ വാക്കുകൾക്കിടയിൽ "വിശേഷിച്ച് കെട്ടിടങ്ങൾ, ഫ്ളാറ്റുകൾ, വില്ലകൾ എന്നിവ നിർമ്മിച്ച് നൽകൽ എന്നീ ഉദ്ദേശ്യ ലക്ഷ്യങ്ങളോടെയുള്ള പദ്ധതിയുടെയോ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

119. ഖണ്ഡം 2 (സി) യിൽ "രജിസ്റ്റർ ചെയ്യപ്പെട്ട ഒരു കമ്പനി" എന്നീ വാക്കുകൾക്ക് ശേഷം താഴെപ്പറയുന്നവ ചേർക്കുക

"സ്വകാര്യ ചിട്ടിക്കമ്പനികൾ, സ്വകാര്യപണമിടപാടു സ്ഥാപനങ്ങൾ, രജിസ്റ്റർ ചെയ്യാതെ പ്രവർത്തിക്കുന്ന സ്വകാര്യപലിശ സ്ഥാപനങ്ങൾ, മുൻകൂർ പണം പറ്റുന്ന മുഴുവൻ ധനകാര്യ സേവനദാതാക്കളും, വട്ടിപ്പലിശക്കാർ"

121. ഖണ്ഡം 2(സി) യുടെ അവസാനത്തിൽ താഴെ പറയുന്നവ കൂട്ടിച്ചേർക്കുക. "ധനകാര്യ സ്ഥാപനം കൈകാര്യം ചെയ്യാൻ ഉദ്ദേശിക്കുന്ന തുകയ്ക്ക് തുല്യമായ സംഖ്യ സർക്കാരിൽ കെട്ടിവെക്കുകയോ/തുല്യ തുകയ്ക്കുളള വസ്തു ജാമ്യമോ/ബോണ്ടുകളോ സർക്കാരിൽ സമർപ്പിക്കേണ്ടതു

മായ നിക്ഷേപകർ കബളിപ്പിക്കപ്പെടുമ്പോൾ പ്രസ്തുത ജാമ്യ വസ്തുവിൽ നിന്ന് നിക്ഷേപകർക്ക് കിട്ടേണ്ട തുക അനുവദിക്കേണ്ടതുമാണ്. ''

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഭേദഗതികളൊന്നും സ്വീകാര്യമല്ല.

ശ്രീ. എം. ഹംസ: സർ, ഞാൻ എന്റെ 115–ാം നമ്പർ ഭേദഗതിക്ക് പോൾ ആവശ്യപ്പെടുന്നു.

അനുകൂലിക്കുന്നവർ: 38

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീമതി പി. അയിഷാ പോറ്റി
3. ശ്രീ. എ. എം. ആരിഫ്
4. ശ്രീ. എ. എ. അസീസ്
5. ശ്രീ. എം. എ. ബേബി
6. ശ്രീ. ഇ. ചന്ദ്രശേഖരൻ
7. ശ്രീ. വി. ചെന്താമരാക്ഷൻ
8. ശ്രീ. കെ. ദാസൻ
9. ശ്രീ. ബി. ഡി. ദേവസ്സി
10. ശ്രീ. സി. ദിവാകരൻ
11. ശ്രീ. ചിറ്റയം ഗോപകുമാർ
12. ശ്രീ. എം. ഹംസ
13. ശ്രീമതി ജമീലാ പ്രകാശം
14. ശ്രീ. ജെയിംസ് മാത്യു
15. ശ്രീ. ഇ. പി. ജയരാജൻ
16. ശ്രീ. ജോസ് തെറ്റയിൽ
17. ശ്രീ. എളമരം കരീം
18. ശ്രീ. സി. കൃഷ്ണൻ
19. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
20. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
21. ശ്രീ. കോവൂർ കുഞ്ഞുമോൻ
22. ശ്രീ. മാത്യു റ്റി. തോമസ്
23. ശ്രീ. കെ. കെ. നാരായണൻ
24. ശ്രീ. എ. പ്രദീപ്കുമാർ
25. ശ്രീ. പുരുഷൻ കടലുണ്ടി
26. ശ്രീ. എസ്. രാജേന്ദ്രൻ
27. ശ്രീ. ആർ. രാജേഷ്

28. ശ്രീ. രാജു എബ്രഹാം
29. ശ്രീ. മുല്ലക്കര രത്നാകരൻ
30. പ്രൊഫ. സി. രവീന്ദ്രനാഥ്
31. ശ്രീ. എസ്. ശർമ്മ
32. ശ്രീ. വി. ശശി
33. ശ്രീ. ബി. സത്യൻ
34. ശ്രീ. പി. ശ്രീരാമകൃഷ്ണൻ
35. ശ്രീ. വി. എസ്. സുനിൽകുമാർ
36. ശ്രീ. കെ. സുരേഷ് കുറുപ്പ്
37. ശ്രീ. പി. തിലോത്തമൻ
38. ശ്രീ. കെ. വി. വിജയദാസ്

## പ്രതികൂലിക്കുന്നവർ: 46

1. ശ്രീ. പി. ബി. അബ്ദുൾ റസാക്
2. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
3. ശ്രീ. ടി. എ. അഹ്മദ് കബീർ
4. ശ്രീ. സി. എൻ. ബാലകൃഷ്ണൻ
5. ശ്രീ. വി. ടി. ബൽറാം
6. ശ്രീ. പി. കെ. ബഷീർ
7. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
8. ശ്രീ. കെ. ബി. ഗണേഷ് കുമാർ
9. ശ്രീ. കെ. സി. ജോസഫ്
10. ശ്രീ. ജോസഫ് വാഴക്കൻ
11. ശ്രീ. വർക്കല കഹാർ
12. ശ്രീ. കെ. എൻ. എ. ഖാദർ
13. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
14. ശ്രീ. റ്റി. യു. കുരുവിള
15. ശ്രീ. പി. എ. മാധവൻ
16. ശ്രീ. സി. മമ്മൂട്ടി
17. ശ്രീ. കെ. എം. മാണി
18. ശ്രീ. കെ. പി. മോഹനൻ
19. ശ്രീ. സി. മോയിൻകുട്ടി
20. ശ്രീ. മോൻസ് ജോസഫ്
21. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
22. ശ്രീ. കെ. മുരളീധരൻ
23. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
24. ശ്രീ. ഉമ്മൻ ചാണ്ടി

25. ശ്രീ. അടൂർ പ്രകാശ്
26. ശ്രീ. റ്റി. എൻ. പ്രതാപൻ
27. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
28. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
29. ശ്രീ. രമേശ് ചെന്നിത്തല
30. ശ്രീ. റോഷി അഗസ്റ്റിൻ
31. ശ്രീ. വി. പി. സജീന്ദ്രൻ
32. ശ്രീ. ഷാഫി പറമ്പിൽ
33. ശ്രീ. കെ. എം. ഷാജി
34. ശ്രീ. എൻ. ഷംസുദീൻ
35. ശ്രീ. ആർ. സെൽവരാജ്
36. ശ്രീ. ഷിബു ബേബി ജോൺ
37. ശ്രീ. കെ. ശിവദാസൻ നായർ
38. ശ്രീ. വി. എസ്. ശിവകുമാർ
39. ശ്രീ. സണ്ണി ജോസഫ്
40. ശ്രീ. സി. എഫ്. തോമസ്
41. ശ്രീ. തോമസ് ഉണ്ണിയാടൻ
42. ശ്രീ. എം. ഉമ്മർ
43. ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
44. ശ്രീ. എം. എ. വാഹീദ്
45. ശ്രീ. എം. പി. വിൻസെന്റ്
46. ശ്രീ. പി. സി. വിഷ്ണുനാഥ്

അനുകൂലിക്കുന്നവർ–38
പ്രതികൂലിക്കുന്നവർ–46
മി. സ്പീക്കർ : ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ബി. സത്യൻ അവതരിപ്പിച്ച 110, 123 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എം. ഹംസ അവതരിപ്പിച്ച 115, 117 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ അവതരിപ്പിച്ച 119, 121 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. റ്റി. എ. അഹമ്മദ് കബീർ അവതരിപ്പിച്ച 109–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. റ്റി. എൻ. പ്രതാപൻ അവതരിപ്പിച്ച 111-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 112-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി അവതരിപ്പിച്ച 113-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. ജോസഫ് വാഴക്കൻ അവതരിപ്പിച്ച 116-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ........

2-ാംവകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>3-ാം വകുപ്പ്</u>

<u>ശ്രീ. കെ. എൻ. എ. ഖാദർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

124. ഖണ്ഡം 3 (എ) യിൽ "വീഴ്ച വരുത്തുകയോ" എന്ന വാക്കുകൾ കാണപ്പെടുന്നിടത്തൊക്കെ ആയതിനു ശേഷം "വാഗ്ദാന ലംഘനം നടത്തുകയോ" എന്നീ വാക്കുകൾ ചേർക്കുക.

<u>ശ്രീ. ജോസഫ് വാഴക്കൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

125. ഖണ്ഡം 3 (എ) യിൽ "വസ്തുക്കൾ നൽകുന്നതിന് വേണ്ടിയോ" "ആകുന്നിടത്ത്" എന്നീ വാക്കുകൾക്കിടയിൽ "കെട്ടിടങ്ങൾ, ഫ്ളാറ്റുകൾ, വില്ലകൾ എന്നിവ നിർമ്മിച്ച് നൽകുന്നതിന് വേണ്ടിയോ" എന്നീ വാക്കുകൾ ചേർക്കുക.

127. ഖണ്ഡം 3 (എ) യിൽ "അഥവാ വസ്തുക്കൾ", "നൽകുന്നതിൽ", എന്നീ വാക്കുകൾക്കിടയിൽ "കെട്ടിടങ്ങൾ, ഫ്ളാറ്റുകൾ, വില്ലകൾ" എന്നീ വാക്കുകൾ ചേർക്കുക.

136. ഖണ്ഡം 3 (ബി) യിൽ "ആ ധനകാര്യ സ്ഥാപനം നിക്ഷേപങ്ങൾ മടക്കി നൽകുവാനോ പലിശ നൽകുവാനോ സേവനം നൽകുവാനോ വസ്തുക്കൾ" എന്നീ വാക്കുകൾക്ക് ശേഷം "കെട്ടിടങ്ങൾ, ഫ്ളാറ്റുകൾ, വില്ലകൾ" എന്നീ വാക്കുകൾ ചേർക്കുക.

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

128. ഖണ്ഡം 3(എ) യിൽ "വസ്തുക്കൾ നൽകുന്നതിൽ വീഴ്ചവരുത്തുകയോ" എന്നീ വാക്കുകൾക്കുശേഷം, "വസ്തുക്കളായോ പണമായോ വാഗ്ദാനംചെയ്ത പ്രതിഫലം നൽകാതിരിക്കുകയോ നിശ്ചിത സമയത്തിനുള്ളിൽ വാഗ്ദാനം ചെയ്തതരത്തിലുള്ള കെട്ടിടമോ വസ്തുക്കളോ സേവനമോ നൽകുന്നതിൽ വീഴ്ചവരുത്തുകയോ" എന്നീ വാക്കുകൾ ചേർക്കുക.

<u>ശ്രീ. സി. മോയിൻകുട്ടി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

130 ഖണ്ഡം 3(എ)യിൽ "നിരവധി" എന്ന വാക്ക് ഒഴിവാക്കുക.

ശ്രീ. കെ. സുരേഷ് കുറുപ്പ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

132. ഖണ്ഡം 3(എ) യിൽ "നിരവധി" എന്ന പദം ഒഴിവാക്കുക.

ഖണ്ഡം 3 (എ)യിലെ നിരവധി നിക്ഷേപകരിൽ നിന്ന് സർക്കാരിന് പരാതി ലഭിക്കുന്നു എന്നുള്ളത് വളരെ അവ്യക്തമാണ്. അതിനാൽ നിരവധി മാറ്റി നിക്ഷേപകർ എന്നാക്കണം. നിരവധി എന്നു പറയുമ്പോൾ അത് രണ്ടു പേരോ പത്തുപേരോ ആകാം.

ശ്രീ. കെ. ശിവദാസൻ നായർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

133. ഖണ്ഡം 3(എ)യിൽ "നിരവധി നിക്ഷേപകരിൽ നിന്നും" എന്നീ വാക്കുകൾക്കുപകരം "ഒന്നോ അതിലധികമോ നിക്ഷേപകരിൽ നിന്നും" എന്നീ വാക്കുകൾ ചേർക്കുക.

140. ഖണ്ഡം 3 (ബി) യിൽ "മാനേജർ അല്ലെങ്കിൽ അംഗം" എന്നീ വാക്കുകൾ ഒഴിവാക്കുക

ശ്രീ. എം. ഉമ്മർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

134. ഖണ്ഡം (3)(എ)യിൽ "അല്ലെങ്കിൽ" എന്ന വാക്ക് ഒഴിവാക്കുക.

134A ഖണ്ഡം 3(ബി) ഒഴിവാക്കുക.

ശ്രീ. എം. ഹംസ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

135. ഖണ്ഡം 3(ബി)യിൽ "കരുതിക്കൂട്ടി പ്രവർത്തിക്കുന്നു" എന്നീ വാക്കുകൾക്കുശേഷം "എന്നോ സാമ്പത്തിക അച്ചടക്കമില്ലാതെ പ്രവർത്തിക്കുന്നു എന്നോ" എന്നീ വാക്കുകൾ ചേർക്കുകയും "എന്ന്" എന്ന വാക്ക് ഒഴിവാക്കുകയും ചെയ്യുക.

ഖണ്ഡം 3 (ബി) യിൽ "വീഴ്ച വരുത്തിയ ഒരു ആളിൽ നിന്നും അയാളുടെ" എന്നീ വാക്കുകൾക്കു ശേഷം "വീഴ്ച വരുത്തിയ തുകയ്ക്ക് സമാനമായതോ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. ഇ. പി. ജയരാജൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

138. ഖണ്ഡം 3 (ബി) യിൽ "സർക്കാരിന്, ആ ധനകാര്യ സ്ഥാപനം ശേഖരിച്ച നിക്ഷേപങ്ങളിൽ നിന്നും അതുമുഖേനയും ആ ധനകാര്യ സ്ഥാപനത്തിന്റെ പേരിലോ" എന്നീ വാക്കുകൾക്ക് പകരം "സർക്കാരിന്, ആ ധനകാര്യ സ്ഥാപനം ശേഖരിച്ച നിക്ഷേപങ്ങളിൽ നിന്നും അതു മുഖേനയോ ആ ധനകാര്യ സ്ഥാപനത്തിന്റെ പേരിലോ ആ ധനകാര്യ സ്ഥാപനം ആരംഭിച്ചതിനു ശേഷം ആ ധനകാര്യ സ്ഥാപനത്തിന്റെ ഉടമയുടെയോ, ഉടമയുടെ ഭാര്യയുടെയോ/ഭർത്താവിന്റെയോ/മക്കളുടെയോ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. ആർ. രാജേഷ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

143. ഖണ്ഡം 3 (ബി) യിൽ "ഇടക്കാല" എന്ന വാക്ക് ഒഴിവാക്കുക.

144. ഖണ്ഡം 3 (ബി) യിൽ "ക്ഷമതയുള്ള അധികാരസ്ഥാനത്തിന്" എന്നീ വാക്കുകൾക്കു പകരം "ഉത്തരവാദപ്പെട്ട അധികാരിക്ക്" എന്നീ വാക്കുകൾ ചേർക്കുക

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

145. ഖണ്ഡം 3 (ബി) താഴെ പറയും പ്രകാരം മാറ്റുക

"(ബി) (i) ഏതെങ്കിലും ധനകാര്യസ്ഥാപനം നിക്ഷേപകരെ വഞ്ചിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി പ്രവർത്തിക്കുന്നു എന്ന് വിശ്വസിക്കാൻ തക്കതായ റിപ്പോർട്ട് സർക്കാരിന് ലഭിക്കുന്ന സാഹചര്യത്തിലും;

(ii) ആ ധനകാര്യ സ്ഥാപനം നിക്ഷേപങ്ങൾ മടക്കി നൽകുവാനോ പലിശ നൽകുവാനോ സാധ്യതയില്ലെന്ന് അന്വേഷണത്തിൽ ബോദ്ധ്യപ്പെടുകയും ചെയ്യുന്നുവെങ്കിൽ;

(സി) (i) നിക്ഷേപകരുടെ താല്പര്യം സംരക്ഷിക്കുന്നതിനുവേണ്ടി; ആ ധനകാര്യസ്ഥാപനം ശേഖരിച്ച നിക്ഷേപങ്ങളിൽ നിന്നോ അതുപയോഗിച്ച് ആ സ്ഥാപനത്തിന്റെ പേരിലോ, മറ്റേതെങ്കിലും വ്യക്തിയുടെയോ, സ്ഥാപനത്തിന്റെയോ പേരിലോ വാങ്ങിയ വസ്തുക്കളോ;

(ii) അല്ലെങ്കിൽ ശേഖരിച്ച നിക്ഷേപം ഉപയോഗിച്ച് ആ സ്ഥാപനത്തിന്റെ പേരിലോ, മറ്റൊരുടെയെങ്കിലും പേരിലോ സമാഹരിച്ചതായി ആരോപിക്കപ്പെടുന്ന പണമോ വസ്തുവകകളോ ഉണ്ടെങ്കിൽ അതു ജപ്തി ചെയ്താലും നിക്ഷേപങ്ങൾ പൂർണ്ണമായി മടക്കിനൽകുന്നതിന് മതിയാകുകയില്ല എന്നു തോന്നുകയോ ചെയ്യുന്നുണ്ടെങ്കിൽ;

(iii) ആ ധനകാര്യസ്ഥാപനത്തിന്റെയോ, അതിന്റെ പ്രൊമോട്ടർ, പാർട്ട്ണർ, ഡയറക്ടർ, മാനേജർ അല്ലെങ്കിൽ അംഗം എന്നിവരുടെയോ വസ്തുവകകളോ;

(iv) ആ ധനകാര്യ സ്ഥാപനത്തിൽ നിന്നും പണം കടംവാങ്ങി തിരിച്ചട യ്ക്കുന്നതിൽ വീഴ്ചവരുത്തിയ ആൾ അഥവാ സ്ഥാപനം വീഴ്ചവരുത്തിയ അത്രത്തോളം തുകയോ;

(v) അതുമല്ലെങ്കിൽ അങ്ങനെ കടം വാങ്ങിയ തുക ഉപയോഗിച്ചോ അതിൽനിന്നുള്ള വരുമാനമുപയോഗിച്ചോ ആ വ്യക്തിയുടെയോ അഥവാ സ്ഥാപനത്തിന്റെയോ പേരിൽ വസ്തുവകകൾ വാങ്ങിയിട്ടുണ്ടെങ്കിൽ അവയും, അയാളുടെ അഥവാ സ്ഥാപനത്തിന്റെ പേരിൽ മറ്റേതെങ്കിലും വസ്തുക്കളുണ്ടെങ്കിൽ അവയും ഉൾപ്പെടെ;

(ഡി) സർക്കാരിന് യുക്തമെന്നുതോന്നുന്ന രീതിയിൽ ജപ്തിചെയ്തു കൊണ്ടുള്ള ഒരു ഇടക്കാല ഉത്തരവ് പുറപ്പെടുവിക്കാവുന്നതും, പ്രസ്തുത പണം, വസ്തുക്കൾ എന്നിവയ്ക്കുമേലുള്ള നിയന്ത്രണം നിർവ്വഹണ അധികാരിക്ക് കൈമാറാവുന്നതുമാണ്".

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

146. ഖണ്ഡം 3 (ബി) യ്ക്കുശേഷം താഴെകാണുന്ന ഉപവകുപ്പ് ചേർക്കുക

"(സി) വീഴ്ച വരുത്തിയതായി ബോധ്യപ്പെട്ട ധനകാര്യ സ്ഥാപനത്തിന്റെ നടത്തിപ്പുകാരായിരുന്നവർക്ക് പിന്നീട് ധനകാര്യ സ്വഭാവമുള്ള യാതൊരു സ്ഥാപനങ്ങളും നടത്തുന്നതിനോ മറ്റേതെങ്കിലും പേരിൽ ഇത്തരത്തിലുള്ള

സ്ഥാപനങ്ങൾ സംസ്ഥാനത്ത് നടത്തുന്നതിനോ അവകാശമുണ്ടായിരിക്കുന്ന തല്ല. ”

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഭേദഗതികൾ സ്വീകാര്യമല്ല

. മി. സ്പീക്കർ : ശ്രീ. കെ.എൻ.എ. ഖാദർ അവതരിപ്പിച്ച 124–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. ജോസഫ് വാഴക്കൻ അവതരിപ്പിച്ച 125, 127, 136 എന്നീ നമ്പർ ഭേദ ഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

പ്രൊഫ. സി. രവീന്ദ്രനാഥ് അവതരിപ്പിച്ച 128–ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. സി. മോയിൻകുട്ടി അവതരിപ്പിച്ച 130–ാം നമ്പർ ഭേദഗതി സഭ യുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 132–ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. ശിവദാസൻ നായർ അവതരിപ്പിച്ച 133, 140 എന്നീ നമ്പർ ഭേദ ഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 134, 134 (എ) എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. എം.ഹംസ അവതരിപ്പിച്ച 135, 142 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. ഇ. പി. ജയരാജൻ അവതരിപ്പിച്ച 138–ാം നമ്പർ ഭേദഗതി സഭ നിരാ കരിച്ചു.

ശ്രീ. ആർ. രാജേഷ് അവതരിപ്പിച്ച 143, 144 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 145–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ അവതരിപ്പിച്ച 146–ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

3–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ...........

3–ാംവകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## നാലാം വകുപ്പ്

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

150. ഖണ്ഡം 4 (1)-ൽ "ക്ഷമതയുള്ള അധികാരസ്ഥാനങ്ങളെ " എന്നീ വാക്കുകൾക്കു പകരം "റവന്യൂ ഡിവിഷനൽ ഓഫീസറുടെ പദവിയിൽ താഴെയല്ലാത്ത ഉദ്യോഗസ്ഥരെ ക്ഷമതയുള്ള അധികാരസ്ഥാനങ്ങൾ എന്ന നിലയിൽ" എന്നീ വാക്കുകൾ ചേർക്കുക.

153. ഖണ്ഡം 4(1) താഴെപ്പറയുംപ്രകാരം മാറ്റുക:

"(1) 3–ാം വകുപ്പുപ്രകാരം ലഭിക്കുന്ന പരാതികളിന്മേൽ ആവശ്യമായ അന്വേഷണം നടത്തുന്നതിനും, മേൽ നടപടികൾ സ്വീകരിക്കുന്നതിനും, പണവും, വസ്തുക്കളും ജപ്തിചെയ്യുന്നതിനും,

ജപ്തി ചെയ്ത പണത്തിന്മേലും വസ്തുക്കളിന്മേലും നിയന്ത്രണം വിനിയോഗിക്കുന്നതിനും ആയി സർക്കാരിന്, ഗസറ്റ് വിജ്ഞാപനം വഴി, അതിൽ വിനിർദ്ദേശിച്ചേക്കാവുന്ന അങ്ങനെയുള്ള പ്രദേശ ങ്ങൾക്കോ, അങ്ങനെയുള്ള സംഗതികൾക്കോ വേണ്ടി ക്ഷമത യുള്ള അധികാരസ്ഥാനങ്ങളെ നിയമിക്കാവുന്നതാണ്."

158. ഖണ്ഡം 4(3) ൽ "3-ാം വകുപ്പ് പ്രകാരം ഉള്ള സർക്കാർ ഉത്തരവ് കൈപ്പറ്റിയ" എന്നീ വാക്കുകൾക്ക് പകരം "ജപ്തി ഉത്തരവ് പുറപ്പെ ടുവിച്ച" എന്നീ വാക്കുകൾ ചേർക്കുക.

167. ഖണ്ഡം 4(4)-ൽ ''അവ സംബന്ധിച്ച വിശദവിവരങ്ങൾ,'' എന്നീ വാക്കുകൾക്കും ''3-ാം വകുപ്പ് പ്രകാരം'' എന്നീ അക്കങ്ങൾക്കും വാക്കുകൾക്കും ഇടയിലായി താഴെപ്പറയുന്ന വാക്കുകൾ ചേർക്കുക.

''ധനകാര്യസ്ഥാപനത്തിൽനിന്ന് പണം കടം വാങ്ങി തിരികെ അടയ്ക്കുന്നതിൽ വീഴ്ചവരുത്തിയ വ്യക്തികളുടെയും അവർ വീഴ്ച വരുത്തിയ തുകയുടേയും വിശദവിവരങ്ങൾ''.

ഭേദഗതി 150, 4(1)-ൽ അങ്ങനെയുള്ള സംഗതികൾക്കുവേണ്ടി ക്ഷമത യുള്ള അധികാരസ്ഥാനങ്ങളെ നിയമിക്കാവുന്നതാണെന്നുള്ളത് എന്നത് ഡിഫൈൻ ചെയ്യണം. "റവന്യൂ ഡിവിഷനൽ ഓഫീസറുടെ പദവിയിൽ താഴെയല്ലാത്ത ഉദ്യോഗസ്ഥരെ ക്ഷമതയുള്ള അധികാരസ്ഥാനങ്ങൾ എന്ന നിലയിൽ" ആരാണ് ഇതിൽ വരുന്നതെന്നുള്ളത് ഇതിൽ പറഞ്ഞിട്ടില്ല.

ആരെ വേണമെങ്കിൽ ക്ഷമതയുള്ള അധികാരസ്ഥാനങ്ങളിൽ നിയമിക്കാമോ? അതിനൊരു ഉത്തരവാദിത്വമുള്ള ഉദ്യോഗസ്ഥനെ നിയമിക്കണം. അത് റവന്യൂ ഡിവിഷനൽ ഓഫീസറുടെ പദവിയിൽ താഴെയല്ലാത്ത ഉദ്യോഗസ്ഥരെ നിയമിക്കണം. ഇതു മാത്രമാണ് മൂവ് ചെയ്യുന്നത്.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

151. ഖണ്ഡം (4)ന്റെ മാർജിനൽ ശീർഷകത്തിൽ "ക്ഷമതയുള്ള അധികാരസ്ഥാനം" എന്നതിനു പകരം "നിർവ്വഹണ അധികാരി" എന്നു ചേർക്കുക.

151 എ. ഖണ്ഡം 4(1) താഴെപ്പറയും പ്രകാരം മാറ്റുക

"(1) 3-ാം വകുപ്പുപ്രകാരം ജപ്തിചെയ്ത പണം, വസ്തുക്കൾ എന്നിവയുടെ നിയന്ത്രണം വിനിയോഗിക്കുന്നതിന് പ്രത്യേക പ്രദേശത്തിനോ അല്ലെങ്കിൽ പ്രത്യേക കാര്യത്തിനോ വേണ്ടിയെന്ന് വ്യക്തമാക്കിക്കൊണ്ട് സർക്കാരിന് ഗസറ്റ് വിജ്ഞാപനം മുഖേന നിർവ്വഹണ അധികാരികളെ നിയമിക്കാവുന്നതാണ്."

169. ഖണ്ഡം 4 (4) താഴെപ്പറയുംപ്രകാരം മാറ്റുക:

''(4)(3)-ാം ഉപവകുപ്പുപ്രകാരമുള്ള അപേക്ഷയോടൊപ്പം 3-ാം വകുപ്പിൽ പറഞ്ഞപ്രകാരം ധനകാര്യസ്ഥാപനം എന്തെങ്കിലും വീഴ്ചവരുത്തിയതായോ, നിക്ഷേപകരെ വഞ്ചിക്കാൻ സാദ്ധ്യതയുണ്ടെന്നോ അന്വേഷണത്തിൽ കണ്ടെത്തിയ കാരണങ്ങൾ വിശദീകരിക്കേണ്ടതും 3-ാം വകുപ്പുപ്രകാരം ജപ്തി ചെയ്ത പണത്തെ അല്ലെങ്കിൽ വസ്തു

ക്കളെ സംബന്ധിച്ച വിവരങ്ങൾ എന്നിവ വ്യക്തമാക്കുന്നതിനാവശ്യമായ ഒന്നോ അതിലധികമോ സത്യവാങ്മൂലങ്ങൾ അനുബന്ധമായി ചേർക്കേണ്ടതുമാണ്''.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

155. ഖണ്ഡം 4(2)-ൽ "ക്ഷമതയുള്ള അധികാര സ്ഥാനത്തിന്" എന്നീ വാക്കുകൾക്കു പകരം "നിർവ്വഹണാധികാരിക്ക്" എന്ന വാക്ക് ചേർക്കുക.

156. ഖണ്ഡം 4(2)-ൽ "ആവശ്യമായേക്കാവുന്ന" എന്ന വാക്കിനു ശേഷം "നിർണ്ണയിക്കപ്പെടാവുന്ന" എന്ന വാക്ക് ചേർക്കുക.

ക്ഷമതയുള്ള അധികാരസ്ഥാനം എന്നുപറയുന്നത് എക്സിക്യൂട്ടീവ് പവറാണ്. ക്ഷമത എന്നുപറയുന്നത് എഫിഷ്യൻസിയുടെ ഭാഗമാണ്. ഇവിടെ എക്സിക്യൂട്ടീവ് പവർ എന്ന വാക്കിനേക്കാൾ കുറേക്കൂടി വ്യക്തതയും ലളിതവുമായത് നിർവ്വഹണാധികാരിക്ക് എന്നുള്ളതാണ്. അതുകൊണ്ട് ക്ഷമതയുള്ള അധികാരസ്ഥാനത്തിന് എന്നുള്ളതിന് പകരമായി നിർവ്വഹണാധികാരിക്ക് എന്ന് മാറ്റണം എന്നാണ് എന്റെ ഭേദഗതി. അതുപോലെ 156–ൽ ആവശ്യമായേക്കാവുന്ന എന്ന വാക്കിന് പകരം നിർണ്ണയിക്കപ്പെടാവുന്ന എന്നുള്ളതാണ് കുറേക്കൂടി വ്യക്തതയുള്ളത്. ആവശ്യമാകുക എന്നുള്ളതല്ല പ്രശ്നം, നിർവ്വഹിക്കപ്പെടുക എന്നുള്ളതാണ്. നിർണ്ണയിക്കുന്നതിന് എക്സിക്യൂട്ടീവ് പവറാണ്. ആവശ്യം എന്ത് എന്നുള്ളത് എക്സിക്യൂ

ട്ടീവ് അധികാരി തീരുമാനിക്കുന്നതിനുപകരം എന്താണെന്നുള്ളത് നിർണ്ണയിച്ചുകൊടുക്കുകയാണ്. ആ നിർണ്ണയിക്കുന്നത് ഗവൺമെന്റാണ്. അതുകൊണ്ട് നിർണ്ണയിക്കപ്പെടാവുന്നത് എന്നുള്ളതാണ് 156–ലെ ആവശ്യമായേക്കാവുന്നതിനേക്കാൾ എന്നുള്ളതിനേക്കാൾ നല്ലത് എന്നാണ് എന്റെ അഭിപ്രായം.

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

157. ഖണ്ഡം 4(2) താഴെപ്പറയുന്ന പ്രകാരം മാറ്റുക.

"(2) നിർവ്വഹണ അധികാരിക്ക് ഈ നിയമത്തിന്റെ ലക്ഷ്യം നിറവേറ്റുന്നതിന് ആവശ്യമായി വരുന്ന മറ്റ് അധികാരങ്ങളും ഉണ്ടായിരിക്കുന്നതാണ്"

ശ്രീ. കെ. മുരളീധരൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

160. ഖണ്ഡം 4(3)-ൽ "മുപ്പത് ദിവസത്തിനകം" എന്നീ വാക്കുകൾക്കു പകരം "അറുപത് ദിവസത്തിനകം" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. വർക്കല കഹാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

161. ഖണ്ഡം 4(3)–ൽ "മുപ്പത് ദിവസത്തിനകം" എന്നീ വാക്കുകൾക്കു പകരം "എഴുപത്തിയഞ്ച് ദിവസം" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. എം.എ. വാഹീദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

162. ഖണ്ഡം 4(3)-ൽ "മുപ്പത് ദിവസത്തിനകം" എന്നീ വാക്കുകൾക്കു പകരം "തൊണ്ണൂറ് ദിവസം" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. സി. മമ്മൂട്ടി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

165. ഖണ്ഡം 4(3)-ൽ "ക്ഷമതയുള്ള അധികാരസ്ഥാനം" എന്നീ വാക്കുകൾക്കു പകരം "നിർവ്വഹണ അധികാരി" എന്നീ വാക്കുകൾ ചേർക്കുക.

178. ഖണ്ഡം 4(6) താഴെപ്പറയും പ്രകാരം മാറ്റുക.

"(6) നിർവ്വഹണ അധികാരി വസൂലാക്കുന്ന പണം നിക്ഷേപിക്കുന്നതിനും അവ കൈകാര്യം ചെയ്യുന്നതിനുമായി ഏതെങ്കിലും ഷെഡ്യൂൾഡ് കൊമേഴ്സ്യൽ ബാങ്കിൽ ഉദ്യോഗപ്പേരും സീലും ഉപയോഗിച്ച് അക്കൗണ്ട് തുറക്കേണ്ടതാണ്."

ശ്രീ. എ. പ്രദീപ് കുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

166. ഖണ്ഡം 4(3)-ൽ "പരിപൂർണ്ണമാക്കിക്കിട്ടുന്നതിനായി" എന്ന വാക്കിന് പകരം "സ്ഥിരപ്പെടുത്തിക്കിട്ടാനായി" എന്ന വാക്ക് ചേർക്കുക.

170. ഖണ്ഡം 4(5)-ൽ ''അധികാരിതയുള്ളതോ'' എന്ന വാക്ക് കാണപ്പെടുന്നിടത്തെല്ലാം ആയതിനുപകരം ''അധികാരമുള്ളതോ'' എന്ന വാക്ക് ചേർക്കുക.

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

168. ഖണ്ഡം 4(4)–ലെ ''ഒന്നോ അതിലധികമോ'' എന്നീ വാക്കുകൾ ഒഴിവാക്കുക.

ശ്രീ. സി. മോയിൻകുട്ടി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

171. ഖണ്ഡം 4(5) ൽ "3–ാം വകുപ്പിൽ പറഞ്ഞിട്ടുള്ള" എന്നീ അക്കങ്ങൾക്കും വാക്കുകൾക്കും ശേഷം "സ്ഥാപനങ്ങൾ അല്ലെങ്കിൽ ആളുകൾ" എന്നീ വാക്കുകളും "ക്ഷമതയുള്ള അധികാര സ്ഥാനം" എന്നീ വാക്കുകൾക്കുപകരം "നിർവ്വഹണ അധികാര സ്ഥാനം" എന്നീ വാക്കുകളും ചേർക്കുക.

ശ്രീ. എം. ഹംസ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

173. ഖണ്ഡം 4(5) ൽ "അപേക്ഷ സമർപ്പിക്കേണ്ടതാണ്" എന്നീ വാക്കുകൾക്കു പകരം "പരമാവധി ഒരു വർഷത്തിനകം തീർപ്പ് കല്പ്പിക്കേണ്ടതാണ് " എന്നീ വാക്കുകൾ ചേർക്കുക

ഈ പ്രത്യേക കോടതി വരുന്നുണ്ട്. ആ പ്രത്യേക കോടതിക്ക് കാലപരിധി നിശ്ചയിക്കണം എന്നുള്ളൊരു അമെന്റ്മെന്റാണ്. ഒരു കൊല്ലത്തിനുള്ളിൽ പരാതിക്കാരന്റെ കേസ് കേട്ട് തീർപ്പുകൽപ്പിക്കണം. എന്തായാലും പ്രത്യേക കോടതിയാണ്. ഒരു കൊല്ലത്തിനുള്ളിൽ തീർപ്പുകൽപ്പിക്കണമെന്ന് കോടതിക്ക് ഒരു സമയപരിധി നിശ്ചയിച്ചു കൊടുക്കണമെന്നാണ്.

<u>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

174. ഖണ്ഡം 4(6) ൽ "ക്ഷമതയുള്ള അധികാരസ്ഥാനം" എന്നീ വാക്കുകൾക്കു പകരം "ഉത്തരവാദപ്പെട്ട അധികാരി" എന്നീ വാക്കുകൾ ചേർക്കുക.

174–ൽ ക്ഷമതയുള്ള അധികാരസ്ഥാനം എന്നാണ് ഇതിലുള്ളത്. അതിനുപകരം ഉത്തരവാദപ്പെട്ട അധികാരി എന്നുകൂടി ചേർക്കുന്നതായിരിക്കും നല്ലത്. ക്ഷമതയുള്ള എന്നു പറയുമ്പോൾ അതിനകത്ത് ക്ഷമതയില്ലാത്ത എന്തോ ഉണ്ട് എന്നാണ് അർത്ഥം. ആ വാചകം തന്നെ ശരിയല്ല. അതുകൊണ്ട് ഉത്തരവാദപ്പെട്ട അധികാരി എന്നതുകൂടി കൂട്ടിച്ചേർക്കണം.

<u>ശ്രീ. എ. കെ. ബാലൻ</u> : സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

175. ഖണ്ഡം 4(6)–ൽ "ഷെഡ്യൂൾഡ് കൊമേഴ്സ്യൽ" എന്നീ വാക്കുകൾക്ക് പകരം "ദേശസാൽകൃത" എന്ന വാക്ക് ചേർക്കുക.

ഷെഡ്യൂൾഡ് കോമേഴ്സ്യൽ എന്നീ വാക്കുകൾക്ക് പകരം ദേശസാൽകൃത ബാങ്ക് എന്നാക്കണം. ഈ തട്ടിപ്പ് നടത്തുന്നവരിൽ നിന്നും പിടിച്ചെടുക്കുന്ന പണം ഏതെങ്കിലും ഷെഡ്യൂൾഡ് കൊമേഴ്സ്യൽ ബാങ്കിൽ നിക്ഷേപിക്കുന്നതിനുപകരം ദേശസാൽകൃത ബാങ്കിൽ നിക്ഷേപിക്കണമെന്നുള്ളതാണ് ഭേദഗതി. ഐ.സി.ഐ.സി.ഐ., എച്ച്.ഡി.എഫ്.സി.,

എച്ച്.എസ്.ബി.സി., ആക്സിസ് തുടങ്ങിയ സ്വകാര്യ ബാങ്കുകളിലേയ്ക്ക് എന്തിനാണ് ജനങ്ങളുടെ നഷ്ടപരിഹാരം ലഭിക്കേണ്ട പണം തിരിച്ചുവിടുന്നത്. ഇത്തരം ധനകാര്യ ബാങ്കുകളെ സഹായിക്കുന്നതിനും നിക്ഷേപകരെ പ്രതികൂലമായി ബാധിക്കുന്നതിനും ഇടവരുത്തും. അതുകൊണ്ട് ഷെഡ്യൂൾഡ് കൊമേഴ്സ്യൽ ബാങ്കിനു പകരം ദേശസാൽകൃത ബാങ്ക് എന്ന് മാറ്റണം.

മി. സ്പീക്കർ: ശ്രീ. രാജേഷ്, അങ്ങ് മൂവ് ചെയ്യേണ്ടതില്ല, സംസാരിക്കാം.

ശ്രീ. ആർ. രാജേഷ് : സർ, ക്ഷമതയുള്ള അധികാരസ്ഥാനം എന്നതിനു പകരം ഉത്തരവാദിത്വപ്പെട്ട അധികാരി എന്ന് മാറ്റണം.

ശ്രീ. കെ. എം. മാണി: സർ, ഞാൻ മുമ്പ് സൂചിപ്പിച്ചതുപോലെ നിർവ്വഹണാധികാരമുള്ള ഉത്തരവാദിത്വപ്പെട്ട എന്നൊക്കെ പല അഭിപ്രായങ്ങൾ പറയാം. പക്ഷേ ക്ഷമതയുള്ള അധികാരസ്ഥാനം എന്നത് കൃത്യമായ വാക്ക് എന്നാണ് ഗവൺമെന്റിന്റെ അഭിപ്രായം. അതിനെ സംബന്ധിച്ചിടത്തോളം മാറ്റത്തിന്റെ ആവശ്യമില്ല. അതുകൊണ്ട് 147 മുതൽ 151 വരെയും 154, 155 ഇതെല്ലാം കോമ്പിറ്റന്റ് അതോറിറ്റി എന്നാൽ ക്ഷമതയുള്ള അധികാരസ്ഥാനം എന്ന ആ വ്യവസ്ഥയ്ക്കുള്ള ഭേദഗതികളാണ്. ഇതൊന്നും സ്വീകാര്യമല്ല. ബില്ലിലെ വ്യവസ്ഥകൾ പര്യാപ്തമാണ്. അതായത്, ബില്ലിലെ 4(3)-ലെ വ്യവസ്ഥകൾ പര്യാപ്തമാണ്. അപ്പോൾ 158 മുതൽ 166 വരെയുള്ള ഭേദഗതികൾ സ്വീകാര്യമല്ല. ബില്ലിലെ 4(4) ലെ വ്യവസ്ഥകൾ പര്യാപ്തമാണ്. അതുകൊണ്ട് 167 മുതൽ 169 വരെയുള്ള ഭേദഗതികൾ സ്വീകാര്യമല്ല. ബില്ലിലെ 4(5) ലെ വ്യവസ്ഥകൾ പര്യാപ്തമാണ്. അതുകൊണ്ട് 170 മുതൽ 173 വരെയുള്ള

ഭേദഗതികൾ സ്വീകാര്യമല്ല. ബില്ല് 4(6) വകുപ്പിലെ വ്യവസ്ഥ പര്യാപ്തമാണ്. അതുകൊണ്ട് 174 മുതൽ 178 വരെയുള്ള ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 150, 153, 158, 167 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 151, 151എ, 169 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 155, 156 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി അവതരിപ്പിച്ച 157-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. കെ. മുരളീധരൻ അവതരിപ്പിച്ച 160-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. വർക്കല കഹാർ അവതരിപ്പിച്ച 161-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. എം. എ. വാഹീദ് അവതരിപ്പിച്ച 162-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. സി. മമ്മൂട്ടി അവതരിപ്പിച്ച 165, 178 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. എ. പ്രദീപ് കുമാർ അവതരിപ്പിച്ച 166, 170 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ അവതരിപ്പിച്ച 168-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. സി. മോയിൻകുട്ടി അവതരിപ്പിച്ച 171-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. എം. ഹംസ അവതരിപ്പിച്ച 173-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) അവതരിപ്പിച്ച 174-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 175-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഇനി നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ.........

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## 5-ാം വകുപ്പ്

ശ്രീ. എ. കെ. ബാലൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(179) ഖണ്ഡം 5-ൽ "സേവനത്തിനോ" എന്ന വാക്കിനുശേഷം "ലാഭവിഹിതത്തിനോ" എന്ന വാക്കുചേർക്കുക

(181) ഖണ്ഡം 5-ൽ "വസ്തുക്കളോ" എന്ന വാക്കിനുശേഷം "ലാഭവിഹിതമോ" എന്ന വാക്കുചേർക്കുക

(189) ഖണ്ഡം 5-ൽ "പത്ത് വർഷം വരെയാകാവുന്ന തടവും ഒരു ലക്ഷം രൂപ വരെയാകാവുന്ന പിഴയും നൽകി ശിക്ഷിക്കപ്പെടേണ്ടതും

കൂടാതെ അത്തരം ധനകാര്യ സ്ഥാപനം ഒരു ലക്ഷം രൂപ വരെയാകാവുന്ന പിഴ" എന്നീ വാക്കുകൾക്കുപകരം "ഐ.പി.സി."യിൽ നിജപ്പെടുത്തിയ പ്രകാര മുള്ള തടവും കൂടാതെ കോടതി നിശ്ചയിക്കുംപ്രകാരം ഒരു ലക്ഷം രൂപയിൽ കുറയാത്തതും എന്നാൽ പത്തുലക്ഷം രൂപവരെയാകാവുന്നതുമായ പിഴയും" എന്നീ വാക്കുകൾ ചേർക്കുക.

സർ, എന്റെ 179-ാം നമ്പർ ഭേദഗതിയിൽ നാലാം വരിയിൽ സേവനത്തി നോയെന്ന വാക്കിനുശേഷം ലാഭവിഹിതത്തിനോയെന്നുകൂടി കൂട്ടി ചേർക്ക ണം. കാരണം ബില്ലിൽ പരാമർശിക്കുന്ന, പല സ്വകാര്യ സ്ഥാപനങ്ങളും അവ രുടെ വാഗ്ദാനത്തിലും പരസ്യത്തിലും സ്ഥാപനത്തിന്റെ ലാഭവിഹിതം കൂടി നിക്ഷേപകർക്ക് നൽകുമെന്ന് പ്രചരിപ്പിക്കുന്നുണ്ട്. അപ്പോൾ ലാഭ വിഹിതമെന്ന് കൂടി അതിൽ ചേർക്കണം. 5-ാം വരിയിൽ വസ്തുക്കളോയെന്ന വാക്കിന് ശേഷം ലാഭവിഹിതമോയെന്ന് ചേർക്കണം. 189-ൽ ശിക്ഷയുടെ കാര്യത്തിൽ ഭരണഘടനാവിരുദ്ധമായ വ്യവസ്ഥയാണ് ബില്ലിൽ ചേർത്തിട്ടു ള്ളത്. 10 വർഷം തടവും ഒരു ലക്ഷം രൂപ പിഴയുമാണ് ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. എന്നാൽ ഐ.പി.സി പ്രകാരം ഇത്തരം കുറ്റങ്ങൾക്ക് നൽകുന്ന ശിക്ഷ ജീവപര്യന്തം വരെയാകും. ഐ.പി.സി-യിൽ പറയുന്ന ശിക്ഷ കുറയ്ക്കാൻ സംസ്ഥാന ഗവൺമെന്റിന് അധികാരമില്ല. അതുകൊണ്ട് ശിക്ഷ കുറയ്ക്കൽ ഭേദഗതി വഴി കഴിയില്ല. ഇതിൽ ഐ.പി.സി സെക്ഷൻ 409 criminal breach of trust by public servant, or by banker, merchant or agent അതിൽ കൃത്യമായി പറയുന്നുണ്ട്. Whoever being in any manner entrusted with property, or with any dominion over property in his

capacity of a public servant or in the way of his business as a banker, merchant, factor, broker, attorney or agent, commits breach of trust in respect of that property, shall be punished with imprisonment for life, ..... അതേ സാധനം ഇവിടെ ശിക്ഷ കുറയ്ക്കുകയാണ്. ഇത് ശ്രീ. കെ. എം. മാണി സാർ പരിശോധിക്കുമെന്നാണ് തോന്നുന്നത്. ശിക്ഷയെ സംബന്ധിക്കുന്ന ഈ മൂന്ന് ഭേദഗതികളാണുള്ളത്.

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(180) ഖണ്ഡം 5-ൽ "സേവനമോ, വസ്തുക്കളോ" എന്നീ വാക്കുകൾക്കു ശേഷം "വാഗ്ദാനപ്രകാരമുള്ള സമയത്തും രീതിയിലും" എന്നീ വാക്കുകൾ ചേർക്കുക.

(182) ഖണ്ഡം 5-ൽ "കാര്യങ്ങളുടെ നടത്തിപ്പിനു ചുമതപ്പെട്ട" എന്നീ വാക്കുകൾക്കുപകരം "ഉടമാവകാശമുള്ള" എന്ന വാക്കുചേർക്കുക.

ശ്രീ. എം. ഹംസ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(183) ഖണ്ഡം 5-ൽ "കുറ്റസ്ഥാപനത്തിന്മേൽ" എന്ന വാക്കിനുശേഷം "മൂന്നുവർഷം മുതൽ" എന്നീ വാക്കുകൾ ചേർക്കുക.

(192) ഖണ്ഡം 5-ൽ "പത്തുവർഷംവരെയാകാവുന്ന തടവും" എന്നീ വാക്കുകൾക്കുശേഷമുള്ള "ഒരു ലക്ഷം എന്നീ വാക്കുകൾക്ക് പകരം മൂന്ന് ലക്ഷം" എന്നീ വാക്കുകൾ ചേർക്കുക.

(195) ഖണ്ഡം 5-ൽ "അത്തരം ധനകാര്യസ്ഥാപനം" എന്നീ വാക്കുകൾക്കു ശേഷം "ഒരു ലക്ഷം" എന്നതിന് പകരം "മൂന്ന് ലക്ഷം" എന്ന് ചേർക്കുക.

സർ, മനോഹരമായിട്ടുള്ള ബില്ലെന്ന് പറയുമ്പോൾ ഇതിനകത്ത് വലിയ പഴുതിട്ടുകൊടുത്തിട്ടുണ്ട്. പത്ത് കൊല്ലംവരെ കഠിന തടവെന്ന് പറയുന്നുണ്ട്. മിനിമം തടവ് പറഞ്ഞിട്ടില്ല. ഒരു കോടതിക്ക് വേണമെങ്കിൽ ഒരു ദിവസത്തെ തടവ് കൊടുത്ത് പ്രതിയെ വിടാം. അതുകൊണ്ട് ഒരു മിനിമം കാലം നിശ്ചയിക്കണം. മിനിമം മൂന്ന് കൊല്ലവും പരമാവധി പത്ത് കൊല്ലവുമെന്ന ഭേദഗതിയില്ലെങ്കിൽ കോടതിക്ക് വേണമെങ്കിൽ ഒരു ദിവസം ശിക്ഷ കൊടുത്ത് പ്രതിയെ രക്ഷപ്പെടുത്തുന്ന അവസ്ഥയുണ്ടാകും. അതുകൊണ്ട് ആ ഭേദഗതി അംഗീകരിക്കണമെന്നാണ് ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുവാനുള്ളത്. ഒരു ലക്ഷം കുറവാണ്, മൂന്ന് ലക്ഷമെങ്കിലുമാക്കി ഫൈൻ ഈടാക്കണം.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(184) ഖണ്ഡം 5-ൽ "പത്തുവർഷം" എന്നതിനുപകരം "പതിനഞ്ചു വർഷം" എന്നു ചേർക്കുക.

<u>ശ്രീ. ഇ.പി. ജയരാജൻ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(186) ഖണ്ഡം 5-ൽ "പത്ത് വർഷം വരെയാകാവുന്ന തടവും ഒരു ലക്ഷം രൂപ വരെയാകാവുന്ന പിഴയും" എന്നീ വാക്കുകൾക്കുപകരം "പത്ത്

വർഷം വരെയാകാവുന്ന തടവും നിക്ഷേപകർക്കു നൽകുവാൻ വീഴ്ചവരുത്തിയ ആകെ തുകയും അതിന്റെ ന്യായ പലിശയും ഉൾപ്പെട്ട തുകയും ചേർന്ന ആകെ തുകയും ചേർന്നുള്ള തുകവരെയാകാവുന്ന പിഴയും" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(187) ഖണ്ഡം 5-ൽ "പത്തുവർഷം വരെയാകാവുന്ന" എന്നീ വാക്കുകൾക്ക് പകരം "അഞ്ചുവർഷം മുതൽ പത്തുവർഷം വരെയാകാവുന്ന" എന്നീ വാക്കുകളും "ഒരു ലക്ഷം രൂപ" എന്നീ വാക്കുകൾ വരുന്നിടത്തല്ലാം "അൻപതിനായിരം രൂപ മുതൽ ഒരു ലക്ഷം രൂപ" എന്നീ വാക്കുകളും ചേർക്കുക.

സർ, ശ്രീ. എം. ഹംസ പറഞ്ഞതുതന്നെയാണ് എനിക്കും പറയാനുള്ളത്. ഇതിനകത്ത് മിനിമം ശിക്ഷ വേണ്ടേ; മിനിമം ശിക്ഷ പറയാതെ പത്തു വർഷം വരെയെന്നും ഒരു ലക്ഷം രൂപയെന്നും പറഞ്ഞിരിക്കുകയാണ്. അഞ്ച് വർഷം മുതൽ പത്ത് വർഷം വരെയും, അൻപതിനായിരം രൂപ മുതൽ ഒരു ലക്ഷം രൂപ വരെയെന്നുമാണ് എന്റെ ഭേദഗതി. മിനിമം ശിക്ഷ ഇതിനകത്ത് കാണിക്കണമെന്നാണ് എന്റെ അഭിപ്രായം.

ശ്രീ. റ്റി. എൻ. പ്രതാപൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(190) ഖണ്ഡം 5-ൽ ഒരു "ലക്ഷം രൂപ" എന്നീ വാക്കുകൾ കാണപ്പെടുന്നിടത്തെല്ലാം പകരം "രണ്ട് ലക്ഷം രൂപ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(194) ഖണ്ഡം 5-ൽ "ഒരു ലക്ഷം രൂപവരെയാകാവുന്ന പിഴയും" എന്നീ വാക്കുകൾക്കുപകരം "പത്തുലക്ഷം രൂപവരെയാകാവുന്ന പിഴയും" എന്നീ വാക്കുകൾ ചേർക്കുക.

സർ, ഈ തടവുപോലെത്തന്നെയാണ് പിഴയുടെ കാര്യത്തിലും സ്വീകരിക്കേണ്ടത്. കുറേ അംഗങ്ങൾ ഇതേ നിർദ്ദേശം പറഞ്ഞിട്ടുണ്ട്. ഒരു ലക്ഷം രൂപയെന്ന് പറയുന്നത് കുറ്റത്തിന്റെ ഗ്രാവിറ്റിക്കനുസരിച്ചുള്ള പിഴയായിട്ടില്ല. അതുകൊണ്ട് വിവിധ അംഗങ്ങൾ 2 ലക്ഷം മുതൽ 10 ലക്ഷം രൂപ വരെ വർദ്ധിപ്പിക്കണമെന്ന് പറയുന്നുണ്ട്. അതുകൊണ്ട് പിഴയുടെ സംഖ്യ വർദ്ധിപ്പിക്കമെന്നാണ് നിർദ്ദേശം.

ശ്രീ. ജോസഫ് വാഴക്കൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(196) ഖണ്ഡം 5-ൽ "ധനകാര്യസ്ഥാപനം ഒരു ലക്ഷം രൂപ വരെയാകാവുന്ന" എന്നീ വാക്കുകൾക്കുപകരം "ധനകാര്യ സ്ഥാപനം അഞ്ച് ലക്ഷം രൂപ വരെ ആകാവുന്ന" എന്നീ വാക്കുകൾ ചേർക്കുക.

സർ, വ്യക്തികൾക്ക് ഒരു ലക്ഷം രൂപവരെ പിഴയാകാമെന്ന് പറഞ്ഞു. അതുപോലെ ധനകാര്യ സ്ഥാപനങ്ങൾക്കും ഒരു ലക്ഷം രൂപയെന്നാണ് പറഞ്ഞിട്ടുള്ളത്. ഇതിൽ ധനകാര്യസ്ഥാപനത്തിനാണ് കൂടുതൽ ഉത്തരവാദിത്വമുള്ളത്. അതുകൊണ്ട് സ്ഥാപനത്തിന് 5 ലക്ഷം രൂപ വരെ പിഴ എന്നാക്കി മാറ്റണമെന്നാണ് എന്റെ അഭിപ്രായം.

<u>ശ്രീ. ബെന്നി ബെഹനാൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(197) ഖണ്ഡം 5-ൽ "കൂടാതെ അത്തരം ധനകാര്യ സ്ഥാപനം ഒരു ലക്ഷം രൂപ വരെയാകാവുന്ന പിഴ നൽകാൻ ബാധ്യസ്ഥമായിരിക്കുന്നതുമാണ്" എന്നീ വാക്കുകൾ ഒഴിവാക്കുകയും "ശിക്ഷിക്കപ്പെടേണ്ടതും" എന്ന വാക്കിനുപകരം "ശിക്ഷിക്കപ്പെടേണ്ടതാണ്" എന്ന വാക്ക് ചേർക്കുകയും ചെയ്യുക.

<u>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(198) ഖണ്ഡം 5-ൽ "ഒരു ലക്ഷം രൂപ വരെയാകാവുന്ന പിഴ നൽകാൻ ബാധ്യസ്ഥമായിരിക്കുന്നതുമാണ്" എന്നീ വാക്കുകൾക്കുപകരം "നിക്ഷേപ തുകയും, വീഴ്ച വന്ന കാലയളവ് മുതലുള്ള ക്രമപ്പലിശയും ചേർത്തുള്ള തുക പിഴ നൽകാൻ ബാധ്യസ്ഥമായിരിക്കുന്നതുമാണ്" എന്നീ വാക്കുകൾ ചേർക്കുക.

(200) ഖണ്ഡം 5-ൽ നിലവിലുള്ളത് (i) ആയി നമ്പർ നൽകിയ ശേഷം താഴെ പറയുന്നത് ചേർക്കുക:

"(ii) ധനകാര്യസ്ഥാപനങ്ങൾ, സേവനങ്ങളെയും വാഗ്ദാനങ്ങളേയും സംബന്ധിച്ച് പത്രങ്ങൾ, മാസികകൾ, മറ്റ് മാധ്യമങ്ങൾ എന്നിവയിൽ നൽകുന്ന പരസ്യങ്ങൾ യാഥാർത്ഥ്യമാണോയെന്ന് പരിശോധിക്കേണ്ടത് പരസ്യം പ്രസിദ്ധീകരിക്കുന്ന മാധ്യമങ്ങളുടെ ഉത്തരവാദിത്വമായി കണക്കാ

ക്കേണ്ടതും വീഴ്ച വരുത്തുന്നപക്ഷം പ്രസ്തുത മാധ്യമ സ്ഥാപനം എത്ര തുക ഈടാക്കിയാണോ പരസ്യം നൽകിയത് ആ തുകയുടെ അഞ്ചിരട്ടി വരുന്ന തുക പിഴയായി ഈടാക്കേണ്ടതുമാണ്."

സർ, എന്റെ 198-ാം നമ്പർ ഭേദഗതി എന്നുപറയുന്നത്, അഞ്ച് എന്നത് 5(i) ആയി, അതിൽ ഒരു ലക്ഷം രൂപവരെയാകാവുന്ന പിഴ നൽകാൻ ബാധ്യസ്ഥനായിരിക്കുന്നതാണെന്നുള്ളത് എന്നത് നീക്കംചെയ്യുകയും നിക്ഷേപതുകയും വീഴ്ച വന്ന കാലയളവ് മുതലുള്ള കൂട്ടുപലിശയും ചേർത്തുള്ള തുക പിഴ നൽകാൻ ബാധ്യസ്ഥനായിരിക്കുന്നതാണെന്ന് അവിടെ ചേർക്കണം. മറ്റൊന്ന്, ധനകാര്യ സ്ഥാപനങ്ങൾ സേവനങ്ങളെയും വാഗ്ദാനങ്ങളെയും സംബന്ധിച്ച് പത്രങ്ങൾ, മാസികകൾ, മറ്റ് മാധ്യമങ്ങൾ എന്നിവയിൽ നൽകുന്ന പരസ്യങ്ങൾ യാഥാർത്ഥ്യമാണോയെന്ന് പരിശോധിക്കേണ്ടത് പരസ്യം പ്രസിദ്ധീകരിക്കുന്ന മാധ്യമങ്ങളുടെ ഉത്തരവാദിത്വത്തിൽ കണക്കാക്കേണ്ടതും വീഴ്ച വരുത്തുന്ന പക്ഷം പ്രസ്തുത മാധ്യമസ്ഥാപനം എത്ര രൂപ ഈടാക്കിയാണോ പരസ്യം നൽകിയത് ആ തുകയുടെ അഞ്ചിരട്ടി തുക പിഴയായി ഈടാക്കേണ്ടതുമാണ് എന്ന എന്റെ 200-ാം നമ്പർ ഭേദഗതി 5 (ii) എന്ന് അഡീഷണലായിട്ട് ചേർക്കേണ്ടതുമാണ്.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഇവിടെ ഇതൊരു സ്പെഷ്യൽ നിയമമായതുകൊണ്ട് ഇതിനകത്ത് സ്പെഷ്യലായി ശിക്ഷ പറയും. ഇന്ത്യൻ പീനൽ കോഡിലല്ല. പോലീസ് ഒരു കേസ് എടുക്കുകയാണെങ്കിൽ ഇന്ത്യൻ പീനൽ കോഡിലെ വകുപ്പ് സൈറ്റ് ചെയ്യാം, ഇതിലെ വകുപ്പ് സൈറ്റ് ചെയ്യാം. അല്ലെങ്കിൽ ഇതു രണ്ടുംകൂടി സൈറ്റ് ചെയ്യാം. ഇതൊരു സ്പെഷ്യൽ നിയമമാണ്. ആ

സ്പെഷ്യൽ നിയമമനുസരിച്ച് പത്ത് വർഷം വരെ ഈ ബില്ലിൽ ശിക്ഷ കൊടുത്തിട്ടുണ്ട്. അതുകൊണ്ട് അതിൽ അപാകതയൊന്നുമില്ല. പണിഷ്മെന്റിനെ സംബന്ധിച്ച് കോടതിയാണ് തീരുമാനിക്കേണ്ടത്. എത്രയെന്നുള്ളത് കോടതിക്ക് തീരുമാനിക്കാം. കുറഞ്ഞ ശിക്ഷ, കൂടിയശിക്ഷ അങ്ങനെയൊന്നും നമുക്ക് പറയേണ്ട കാര്യമില്ല. കോടതിക്ക് നിശ്ചയിക്കാവുന്നതാണ്. ഭേദഗതികളൊന്നും സ്വീകാര്യമല്ല.

ശ്രീ. എ. കെ. ബാലൻ : എന്റെ 189–ാം നമ്പർ ഭേദഗതി ബഹുമാനപ്പെട്ട മന്ത്രി ഒന്നുകൂടി പരിശോധിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

മി. സ്പീക്കർ : ശ്രീ. എ. കെ. ബാലന്റെ ഭേദഗതി അങ്ങ് സ്വീകരിക്കുന്നുണ്ടോ; ഇല്ലായെങ്കിൽ അത് പറയുക.

ശ്രീ. കെ. എം. മാണി: ശ്രീ. എ. കെ. ബാലൻ പറഞ്ഞിരിക്കുന്നത് 10 വർഷംവരെയാകാവുന്ന തടവും ഒരു ലക്ഷം രൂപ വരെയാകാവുന്ന പിഴയും നൽകി ശിക്ഷിക്കപ്പെടേണ്ടതും കൂടാതെ അത്തരം ധനകാര്യ സ്ഥാപനങ്ങൾ ഒരു ലക്ഷം രൂപവരെ ആകാവുന്ന പിഴ എന്നീ വാക്കുകൾക്ക് പകരം ഐ.പി.സി.യിൽ നിജപ്പെടുത്തിയ പ്രകാരമുള്ള തടവും കൂടാതെ കോടതിയും..... ഇതൊക്കെ ശ്രീ. എ. കെ. ബാലന്റെ അഭിപ്രായമാണ്. അതുകൊണ്ട് ഇതെല്ലാം കൂടി പറയേണ്ട കാര്യമില്ല. ഇതൊന്നും സ്വീകാര്യമല്ല.

ശ്രീ. എ. കെ. ബാലൻ: ഇതേ ഇൻഗ്രീഡിയൻസ് തന്നെയാണ് 409 ഐ.പി.സി.യിൽ ഉള്ളത്. അതുകൊണ്ടാണ് പറഞ്ഞത്.

ശ്രീ. കെ. എം. മാണി: അതിലുള്ളതൊന്നും പറയേണ്ട കാര്യമില്ല. ഐ.പി.സി.ക്ക് എതിരായി കുറ്റം ചെയ്തിട്ടുണ്ടെങ്കിൽ Police can register a case. അത് ഇവിടെ കൂട്ടിച്ചേർക്കേണ്ട കാര്യമില്ല.

<u>മി. സ്പീക്കർ</u> : ശ്രീ. എ.കെ. ബാലൻ അവതരിപ്പിച്ച 179, 181, 189 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി അവതരിപ്പിച്ച 180, 182 എന്നീ നമ്പർ ഭേദ ഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. എം.ഹംസ അവതരിപ്പിച്ച 183, 192, 195 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പി.സി. വിഷ്ണുനാഥ് അവതരിപ്പിച്ച 184–ാം നമ്പർ ഭേദഗതി സഭ യുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. ഇ.പി. ജയരാജൻ അവതരിപ്പിച്ച 186 –ാം നമ്പർ ഭേദഗതി സഭ നിരാ കരിച്ചു.

ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 187 –ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. റ്റി.എൻ. പ്രതാപൻ അവതരിപ്പിച്ച 190 –ാം നമ്പർ ഭേദഗതി സഭ യുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ അവതരിപ്പിച്ച 194 –ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ജോസഫ് വാഴക്കൻ അവതരിപ്പിച്ച 196 –ാം നമ്പർ ഭേദഗതി സഭ യുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച 197 –ാം നമ്പർ ഭേദഗതി സഭ യുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ അവതരിപ്പിച്ച 198, 200 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

5–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ....................

പ്രതികൂലിക്കുന്നവർ.....................

5–ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

6–ാം വകുപ്പ്

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(203) ഖണ്ഡം 6(1)–ൽ "ക്ഷമതയുള്ള അധികാരസ്ഥാനത്തിന്" എന്നീ വാക്കുകൾ കാണപ്പെടുന്നിടത്തെല്ലാം "നിർവ്വഹണ അധികാരിക്ക്" എന്നീ വാക്കുകൾ ചേർക്കുകയും "അനുവാദത്തോടുകൂടി" എന്ന വാക്കിനുശേഷം "മാത്രം" എന്ന വാക്ക് ചേർക്കുകയും ചെയ്യുക.

(204) ഖണ്ഡം 6 (2)–ൽ "അതത് സംഗതിപോലെ" എന്നീ വാക്കുകൾ ഒഴിവാക്കുക.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(205) ഖണ്ഡം 6(2) താഴെ പറയും പ്രകാരം മാറ്റുക.

"(2) (1)–ാം ഉപവകുപ്പ് പ്രകാരം ഒരു കുറ്റം രാജിയാക്കിക്കഴിഞ്ഞാൽ, കുറ്റക്കാരൻ കസ്റ്റഡിയിൽ ആണെങ്കിൽ ഉടൻതന്നെ വിട്ടയയ്ക്കുകയും എന്നാൽ കുറ്റം സംബന്ധിച്ച നടപടി തുടരുകയും മന:പൂർവ്വം നിക്ഷേപകനെ

വഞ്ചിച്ചതാണെന്ന് ബോധ്യപ്പെടുകയും ചെയ്യുന്നപക്ഷം ചുരുങ്ങിയത് ഒരു വർഷത്തെ തടവ് ശിക്ഷ നല്കേണ്ടതാണ്''.

സർ, ഇതിൽ 5(2) എന്നുളളിടത്ത് 1-ാം ഉപവകുപ്പുപ്രകാരം ഒരു കുറ്റം രാജിയാക്കി കഴിഞ്ഞാൽ കുറ്റക്കാർ കസ്റ്റഡിയിലാണെങ്കിൽ ഉടൻതന്നെ വിട്ടയയ്ക്കുകയും എന്നാൽ കുറ്റം സംബന്ധിച്ച നടപടി തുടരുകയും എന്നാൽ മന:പൂർവ്വം നിക്ഷേപകനെ വഞ്ചിച്ചതാണെന്ന് ബോധ്യപ്പെടുകയും ചെയ്യുന്ന പക്ഷം ചുരുങ്ങിയത് ഒരു വർഷത്തെ തടവെങ്കിലും നൽകേണ്ടതാണെന്ന് മാറ്റണം.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഭേദഗതിയൊന്നും സ്വീകാര്യമല്ല.

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ അവതരിപ്പിച്ച 203, 204 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ അവതരിപ്പിച്ച 205-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ....................

പ്രതികൂലിക്കുന്നവർ.....................

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## 7-ാം വകുപ്പ്

ശ്രീ. പി.കെ. ബഷീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(206) ഖണ്ഡം 7(1)-ൽ ''വിനിർദ്ദേശിച്ചേക്കാവുന്ന'' എന്ന വാക്കിനു പകരം ''വ്യക്തമാക്കുന്ന'' എന്ന വാക്കും ''പദവിയിലുള്ള'' എന്ന വാക്കിനു പകരം ''പദവി വഹിക്കുന്ന'' എന്നീ വാക്കുകളും ചേർക്കുക.

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(209) ഖണ്ഡം 7(1)-ൽ ''സ്ഥാപിക്കാവുന്നതാണ്'' എന്ന വാക്കിനു പകരം ''സ്ഥാപിക്കേണ്ടതാണ്'' എന്ന വാക്കു ചേർക്കുക.

(213) ഖണ്ഡം 7(4) നീക്കം ചെയ്യുക.

സർ, പ്രത്യേക കോടതികൾ 'സ്ഥാപിക്കാവുന്നതാണ്' എന്നാണ് പറഞ്ഞത്. അത് മാൻഡേറ്ററിയാക്കണം. 'സ്ഥാപിക്കേണ്ടതാണ്' എന്നാക്കണം. സ്ഥാപിക്കാവുന്നതാണെന്ന് പറഞ്ഞാൽ കോടതി ഒരിക്കലും സ്ഥാപിക്കപ്പെടാൻ പോകുന്നില്ല. സർക്കാരിന് വേണമെങ്കിൽ സ്ഥാപിക്കാം; വേണ്ടെങ്കിൽ സ്ഥാപിക്കണ്ട. അപ്പോൾ അത് മാൻഡേറ്ററിയാക്കണമെന്നുള്ളതാണ്.

ഖണ്ഡം 7(4)-ൽ ഏതെങ്കിലും കേസിന്റെ വിചാരണ വേളയിൽ പ്രത്യേക കോടതിക്ക് ഒരു കുറ്റം കൂടാതെ 73-ലെ ക്രിമിനൽ നടപടി സംഹിത പ്രകാരം പ്രതിക്കുമേൽ ചുമത്തപ്പെടാവുന്ന ഏതൊരു കുറ്റവും കൂടി അതേ വിചാരണയ്ക്കൊപ്പം വിചാരണ ചെയ്യാവുന്നതാണ്. അതായത്, ഈ കുറ്റത്തിന്റെ പേരിൽ വിചാരണ ചെയ്യപ്പെടുന്ന പ്രതിയുടെ പേരിൽ മറ്റേതെങ്കിലും ക്രിമിനൽ കേസുണ്ടെങ്കിൽ അതും വിചാരണ ചെയ്യപ്പെടാവുന്നതാണ്. അത് ഏറ്റവും അവ്യക്തമാണ്. ആ ക്ലോസ് ഡിലീറ്റ്

ചെയ്യണമെന്നാണ്. അതായത് ഇയാളുടെ പേരിൽ കൊലക്കേസ്സുണ്ടെങ്കിൽ അതുംകൂടി വിചാരണ ചെയ്യാനാകുമോ? ഈ കുറ്റത്തിന്റെ പേരിൽ അറസ്റ്റ് ചെയ്യുന്ന പ്രതിയുടെ പേരിലുള്ള എല്ലാ കുറ്റങ്ങളും ഈ കോടതിയാലാണോ വിചാരണ ചെയ്യപ്പെടേണ്ടത്.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(210) ഖണ്ഡം 7(2)-ൽ "കാര്യത്തെ സംബന്ധിച്ചും" എന്നീ വാക്കുകൾക്കുശേഷം "പ്രത്യേക കോടതികൾ നിലവിൽ വന്നശേഷം" എന്നീ വാക്കുകൾ ചേർക്കുക.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഈ ബില്ലിലെ വ്യവസ്ഥകൾ പര്യാപ്തമാണ്. അതുകൊണ്ട് ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, കോടതിയെ സംബന്ധിച്ച് എങ്ങനെയാണ് ഉദ്ദേശിക്കപ്പെട്ടിരിക്കുന്നതെന്ന് മന്ത്രി വ്യക്തമാക്കണം.

ശ്രീ. കെ. എം. മാണി : സർ, അതിന് കോടതിക്ക് അധികാരമുണ്ട്. ഏതെങ്കിലും കേസിന്റെ വിചാരണ വേളയിൽ പ്രത്യേക കോടതിക്ക് 5-ാം വകുപ്പിൽ പരാമർശിച്ചിട്ടുള്ള കുറ്റം കൂടാതെ 73-ലെ ക്രിമിനൽ നടപടി നിയമസംഹിത പ്രകാരം പ്രതിക്കുമേൽ ചുമത്തപ്പെടാവുന്ന ഏതൊരു കുറ്റവും കൂടി അതേ വിചാരണയ്ക്കൊപ്പം വിചാരണ ചെയ്യാവുന്നതിനുള്ള അധികാരമുണ്ട്. ഈ നിയമപ്രകാരം കോടതിക്ക് അധികാരം കൊടുക്കുകയാണ്. ഡിസ്ട്രിക്ട് കോടതിപോലെ തന്നെയാണിത്. ഒരു

കോടതിയെ സംബന്ധിച്ചിടത്തോളം ഈ അധികാരവുംകൂടി കൊടുക്കുകയാണ്. ഈ നിയമസഭയ്ക്ക് അതിന് അധികാരമുണ്ട്.

ശ്രീ. പി.കെ. ബഷീർ അവതരിപ്പിച്ച 206–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 209, 213 എന്നീ നമ്പർ ഭേദ ഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ അവതരിപ്പിച്ച 210–ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു

മി. സ്പീക്കർ: 7–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ....................

പ്രതികൂലിക്കുന്നവർ.....................

7–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

7–ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## 8–ാം വകുപ്പ്

ശ്രീ. എം. ഹംസ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(214) ഖണ്ഡം 8(1)–ൽ ''പകർപ്പ് സഹിതം ഒരു നോട്ടീസ്'' എന്നീ വാക്കുകൾക്കുശേഷം ''പതിനഞ്ചു ദിവസത്തിനകം'' എന്നീ വാക്കുകൾ ചേർക്കുക.

(217) ഖണ്ഡം 8(1)-ൽ ''ഉള്ള കാരണം എന്തെങ്കിലും ഉണ്ടെങ്കിൽ'' എന്നീ വാക്കുകൾക്കുശേഷം ''മുപ്പതു ദിവസത്തിനകം'' എന്നീ വാക്കുകൾ ചേർക്കുക.

(220) ഖണ്ഡം 8(2)-ൽ ''ഉത്തരവ് പരിപൂർണ്ണമാക്കുന്നതിനെതിരെ ആക്ഷേപം'' എന്നീ വാക്കുകൾക്കുശേഷം ''ആറുമാസത്തിനകം'' എന്ന വാക്ക് ചേർക്കുക.

(221) ഖണ്ഡം 8(4)-ൽ ''നിശ്ചിത തീയതിക്കോ'' എന്നീ വാക്കുകൾക്കു പകരം ''മുപ്പത് ദിവസമോ'' എന്നീ വാക്കുകൾ ചേർക്കുക.

(238) ഖണ്ഡം 8 (8) ൽ 'ആവശ്യമായ ഉത്തരവ് ' എന്നീ വാക്കുകൾക്കു ശേഷം 'നൂറ്റി എൺപത് ദിവസത്തിനകം പുറപ്പെടുവിക്കുകയും തുകകൾ വിതരണം ചെയ്യേണ്ടതുമാണ്' എന്നീ വാക്കുകൾ ചേർക്കുകയും ശേഷിക്കുന്നവ ഒഴിവാക്കുകയും ചെയ്യുക.

ശ്രീ. കെ. എം. ഷാജി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(215). ഖണ്ഡം 8(1)-ൽ,

(i) ''നിശ്ചയിച്ചേക്കാവുന്ന'' എന്ന വാക്കിനു പകരം ''അറിയിപ്പു നൽകുന്ന'' എന്നീ വാക്കുകൾ ചേർക്കുക;

(ii) ''പരിപൂർണ്ണമാക്കാതിരിക്കുവാൻ'' എന്ന വാക്കിനു പകരം ''സ്ഥിരപ്പെടുത്താതിരിക്കുവാൻ'' എന്ന വാക്കു ചേർക്കുക.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(218) ഖണ്ഡം 8(2)–ൽ

(i) ''വസ്തുവിൽ'' എന്ന വാക്കിനുപകരം ''പണത്തിലോ, വസ്തുവിലോ'' എന്നീ വാക്കുകൾ ചേർക്കുക.

(ii) ''ഉണ്ടാകുവാൻ സാദ്ധ്യതയുണ്ടെന്നോ'' എന്നീ വാക്കുകൾ ഒഴിവാക്കുക.

(iii) ''അയാൾ അങ്ങനെ ആഗ്രഹിക്കുന്നപക്ഷം'' എന്നീ വാക്കുകൾക്ക് പകരം ''പണത്തിന്മേലോ'' എന്ന വാക്ക് ചേർക്കുക.

(iv) ''പരിപൂർണ്ണമാക്കുന്നതിനെതിരെ'' എന്ന വാക്കിന് പകരം ''സ്ഥിരപ്പെടുത്തുന്നതിനെതിരെ'' എന്ന വാക്ക് ചേർക്കുക.

ശ്രീ. ജെയിംസ് മാത്യു സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(219) ഖണ്ഡം 8(2)–ൽ ''അയാൾ'' ''അയാൾക്ക്'' എന്നീ വാക്കുകൾക്കുപകരം ''യഥാക്രമം അവർ'' ''അവർക്ക്'' എന്നീ വാക്കുകൾ ചേർക്കുക.

(219 എ) ഖണ്ഡം 8(2)–ൽ ''പരിപൂർണ്ണമാക്കുന്നതിനെതിരെ'' എന്ന വാക്കിനുപകരം ''സ്ഥിരപ്പെടുത്തുന്നതിനെതിരെ'' എന്ന വാക്ക് ചേർക്കുക.

ശ്രീ. ബി. ഡി. ദേവസ്സി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(222) ഖണ്ഡം 8(4) ൽ "പരിപൂർണ്ണമാക്കി" എന്ന വാക്കിന് പകരം "സ്ഥിരപ്പെടുത്തി" എന്ന വാക്ക് ചേർക്കുക.

(224) ഖണ്ഡം 8(5)ൽ "അഥവാ താൽപ്പര്യം" എന്നീ വാക്കുകൾ ഒഴിവാക്കുക.

ശ്രീ. പി.ബി. അബ്ദുൾ റസാക്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(223) ഖണ്ഡം 8(5) ൽ "അയാൾക്ക് ജപ്തി ചെയ്ത" എന്ന വാക്കുകൾക്കുശേഷം "പണത്തിന്മേലോ" എന്ന വാക്ക് ചേർക്കുക.

(229) ഖണ്ഡം 8(6) ൽ "പരിപൂർണ്ണമാക്കിക്കൊണ്ടോ" എന്ന വാക്കിനു പകരം " സ്ഥിരപ്പെടുത്തിക്കൊണ്ടോ " എന്ന വാക്ക് ചേർക്കുക

ശ്രീ. രാജു എബ്രഹാം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(230) ഖണ്ഡം 8(6) ൽ "പരിപൂർണ്ണമാക്കിക്കൊണ്ടോ, അത് വ്യത്യാസപ്പെടുത്തി ഒരു ഭാഗം വസ്തു ജപ്തിയിൽ നിന്ന് വിടുതൽ ചെയ്തുകൊണ്ടോ ജപ്തി ചെയ്തുകൊണ്ടുള്ള ഇടക്കാല ഉത്തരവ്" എന്നീ വാക്കുകൾക്കു പകരം "സ്ഥിരപ്പെടുത്തിക്കൊണ്ടോ ഭേദഗതി വരുത്തിക്കൊണ്ടോ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. എൻ.എ. നെല്ലിക്കുന്ന്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(234) ഖണ്ഡം 8 (7) ൽ,

(i) "പരിപൂർണ്ണമാക്കപ്പെടുന്ന പക്ഷം" എന്ന വാക്കിന് പകരം

"സ്ഥിരപ്പെടുത്തുന്ന പക്ഷം" എന്ന വാക്ക് ചേർക്കുക.

(ii) "ക്ഷമതയുള്ള അധികാരസ്ഥാനം" എന്നീ വാക്കുകൾക്കു പകരം "നിർവ്വഹണ അധികാരി" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. കെ. ദാസൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(235) ഖണ്ഡം 8 (7) ൽ "ക്ഷമതയുള്ള അധികാരസ്ഥാനം" എന്നീ വാക്കുകൾക്കു പകരം "ഉത്തരവാദപ്പെട്ട അധികാരി" എന്നീ വാക്കുകൾ ചേർക്കുക.

(236) ഖണ്ഡം 8 (8) ൽ "ക്ഷമതയുള്ള അധികാരസ്ഥാനത്തിന്റെ" എന്നീ വാക്കുകൾക്കു പകരം "ഉത്തരവാദപ്പെട്ട അധികാരിയുടെ" എന്നീ വാക്കുകൾ ചേർക്കുക.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഈ ബില്ലിലെ വ്യവസ്ഥകൾ പര്യാപ്തമാണ്. അതുകൊണ്ട് ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. എം. ഹംസ അവതരിപ്പിച്ച 214, 217, 220, 221, 238 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ.എം. ഷാജി അവതരിപ്പിച്ച 215-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 218-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. ജെയിംസ് മാത്യു അവതരിപ്പിച്ച 219, 219(എ) എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. ബി.ഡി. ദേവസ്സി അവതരിപ്പിച്ച 222, 224 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പി.ബി. അബ്ദുൾ റസാക് അവതരിപ്പിച്ച 223, 229 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. രാജു എബ്രഹാം അവതരിപ്പിച്ച 230-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എൻ.എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 234-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. ദാസൻ അവതരിപ്പിച്ച 235, 236 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

മി. സ്പീക്കർ: 8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ....................

പ്രതികൂലിക്കുന്നവർ.....................

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## 9-ാം വകുപ്പ്

(ഭേദഗതി അവതരിപ്പിച്ചില്ല)

9-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ....................

പ്രതികൂലിക്കുന്നവർ.....................

9-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

9-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു..

## 10-ാം വകുപ്പ്

ശ്രീ. എം.എ. ബേബി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(241) ഖണ്ഡം 10 ൽ "അങ്ങനെ നൽകാൻ സന്നദ്ധമാകുന്നതും നൽകുന്ന സെക്യൂരിറ്റിയും പ്രത്യേക കോടതിയുടെ അഭിപ്രായത്തിൽ തൃപ്തികരവും മതിയായതും ആണെന്ന് കാണുന്നപക്ഷം, അതിന്, അതതു സംഗതിപോലെ , ജപ്തി ചെയ്യുവാനുള്ള ഉത്തരവ് നൽകാതിരിക്കാവുന്നതോ ജപ്തി ചെയ്യുവാനുള്ള ഇടക്കാല ഉത്തരവ് റദ്ദാക്കാവുന്നതോ ആണ്." എന്നീ വാക്കുകൾക്കു പകരം താഴെപ്പറയുന്ന വാക്കുകൾ ചേർക്കുക "അങ്ങനെ നൽകുന്ന സെക്യൂരിറ്റി, വസൂലാക്കുവാനുള്ള തുകയ്ക്ക് തുല്ല്യമോ, ജപ്തി ചെയ്യപ്പെട്ട വസ്തുവിന്റെ വിലയ്ക്ക് തുല്ല്യമോ ആണെന്ന് കോടതിക്കു ബോധ്യപ്പെടുന്നപക്ഷം ജപ്തി ചെയ്യാനുള്ള ഇടക്കാല ഉത്തരവ് റദ്ദാക്കാവുന്നതാണ്"

<u>ശ്രീ. എം. ഹംസ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(242) ഖണ്ഡം 10–ൽ "പ്രത്യേക കോടതിയുടെ അഭിപ്രായത്തിൽ തൃപ്തികരവും മതിയായതും" എന്നീ വാക്കുകൾക്കു പകരം "പരാതിയിൽ പറയുന്ന തുകയ്ക്ക് തുല്യമായതും" എന്നീ വാക്കുകൾ ചേർക്കുക.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (<u>ശ്രീ. കെ. എം. മാണി</u>): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

ശ്രീ. എം.എ. ബേബി അവതരിപ്പിച്ച 241–ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എം. ഹംസ അവതരിപ്പിച്ച 242–ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

<u>മി. സ്പീക്കർ</u>: 10–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോയെന്ന

പ്രശ്നത്തെ

അനുകൂലിക്കുന്നവർ....................

പ്രതികൂലിക്കുന്നവർ.....................

10–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

10–ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>11–ാം വകുപ്പ്</u>

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(245) ഖണ്ഡം 11-ൽ "ക്ഷമതയുള്ള അധികാര സ്ഥാനത്തിന്" എന്നീ വാക്കുകൾക്കു പകരം "നിർവ്വഹണ അധികാരിക്ക്" എന്നീ വാക്കുകൾ ചേർക്കുക.

സർ, നിയമങ്ങളൊക്കെ സാധാരണക്കാരനുകൂടി വായിച്ചാൽ മനസ്സിലാകുന്ന രീതിയിലാകണം. മലയാളമാണെങ്കിൽപ്പോലും പല പദപ്രയോഗങ്ങളും ആളുകൾക്ക് പെട്ടെന്ന് മനസ്സിലാക്കാൻ കഴിയാത്തതാണ്. അതുകൊണ്ട് ചെറിയ ഭേദഗതികളൊക്കെ ഉണ്ടാകുന്നത് നല്ലതാണ്. 'ക്ഷമതയുള്ള അധികാര സ്ഥാനത്തിന്' എന്ന വാക്കിന് പകരം 'നിർവ്വഹണ അധികാരിക്ക്' എന്നാക്കിയാൽ കുറച്ചു നന്നായിരിക്കും.

ശ്രീ. എം. ഹംസ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(247) ഖണ്ഡം 11-ൽ "പറയാനുള്ളത് പറയുവാൻ ന്യായമായ ഒരവസരം" എന്നീ വാക്കുകൾക്കു ശേഷം "മുപ്പത് ദിവസം" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീമതി പി. അയിഷാ പോറ്റി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(249) ഖണ്ഡം 11 (ബി) ഒഴിവാക്കുക.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 245-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എം. ഹംസ അവതരിപ്പിച്ച 247–ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീമതി അയിഷാ പോറ്റി അവതരിപ്പിച്ച 249–ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

മി. സ്പീക്കർ: 11–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ....................

പ്രതികൂലിക്കുന്നവർ.....................

11–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

11–ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 12–ാം വകുപ്പ്

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(251) ഖണ്ഡം 12–ൽ "ക്ഷമതയുള്ള അധികാരസ്ഥാനം" എന്നീ വാക്കുകൾക്കുപകരം "നിർവ്വഹണ അധികാരി" എന്നീ വാക്കുകൾ ചേർക്കുക.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഭേദഗതി സ്വീകാര്യമല്ല.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 251-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

മി. സ്പീക്കർ: 12-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ....................

പ്രതികൂലിക്കുന്നവർ.....................

12-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

12-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു..

## 13-ാം വകുപ്പ്

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

259. ഖണ്ഡം 13-ൽ "പത്ത് വർഷത്തിൽ" എന്നീ വാക്കുകൾക്ക് പകരം "പതിനഞ്ച് വർഷത്തിൽ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. എം.എ. വാഹീദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

260. ഖണ്ഡം 13-ൽ "പത്ത് വർഷത്തിൽ" എന്നീ വാക്കുകൾക്ക് പകരം "പതിനാറ് വർഷത്തിൽ "എന്നീ വാക്കുകൾ ചേർക്കുക.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ അവതരിപ്പിച്ച 259–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എം.എ. വാഹീദ് അവതരിപ്പിച്ച 260–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

മി. സ്പീക്കർ: 13–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .....................

പ്രതികൂലിക്കുന്നവർ .......................

13–.ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

13–ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

14–ാം വകുപ്പ്

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

262. ഖണ്ഡം 14(2)–ൽ "സാദ്ധ്യമാകുന്നിടത്തോളം" എന്ന വാക്ക് ഒഴിവാക്കുക.

സാദ്ധ്യമാകാവുന്നിടത്തോളം ക്രിമിനൽ പ്രൊസീഡുവർ കോഡായിരിക്കുമെന്ന് പറയുന്നത് എന്തടിസ്ഥാനത്തിലാണ്; വേറെ ഏതിനെങ്കിലും ഇത് ബാധകമാകുമോ? അത് തികച്ചും അവ്യക്തമായതാണ്, മാറ്റേണ്ടതാണ്.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

266. ഖണ്ഡം 14(2)–നുശേഷം താഴെ പറയുന്ന ഉപവകുപ്പ് ചേർക്കുക.

" (3) പ്രത്യേക കോടതി മുമ്പാകെ വരുന്ന കേസുകൾ പരമാവധി 18 മാസത്തിനകം തീർപ്പാക്കേണ്ടതാണ്. "

സ്വീകരിക്കാവുന്ന ഒരു ഭേദഗതിയാണിത്. അനിശ്ചിതകാലം നീട്ടിക്കൊണ്ടുപോകാതെ 14(3) എന്ന് ചേർത്തുകൊണ്ട് പ്രത്യേക കോടതി മുമ്പാകെ വരുന്ന കേസ്സുകൾ പരമാവധി 18 മാസത്തിനകം തീർപ്പാക്കേണ്ടതാണ്.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, സമയപരിധി നിശ്ചയിക്കുന്നത് ശരിയല്ല. അതിന്റെ ആവശ്യം ഇപ്പോൾ ഇവിടെയില്ല. ഭേദഗതികളൊന്നും സ്വീകാര്യമല്ല.

ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 262-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ അവതരിപ്പിച്ച 266-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

മി. സ്പീക്കർ: 14-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .....................

പ്രതികൂലിക്കുന്നവർ ......................

14-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

14-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## 15-ാം വകുപ്പ്

ശ്രീ. എൻ.എ. നെല്ലിക്കുന്ന്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

267. ഖണ്ഡം 15-ൽ "ആചാരത്തിലോ" എന്ന വാക്കിനുപകരം "നടപടിക്രമത്തിലോ" എന്ന വാക്ക് ചേർക്കുക.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഭേദഗതി സ്വീകാര്യമല്ല.

ശ്രീ. എൻ.എ. നെല്ലിക്കുന്നിന്റെ 267–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

മി. സ്പീക്കർ: 15–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .....................

പ്രതികൂലിക്കുന്നവർ ......................

15–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

15–ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## 16–ാം വകുപ്പ്

ശ്രീ. എം. ഹംസ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

269. ഖണ്ഡം 16(1)–ൽ "പിൽക്കാല പ്രാബല്യത്തോടുകൂടിയോ" എന്നീ വാക്കുകൾ ഒഴിവാക്കുക.

ഇത് ബഹുമാനപ്പെട്ട ചെയർ കൂടി മനസ്സിലാക്കണം. മുൻകാല പ്രാബല്യത്തോടുകൂടിയോ അല്ലെങ്കിൽ പിൽക്കാല പ്രാബല്യത്തോടുകൂടിയോ ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം നിയമസഭ അനുവദിച്ചുകൊടുക്കുകയാണ്. അത് ശരിയല്ല. ഇത് കോടിക്കണക്കിന് രൂപയുടെ വെട്ടിപ്പ് നടത്തിയിട്ടുള്ള വെട്ടിപ്പ് വീരന്മാരെ ശിക്ഷിക്കേണ്ട ഒരു ചട്ടമാണ്. അപ്പോൾ മുൻകാല പ്രാബല്യവും പിൻകാല പ്രാബല്യവും വന്നാൽ മുൻകാല പ്രാബല്യത്തോടുകൂടിയാണെങ്കിൽ നമുക്ക് എല്ലാവരേയും ഉൾപ്പെടുത്താം. പിൽക്കാല പ്രാബല്യത്തോടു

കൂടിയാണെങ്കിൽ ഇതുവരെയുള്ള തട്ടിപ്പ് മുഴുവൻ വെള്ളത്തിലാകും. അതു കൊണ്ട് മുൻകാല പ്രാബല്യം പിൻകാല പ്രാബല്യം എന്നുള്ളത് മാറ്റി നമുക്ക തിനെ പിൽക്കാല പ്രാബല്യം എന്ന് ഉറപ്പിച്ച് വയ്ക്കാനുള്ള ഒരു പ്രൊവിഷൻ വയ്ക്കണം. ഈ സഭ ഇപ്പോൾ അംഗീകരിച്ച 1-ാം വകുപ്പിലെ രണ്ടാമത്തെ ക്ലോസ് ഉടൻ പ്രാബല്യത്തിൽ വരണമെങ്കിൽ ഇങ്ങനെ മുൻകാലം പിൻകാലം എന്ന് പറയരുത്, ഏതാണെന്ന് ഉറപ്പിച്ച് പറയണം. പല ഭേദഗതികളും മാണി സാറിന് അംഗീകരിക്കാൻ സാധിച്ചില്ലെങ്കിൽപ്പിന്നെ മറ്റൊരു മന്ത്രിക്കും അംഗീ കരിക്കാൻ സാധിക്കില്ല. ഏറ്റവും നല്ല നിയമപണ്ഡിതനാണ് അങ്ങ്. അങ്ങ് ഇതുവരെ ഒറ്റ ഭേദഗതിയും അംഗീകരിച്ചിട്ടില്ല. ഒരു ഭേദഗതിയെങ്കിലും അംഗീ കരിക്കണമെന്ന ഒരു അഭ്യർത്ഥനയുണ്ട്.

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പി ക്കുന്നു:

270. ഖണ്ഡം 16(2)-ൽ "വയ്ക്കേണ്ടതും" എന്ന വാക്കിനുപകരം "വയ്ക്കേണ്ടതാണ് "എന്ന വാക്ക് ചേർക്കുക.

ശ്രീ. പി.കെ. ബഷീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പി ക്കുന്നു:

271. ഖണ്ഡം 16(2)-ൽ "ഉണ്ടാക്കേണ്ടതില്ലെന്ന് "എന്ന വാക്കിനുപകരം "ആവശ്യമില്ലെന്ന് "എന്ന വാക്ക് ചേർക്കുക.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, പിൻകാലം, മുൻകാലം എന്നത് ഒരു എനേബ്ലിംഗ് പ്രൊവിഷനാണ്. പിൻകാലം വേണമെങ്കിൽ അതും ആകാം. പിൻകാലം

മാത്രം പറഞ്ഞാൽ ശരിയാകുകയില്ല. പിൻകാലമോ മുൻകാലമോ എന്നുള്ളത് വേണം. ഇവിടെ ഭേദഗതിയുടെ ആവശ്യമില്ല.

ശ്രീ. എം. ഹംസ അവതരിപ്പിച്ച 269-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 270-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 271-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

<u>മി. സ്പീക്കർ</u>: 16-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .....................

പ്രതികൂലിക്കുന്നവർ ......................

16-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

16-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>1-ാം വകുപ്പും പീഠികയും പേരും</u>

<u>ശ്രീ. എം. ഉമ്മർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

107. ഖണ്ഡം 1(1) താഴെപ്പറയുംപ്രകാരം മാറ്റുക:

" (1) ഈ നിയമത്തിന്റെ പേര് '2013-ലെ കേരള ധനകാര്യ സ്ഥാപനങ്ങളിലെ നിക്ഷേപകരുടെ താല്പര്യസംരക്ഷണ നിയമം' എന്നായിരിക്കും. "

മലയാളത്തെ ശ്രേഷ്ഠ ഭാഷാ പദവിലേയ്ക്ക് ഉയർത്തണമെന്ന് ആവശ്യപ്പെടുന്ന ഒരു കാലഘട്ടമാണ്. മലയാളത്തിന് ഒരു സർവ്വകലാശാല കൊണ്ടു

വന്ന ഒരു ഗവൺമെന്റാണ് ഇത്. ആക്ടിന് പകരം മലയാളത്തിൽ ഒരു വാക്കില്ല എന്നുപറയുന്നത് മലയാളത്തിന് കുറച്ചിലാണ്. അതുകൊണ്ട് എന്റെ ഒരു ഭേദഗതി, '2013-ലെ കേരള ധനകാര്യ സ്ഥാപനങ്ങളിലെ നിക്ഷേപകരുടെ താല്പര്യസംരക്ഷണ ആക്ട്' എന്നതിനുപകരം '2013-ലെ കേരള ധനകാര്യ സ്ഥാപനങ്ങളിലെ നിക്ഷേപകരുടെ താല്പര്യസംരക്ഷണ നിയമം' എന്ന് കൊണ്ടുവരണമെന്നാണ്. 'നിയമം' എന്നുള്ളത് വളരെ പ്രചുരപ്രചാരമായി എല്ലാവർക്കും അറിയാവുന്ന ഒരു വാക്കാണ്. ഇതിനായി ഞാൻ ധാരാളം ഡിക്ഷ്നറികൾ പരതി നോക്കി. ടി. രാമലിംഗ പിള്ളയുടെ ഡിക്ഷ്നറിയിൽ 'ആക്ട്' എന്നുപറഞ്ഞാൽ 'നിയമനിർമ്മാണ സഭ പാസ്സാക്കിയെടുത്ത നിയമം' എന്നുപറഞ്ഞിട്ടുണ്ട്. ഞാൻ വേറെ പല ഡിക്ഷ്നറിയും എടുത്ത് പരിശോധിച്ചുനോക്കി. മലയാളത്തിന് ശ്രേഷ്ഠഭാഷാ പദവി നമ്മൾ ആവശ്യപ്പെടുന്ന ഈ കാലഘട്ടത്തിൽ ആക്ടിനുപകരമായി നിയമം എന്നൊരു ഭേദഗതി കൊണ്ടുവരണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നത്. അതുകൊണ്ട് ഈ ഭേദഗതി അങ്ങ് സ്വീകരിക്കുക. നിയമ വകുപ്പുമന്ത്രി എന്നു പറയുന്നത് എല്ലാവർക്കും മനസ്സിലാകും. നിയമ വകുപ്പ്, നിയമസഭ എന്ന് പറയുന്നതുപോലെ 'ആക്ട്' എന്നുള്ളതിന് പകരം 'നിയമം' എന്ന ഭേദഗതി അങ്ങ് സ്വീകരിക്കണം.

ശ്രീ. റ്റി.എ. അഹമ്മദ് കബീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

108. ഖണ്ഡം 1(2) താഴെപ്പറയും പ്രകാരം മാറ്റുക:

" (2) ഇതിന് 2013 ജനുവരി 1 മുതൽ പ്രാബല്യമുണ്ടായിരിക്കും."

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഭേദഗതികൾ സ്വീകാര്യമല്ല. 'നിയമസഭ' എന്നുള്ളത് 'ആക്ട് സഭ' എന്ന് പറയാൻ സാധിക്കുമോ? നിയമം എന്നുപറയുന്നത് Law ആണ്. ഇവ തമ്മിൽ അർത്ഥവ്യത്യാസമുണ്ട്. 'ആക്ട്' എന്നുപറഞ്ഞാൽ എനാക്റ്റ്മെന്റാണ്. ഈ സഭ ഒരു ബില്ല് പാസ്സാക്കിക്കഴിയുമ്പോൾ എനാക്റ്റ്മെന്റിനാണ് ആക്ട് എന്നുപറയുന്നത്. അതുകൊണ്ട് ആക്ട് എന്ന് പറയുന്നത് തന്നെയാണ് കറക്ട്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ആക്ടിനൊരു മലയാള വാക്ക് കണ്ടുപിടിക്കണ്ടേ?

മി. സ്പീക്കർ: അത് വേണം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: അത് കണ്ടുപിടിക്കണം. അതിന്റെ മന്ത്രിയും ബഹുമാനപ്പെട്ട മന്ത്രി തന്നെയല്ലേ? ആക്ട് എന്നതിന് യഥാർത്ഥ ത്തിലുള്ള മലയാള വാക്ക് കണ്ടുപിടിക്കാൻ ഗവൺമെന്റ് തയ്യാറാകണം.

ശ്രീ. കെ.എം. മാണി: സർ, ചില വാക്കുകൾ ഇംഗ്ലീഷ് വാക്കാണെങ്കിലും അത് മലയാളമായി മാറുകയാണ്. അങ്ങനെ നമ്മൾ ആ ഇംഗ്ലീഷ് വാക്ക് തന്നെ സ്വീകരിക്കുന്നു.

മി. സ്പീക്കർ: ശ്രീ. കോടിയേരി ബാലകൃഷ്ണൻ, അങ്ങേയ്ക്ക് സ്വിച്ചിന്റെ മലയാളം അറിയാമോ? ഒരു പേജ് മുഴുവൻ എഴുതണം. അതു കൊണ്ട് ചില വാക്കുകൾ അങ്ങനെ തന്നെ സ്വീകരിക്കണം.

ശ്രീ. കെ.എം. മാണി: സർ, ബഞ്ച് എന്ന വാക്ക് ഇംഗ്ലീഷാണ്. മലയാള ത്തിലും അങ്ങനെതന്നെയാണ് ഉപയോഗിക്കുന്നത്. കോടിയേരി ബാലകൃ

ഷ്ണൻ – അത് മലയാളത്തിലും ബാലകൃഷ്ണനാണ്, ഇംഗ്ലീഷിലും ബാലകൃഷ്ണനാണ്, തമിഴിലായാലും ബാലകൃഷ്ണനാണ്.

ശ്രീ. എം.എ. ബേബി: സർ, മലയാളത്തിലെ എല്ലാ വിദേശ പദങ്ങൾക്കും തത്തുല്യമായ പദമുണ്ടാക്കാൻവേണ്ടിയാണ് ഡോ. എൻ.വി. കൃഷ്ണവാര്യർ ചെയർമാനായി ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഉണ്ടാക്കിയത്. ആ സമയത്ത്, 'ഭാഷാ സ്ഥാപന'മെന്ന് വേണമോ; 'ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് 'എന്ന് വേണമോ എന്ന് ചർച്ച ചെയ്തതാണ്. അവസാനം തീരുമാനിച്ചത് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടെന്നാണ്. കാരണം, ഇൻസ്റ്റിറ്റ്യൂട്ട് എന്ന പദത്തിന്റെ അർത്ഥവ്യാപ്തി മുഴുവൻ സ്ഥാപനമെന്നുവന്നാൽ വരില്ല. ചില പദങ്ങളുടെ കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് ശരിയാണ്. എന്നാലും ഇതിനുവേണ്ടിയുള്ള അന്വേഷണം നമ്മൾ തുടരണം.

ശ്രീ. കെ.എം. മാണി: സർ, ആക്ട് എന്ന വാക്കിനു പകരം മറ്റൊരു വാക്ക് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് തരുന്നതുവരെ ഞാൻ പറഞ്ഞത് സ്വീകാര്യമായിരിക്കട്ടെ. ഒരു റിസർച്ച് നടത്തി ആ വാക്ക് കണ്ടുപിടിച്ചുതരുന്നതുവരെ നമുക്ക് ആക്ട് എന്നുതന്നെ സ്വീകരിക്കാം. അതിലൊരു പിശകുമില്ല.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 107–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. റ്റി.എ. അഹമ്മദ് കബീർ അവതരിപ്പിച്ച 108–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

മി. സ്പീക്കർ: 1–ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .....................

പ്രതികൂലിക്കുന്നവർ ......................

1–ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1–ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## 3–ാം വായന

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, 2012–ലെ കേരള ധനകാര്യ സ്ഥാപനങ്ങളിലെ നിക്ഷേപകരുടെ താല്പര്യസംരക്ഷണ ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2012–ലെ കേരള ധനകാര്യ സ്ഥാപനങ്ങളിലെ നിക്ഷേപകരുടെ താല്പര്യസംരക്ഷണ ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .....................

പ്രതികൂലിക്കുന്നവർ ......................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

(കേരള ക്ഷീരകർഷക ക്ഷേമനിധി (ഭേദഗതി) ബിൽ)

ശ്രീ. ഇ. പി. ജയരാജൻ: സർ, ഞാൻ ഈ നിയമത്തിന് ഒരു വിയോജനക്കുറിപ്പ് നൽകിയിട്ടുണ്ട്. ഇത് കേരളത്തിലെ, കന്നുകാലി വളർത്തലിൽ ഏർപ്പെട്ടിരിക്കുന്ന 830000–ത്തോളം വരുന്ന പാവപ്പെട്ട കുടുംബങ്ങളുടെ പ്രശ്നമാണ്. കേരള ക്ഷീരകർഷക ക്ഷേമനിധി ആക്ട് നടപ്പിലാക്കിയത്

2007–ലാണ്. പിന്നീട് ആ നിയമത്തിന് ഒരു ഭേദഗതി കൊണ്ടുവന്നത് 2010–ലാണ്. മൂലനിയമത്തിലും 2010–ലെ ഭേദഗതിയിലും ഉണ്ടായിട്ടുള്ള പ്രശ്നങ്ങളെ അടിസ്ഥാനപ്പെടുത്തി ക്ഷീരകർഷകർ അനുഭവിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാനുള്ള ചില ഭേദഗതികളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതിലുള്ള ഭേദഗതികൾ കൃഷിക്കാർക്ക് ആശ്വാസം കൊടുക്കുന്നതല്ല. ഇവിടെ കൊണ്ടുവന്നിട്ടുള്ള ഭേദഗതികളിൽ, ഏത് വകുപ്പിന്റെയും ഉപവകുപ്പെടുത്തുനോക്കിയാൽ മിൽമയ്ക്ക് സാമ്പത്തിക ലാഭം ലഭ്യമാക്കുകയെന്നുള്ളതല്ലാതെ ക്ഷീരകൃഷിക്കാർക്ക് ഒരുതരത്തിലുള്ള സഹായങ്ങളും ലഭ്യമാക്കത്തക്കനിലയിലുള്ള ഭേദഗതിയല്ല. അതുകൊണ്ടാണ് ഞാൻ ഭേദഗതിക്ക് ഒരു വിയോജനക്കുറിപ്പ് കൊടുത്തത്. ക്ഷീരകർഷകർ വളരെ ദരിദ്രരായ ജനവിഭാഗമാണ്. കേരളത്തിലെ മുഴുവൻ കർഷകരേയും തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി അവർക്ക് ആശ്വാസം കൊടുക്കാനുള്ള നടപടികൾ സ്വീകരിക്കണം. കേരളത്തിൽ മിൽമയുടെ പാലിന്റെ വില ഇടയ്ക്കിടയ്ക്ക് വർദ്ധിപ്പിച്ചുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് മിൽമയ്ക്ക് ലാഭമുണ്ടാകുമെന്നുള്ളതല്ലാതെ ക്ഷീരോൽപ്പാദകരായ കൃഷിക്കാർക്ക് യാതൊരു നേട്ടങ്ങളും ലഭിക്കുന്നില്ല. കഴിഞ്ഞ ചുരുക്കം കാലഘട്ടത്തിനുള്ളിൽ അഞ്ചുരൂപ വീതം രണ്ടുപ്രാവശ്യം വില വർദ്ധിപ്പിച്ചു. എങ്കിലും കൃഷിക്കാർക്ക് യാതൊരു ആശ്വാസവും കൊടുത്തില്ല. അഞ്ചുരൂപ വർദ്ധിപ്പിച്ചപ്പോൾ അഞ്ചുരൂപയിൽ നാല് രൂപ 20 പൈസ ക്ഷീരകർഷകർക്ക് നൽകുമെന്നാണ് പറഞ്ഞത്. പക്ഷേ, ഫലത്തിൽ ക്ഷീരകർഷകർക്ക് ആനുകൂല്യം കൊടുക്കാതിരിക്കുന്ന നിലപാടാണ് സ്വീകരിച്ചത്. അതിന് കണ്ടുപിടിച്ചിരിക്കുന്ന വിദ്യ, 3.5 ശതമാനം കൊഴുപ്പും 8.5 ശതമാനം കൊഴുപ്പിതര ഘടകങ്ങളുമു

ണ്ടെങ്കിൽ മാത്രമേ ഈ പറഞ്ഞ ആനുകൂല്യങ്ങൾ ക്ഷീരോൽപ്പാദകർക്ക് കൊടുക്കൂവെന്ന നിലപാട് സ്വീകരിച്ചു. ഫലത്തിൽ ക്ഷീരകൃഷിക്കാർക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന വിലതന്നെ ലഭിക്കാത്ത സാഹചര്യമുണ്ടായി. അതുകൊണ്ട് പാലിന്റെ വിലവർദ്ധനവുണ്ടാകുന്ന ഘട്ടത്തിൽ ക്ഷീരകർഷകർക്ക് ആനുകൂല്യം ലഭ്യമാക്കാനുള്ള ഒരു വ്യവസ്ഥയും ഈ ബില്ലിൽ ഇല്ല. ഇത് കൃഷിക്കാർക്ക് വേണ്ടിയുള്ളതല്ല. അതുകൊണ്ടാണ് ഞാൻ ഇതിന് വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയത്. ക്ഷീരകർഷകർക്ക് ക്ഷേമനിധിയിൽ അംശദായം അടയ്ക്കുന്നതിന് ആനുപാതികമായിട്ടുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള വ്യവസ്ഥകൾ ഈ ബില്ലിൽ ഇല്ല. ക്ഷീരകർഷകർക്ക് 300 രൂപയാണ് ഇപ്പോൾ പെൻഷൻ പറഞ്ഞിരിക്കുന്നത്. അതിൽ വർദ്ധനവ് കൊടുക്കാമെന്ന് പറയുന്നുണ്ട്. ചുരുങ്ങിയത് 1000 രൂപയെങ്കിലും കേരളത്തിലെ ക്ഷീരകർഷകർക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നാണ് ഞാൻ നിർദ്ദേശിക്കുന്നത്. കേരളത്തിൽ പാലുൽപ്പാദന, വിതരണരംഗത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സ്ഥാപനമാണ് മിൽമ. പാലുൽപ്പാദനവും സംഭരണവും വിതരണവുമാണ് അവരുടെ പ്രധാനപ്പെട്ട ചുമതല. മിൽമയ്ക്ക് പുറമെ പതിനായിരക്കണക്കിന് ക്ഷീരോൽപ്പാദകരുണ്ട്. അവരെക്കൂടി ഈ നിയമത്തിന്റെ പരിധിക്കകത്ത് കൊണ്ടുവരാനുള്ള നടപടി സ്വീകരിക്കണം. കേരളത്തിൽതന്നെ മിൽമയുടെ നിലപാട് ഗവൺമെന്റ് ഗൗരവത്തിൽ പരിശോധിക്കണം. പ്രതിദിനം 8,30,000 ലിറ്റർ പാലാണ് മിൽമ ഉൽപ്പാദിപ്പിക്കുന്നത്. അവരുടെ വിൽപ്പന 13 ലക്ഷം ലിറ്ററാണ്. എങ്ങനെയാണ് ഈ മഹാവിദ്യ മിൽമ കൈകാര്യം ചെയ്യുന്നത്? തമിഴ്നാട്ടിൽനിന്ന് പാൽപ്പൊടി കലക്കി മിൽമ്മയുടെ പാക്കറ്റിലാക്കി ഇവിടെ കൊണ്ടുവന്ന്

മാർക്കറ്റ് ചെയ്യുകയാണ്. അതിന് ഗുണനിലവാരമില്ല. അതുകൊണ്ട് ക്ഷീരോൽപ്പാദകരായ കൃഷിക്കാരിൽനിന്നും പാൽ വാങ്ങി സംഭരിച്ച് മാർക്കറ്റ് ചെയ്യുകയെന്നുള്ളതാണ് ഇവിടെ സ്വീകരിക്കേണ്ട നയം. 5 ലക്ഷം ലിറ്റർ കൃത്രിമ പാൽ കേരളത്തിൽ മാർക്കറ്റ് ചെയ്യുമ്പോൾ കഴിഞ്ഞ രണ്ടുഘട്ടങ്ങളിലും അഞ്ചുരൂപാവീതം ഈ പാലിന്റെ വില വർദ്ധിപ്പിച്ചു. അത് കൃഷിക്കാർക്ക് ലഭിക്കുന്നില്ല. ചുരുക്കത്തിൽ ഈ സ്ഥാപനത്തിനുവേണ്ടി അവർ നടത്തിക്കൊണ്ടിരിക്കുന്ന ധൂർത്തിന് പണമുണ്ടാക്കാനുള്ള നടപടി യായി പരിമിതപ്പെടുകയാണ്. അതുകൊണ്ട് ഈ കാര്യം ഗവൺമെന്റ് ഗൗരവത്തിൽ കാണണം. ഇവിടെ ക്ഷീരോൽപ്പാദകരായ കൃഷിക്കാർക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കണം. കേരളത്തിലെ ക്ഷീരോൽപ്പാദകരായ കൃഷിക്കാർ അനുഭവിക്കുന്ന ഏറ്റവും വലിയ പ്രശ്ന മാണ് കാലിത്തീറ്റയുടെ അടിക്കടിയുണ്ടാകുന്ന വിലവർദ്ധനവ്. ചാക്കിന് 450 രൂപയുണ്ടായിരുന്ന കാലിത്തീറ്റ ഇപ്പോൾ 950 രൂപയിലെത്തി. കേരള ഫീഡ്സ് എലൈറ്റ് കാലിത്തീറ്റയ്ക്ക് ഇപ്പോൾ 980 രൂപയാണ് വില. 25 ലിറ്റർ പാൽ തരുന്ന സങ്കരയിനം പശുവിന് പ്രതിദിനം 15 കിലോയെങ്കിലും കാലിത്തീറ്റ നൽകണം. ഇപ്പോൾ നമ്മുടെ നാട്ടിൽ പുല്ലും വൈക്കോലും തീരെ ലഭ്യമല്ല. അതുകൊണ്ട് വലിയ തോതിലുള്ള ചെലവാണ് കൃഷിക്കാർ അനുഭവിക്കുന്ന ത്. കാലിത്തീറ്റയുടെ അസംസ്കൃത വസ്തുക്കളായ തവിട്, പിണ്ണാക്ക്, പരുത്തിക്കുരു, മൊളാസസ് എന്നിവയുടെ ലഭ്യത കുറഞ്ഞുവരികയാണ്. അതുകൊണ്ട് കൃഷിക്കാരെ സഹായിക്കുന്നതിനുവേണ്ടി കാലിത്തീറ്റയ്ക്ക് 50 ശതമാനം സബ്സിഡി കൊടുക്കുവാനുള്ള ഒരു നിലപാടുകൂടി സ്വീകരിച്ചു

കൊണ്ട് കൃഷിക്കാരുടെ താല്പര്യത്തിന് മുൻതൂക്കം കൊടുക്കുന്ന, അത് പരിഗണിക്കപ്പെടുന്ന ഒരു ബില്ലായി ഈ ആക്ട് മാറ്റിത്തീർക്കാൻ ബഹുമാനപ്പെട്ട മന്ത്രി പരിശ്രമിക്കേണ്ടതുണ്ട്. ഈ ബിൽ അതിന് പര്യാപ്തമല്ലായെന്നുള്ളതു കൊണ്ടാണ് ഞാൻ ഇതിന് വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയത്.

ശ്രീ. എസ്. ശർമ്മ: സർ, സമയമെടുത്ത് സംഭാഷണത്തിന് മുതിരുന്നില്ല. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2013-ലെ കേരള ക്ഷീര കർഷക ക്ഷേമനിധി (ഭേദഗതി) ബില്ലിന് എന്റെ വിയോജിപ്പ് ഇവിടെ രേഖപ്പെടുത്തുകയാണ്. ആ വിയോജനക്കുറിപ്പിന്റെ സാരാംശം എനിക്കുമുമ്പ് സംസാരിച്ച ബഹുമാന്യനായ സഖാവ് ശ്രീ. ഇ. പി. ജയരാജൻ ഇവിടെ വിശദീകരിച്ചു. കേരളം ക്ഷീരോൽപ്പാദന രംഗത്ത് ഇന്ത്യയിൽ 13-ാം സ്ഥാനത്താണ്. എട്ടരലക്ഷം ക്ഷീരകർഷക കുടുംബങ്ങൾ ഉപജീവനമാർഗ്ഗമായി സ്വീകരിച്ചിട്ടുള്ള, ഭക്ഷ്യസുരക്ഷയുടെയും ആരോഗ്യസുരക്ഷയുടെയും അവിഭാജ്യഘടകമായ ഒരു പ്രധാന മേഖലയാണ് ക്ഷീരമേഖല. ഈ ക്ഷീരമേഖലയിൽ എട്ടരലക്ഷം കുടുംബങ്ങളുണ്ട്. പക്ഷേ ക്ഷേമനിധിയിൽ അതിന്റെ എട്ടിലൊന്ന് പോലുമില്ല. യഥാർത്ഥത്തിൽ കേരളത്തിലെ ക്ഷീരകർഷകരെ മുഴുവൻ അഡ്രസ് ചെയ്യാവുന്ന വിധത്തിൽ ഈ ക്ഷേമനിധിയുടെ അടിത്തറ വിപുലീകരിക്കുന്നതിനും അതിന് ക്ഷേമനിധിയെ പ്രാപ്തമാക്കുന്നതിനും ഗവൺമെന്റ് സഹായത്തോടുകൂടി പങ്കുവഹിക്കുന്നതിനുള്ള ദിശാബോധമുണ്ടാക്കുന്നതിന് തീർച്ചയായും ഇതൊരു പ്രചോദനമായി തീരുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. 2020-ടുകൂടി കേരളത്തിൽ പാലിന്റെ ആവശ്യകത 110 ലക്ഷം ലിറ്റർ ആകും. എട്ടുവർഷം കൊണ്ട് 50 ലക്ഷം ലിറ്റർ പാൽ അധികം ഉൽപ്പാദിപ്പിക്കേണ്ടിവരും. കേരളത്തിന്റെ ആവശ്യകത കൂടുകയും ആവശ്യത്തിനനുസ

രിച്ച് ഉൽപ്പാദനം ഇല്ലാതിരിക്കുകയും ചെയ്യുന്നത് വൻതോതിലുള്ള കമ്മിയിലേയ്ക്കും, മറ്റ് സംസ്ഥാനങ്ങൾ ഇപ്പോൾ ആശ്രയിക്കുന്നതുപോലെ ദീർഘകാലാടിസ്ഥാനത്തിൽ വൻതോതിൽ ആശ്രയിക്കുവാൻ നിർബന്ധിതമായിത്തീരുകയും ചെയ്യേണ്ടിവരുമെന്നുള്ളത് അതീവ ഗൗരവകരമായി കണ്ടുകൊണ്ട്, ദീർഘവീക്ഷണത്തോടുകൂടിയുള്ള ഒരു സയന്റിഫിക് പാൽ മാനേജ്മെന്റ് നയംതന്നെ ഇക്കാര്യത്തിൽ ആവിഷ്ക്കരിക്കുന്നത് നന്നായിരിക്കുമെന്ന് കണക്കാക്കുകയാണ്. ബഹുമാനപ്പെട്ട അംഗം ഇ. പി. ജയരാജൻ ചൂണ്ടിക്കാണിച്ചതുപോലെ, നമുക്ക് ഏവർക്കും അറിവുള്ളതുപോലെ, ഇടത്തട്ടുകാരുടെ ചൂഷണത്തിൽനിന്നും ക്ഷീരകർഷകരെ ഒഴിവാക്കുന്നതിനുവേണ്ടിയാണ് മിൽമ രൂപീകരിക്കപ്പെട്ടത്. ഇടത്തട്ടുകാരുടെ ചൂഷണത്തിൽനിന്നും സംരക്ഷണം നൽകി കൃഷിക്കാരന്റെ ഒരു രക്ഷാകവചവും കൺസ്യൂമറുടെ ഒരു സുഹൃത്തും എന്ന കൺസെപ്റ്റാണ് മിൽമ രൂപീകരിക്കപ്പെടുമ്പോൾ മൗലികമായി പ്രവർത്തിച്ചത്. എന്നാൽ കൺസ്യൂമർക്ക് ദ്രോഹവും കൃഷിക്കാർക്ക് ശിക്ഷയും നൽകുന്ന ദൗത്യമെന്ന നിലയിലാണ് മിൽമ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ആ സ്ഥിതിയിൽ മാറ്റം വരണം. പാലിന്റെ വില വർദ്ധിപ്പിച്ചപ്പോൾ കൊഴുപ്പിന്റെ ഘടകം 3.5%, കൊഴുപ്പേതര ഘടകം 8.5%, ഈ പെർസന്റേജ് നിശ്ചയിച്ച് വർദ്ധനവിന്റെ ആനുകൂല്യം കൃഷിക്കാരന് കിട്ടാത്ത വിധത്തിലുള്ള കണ്ടീഷൻസാണ് മിൽമ വച്ചത്. ഇതിന്റെ ഫലമായി വർദ്ധനവിന്റെ നേട്ടം കൃഷിക്കാർക്ക് ലഭിക്കാതിരിക്കുകയും വിലവർദ്ധനവ് കൺസ്യൂമറെ പ്രതികൂലമായി ബാധിക്കുകയും ചെയ്യും. കൺസ്യൂമറിന്റെ സുഹൃത്തും കൃഷിക്കാരന്റെ രക്ഷകനുമായി പ്രവർത്തിക്കേണ്ട മിൽമയുടെ പ്രവർത്തനത്തിന്റെ ഫലമായി ഒരേസമയത്ത് ഇരട്ടദോഷം സംഭവിക്കാവുന്ന വിധത്തിലേയ്ക്ക് കാര്യങ്ങൾ നീങ്ങുന്നു. ഇപ്പോൾ സ്വീകരിക്കുന്ന ഈ സമീപനം

മിൽമയെക്കൊണ്ട് തിരുത്തിക്കാൻ സഹായകരമാകുന്ന വിധത്തിൽ ഗവൺമെന്റ് ഇടപെടണം. ഞാൻ അധികം സമയമെടുക്കുന്നില്ല. കർണ്ണാടക, തമിഴ്നാട് എന്നീ സ്റ്റേറ്റുകളിൽ നമ്മുടെ സ്റ്റേറ്റിനെ അപേക്ഷിച്ച്പാലിന് ഇപ്പോൾ വിലക്കുറവാണ്. പക്ഷേ സ്റ്റേറ്റ് ഗവൺമെന്റ് സബ്സിഡി കൊടുക്കുന്നുണ്ട് എന്നതാണ് ബേസിക്കായിട്ടുള്ള കാര്യം. നമുക്ക് സബ്സിഡിയില്ല. അപ്പോൾ നമ്മുടെ ഭക്ഷ്യസുരക്ഷയുടെയും ആരോഗ്യസുരക്ഷയുടെയും അവിഭാജ്യഘടകമാണെന്ന് കണ്ടുകൊണ്ടുള്ള ഒരു ഇടപെടൽ ഉണ്ടാകണം. വരുന്ന ബഡ്ജറ്റിലെങ്കിലും പാലിന്റെ കാര്യത്തിൽ കേരളത്തിന്റെ ഭാവിയെ മുൻനിറുത്തിക്കൊണ്ട് മറ്റ് അയൽ സംസ്ഥാനങ്ങൾ സ്വീകരിക്കുന്നതുപോലെ മാതൃകാപരമായി സബ്സിഡി കൊടുക്കുന്നതിനുള്ള സമീപനം സ്വീകരിക്കണം. അത് പാൽ കർഷകനെ ഒരേസമയത്ത് സംരക്ഷിക്കലായിരിക്കും. കൺസ്യൂമർക്ക് വിലക്കയറ്റം ഫീൽ ചെയ്യുകയില്ല. കൺസ്യൂമർക്ക് ദോഷംവരാത്ത വിധത്തിൽ കൃഷിക്കാരനെ സംരക്ഷിക്കാൻ കഴിയണമെന്നുണ്ടെങ്കിൽ കർണ്ണാടക, തമിഴ്നാട് തുടങ്ങിയ സംസ്ഥാനങ്ങളിൽ ചെയ്യുന്നതുപോലെയുള്ള നടപടികൾ സ്വീകരിക്കണം. ഇവിടെ പാലുൽപ്പാദനത്തിലുണ്ടാകുന്ന അധികച്ചെലവ് ഗവൺമെന്റ് സബ്സിഡിയായി കൊടുത്ത് കർഷകരെ സംരക്ഷിക്കണം. സംഘവും മിൽമയും സംഭരിക്കുന്ന പാലിന് മിനിമം വില നിശ്ചയിക്കാവുന്ന സ്ഥിതിയിലേയ്ക്കെത്തണം. മിനിമം വില നിശ്ചയിച്ചാൽ കൺസ്യൂമറുടെ താല്പര്യവും കൃഷിക്കാരുടെ താൽപര്യവും സംരക്ഷിക്കാൻ കഴിയും. അതിനൊരു ക്രമീകരണം ഉണ്ടാക്കണം. ബഹുമാനപ്പെട്ട ഇ. പി. ജയരാജൻ ചൂണ്ടിക്കാണിച്ചതുപോലെ കാലിത്തീറ്റയ്ക്ക് 50% സബ്സിഡി നൽകണം. അങ്കമാലി, മറ്റൂർ, കാലടി, മലയാറ്റൂർ, നീലേശ്വരം, അടിമാലി മേഖലകളിലൊക്കെ 25,000 കൃഷിക്കാർ പ്രധാനമായിട്ടും പാൽ അളക്കുന്ന പി.ഡി.ഡി.പി. സൊസൈറ്റി,

ഒരു അച്ചന്റെ നേതൃത്വത്തിലാണ് വളരെ നല്ല നിലയിൽ മാതൃകാപരമായി നടത്തുന്നത്. പക്ഷേ അവർ ക്ഷേമനിധിയിൽ ഇല്ല. അത്തരം ആളുകളെക്കൂടി ഉൾപ്പെടുത്തി മാതൃകാപരമായ പങ്ക് വഹിക്കാനും അവരെയെല്ലാം ക്ഷേമനിധിയിൽ ഉൾപ്പെടുത്തുവാനുമുള്ള നടപടി സ്വീകരിക്കണം. ക്ഷേമനിധിയുടെ പ്രവർത്തനത്തിന്റെ ഫലമായി വിദ്യാഭ്യാസ, വിവാഹ, ചികിത്സാ, ഭവന വായ്പാ പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിന് കഴിയുന്ന സാഹചര്യം ഉണ്ടാകണം. പെൻഷൻ തുകയെ സംബന്ധിച്ച് ഇവിടെ പറയുകയുണ്ടായി. പ്രാഥമിക സംഘങ്ങൾക്ക് പ്രവർത്തന മൂലധനവും റിവോൾവിംഗ് ഫണ്ടും കൊടുത്ത് അവരെ സ്റ്റേബിളാക്കിയെടുത്ത് കൃഷിക്കാരന്റെ രക്ഷാകവചംപോലെ പ്രാഥമിക സംഘത്തെ പ്രാപ്തമാക്കിയെടുക്കാൻ കഴിയുന്ന വിധത്തിലുള്ള സമീപനം സ്വീകരിക്കണം. മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വരുന്ന പാലിന്റെ ക്വാളിറ്റി ടെസ്റ്റ് നടത്തുന്നതിനുള്ള ലാബുകൾ സുരക്ഷിതമായ വിധത്തിൽ ക്രമീകരിക്കുവാനുള്ള നടപടിയുണ്ടാകണം. അതുപോലെ ക്ഷീരകർഷകർക്ക് പലിശരഹിത വായ്പാ സംവിധാനം നടപ്പാക്കണം. അവരെ തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തുകയും വേണം. മിൽമ പാൽ വിലവർദ്ധനയ്ക്ക് ലാഭം വരുമ്പോൾ ആ ലാഭം കൃഷിക്കാർക്കുകൂടി കൊടുക്കാവുന്ന വിധത്തിലാകണം. ക്ഷീര കർഷകർക്ക് സൗജന്യമായി ഇൻഷ്വറൻസ് സ്കീം ആവിഷ്ക്കരിക്കാൻ കഴിയുമോയെന്ന് നോക്കണം. അങ്ങനെ നമ്മുടെ സംസ്ഥാനത്തിന്റെ ആരോഗ്യകരമായ വളർച്ചയ്ക്ക് അടിസ്ഥാനപരമായ പങ്ക് വഹിക്കുന്ന അതിപ്രധാനമായ ഒരു മേഖലയിൽ ദീർഘവീക്ഷണത്തോടെയുള്ള കാഴ്ച്ചപ്പാട് രൂപപ്പെടുത്താൻ ഈ ബില്ലിന്റെ ചർച്ച സഹായിക്കട്ടെ എന്ന് പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

<u>ശ്രീ. ജെയിംസ് മാത്യു</u>: സർ, ഈ ഭേദഗതി ബില്ലിന് ഞാൻ വിയോജനക്കുറിപ്പ് രേഖപ്പെടുത്തുകയാണ്. സബ്ജക്ട് കമ്മിറ്റിയിൽ തന്നെ ഉന്നയിച്ചതും അതിനോട് യോജിക്കാത്തതുമായ ചില കാര്യങ്ങളാണ് പറയാൻ ഉദ്ദേശിക്കുന്നത്. എനിക്ക് മുമ്പ് സംസാരിച്ച രണ്ട് ബഹുമാനപ്പെട്ട അംഗങ്ങളും സൂചിപ്പിച്ചതുപോലെ നമ്മുടെ സംസ്ഥാനത്തെ കൃഷിക്കാർ കാർഷികമേഖലയുടെ തകർച്ചയെത്തുടർന്ന് ഏറെ പ്രതീക്ഷയോടുകൂടി ആശ്രയിക്കുന്ന ഒരു രംഗമാണ് മൃഗസംരക്ഷണം, വിശേഷിച്ച് പാലുൽപ്പാദനമേഖല. അക്കാര്യത്തിൽ ഗവൺമെന്റ് വേണ്ടത്ര നിഷ്ക്കർഷ പുലർത്തുന്നില്ല എന്നുള്ളതാണ് ഈ മൂലനിയമത്തിലെ ഭേദഗതികൊണ്ട് കാണുന്നത്. യഥാർത്ഥത്തിൽ ഇവിടെ അവതരിപ്പിച്ച ഭേദഗതി ക്ഷീരകർഷകരിൽ പ്രതീക്ഷയ്ക്ക് വകനൽകുകയും കൂടുതൽ ക്ഷീരകർഷകർ ആ രംഗത്ത് നിലനിൽക്കുന്നതിനും പാലുൽപ്പാദനം വർദ്ധിക്കുന്നതിനും ഇടയാക്കുന്ന വിധത്തിലുള്ള ഒന്നാണെന്ന് തോന്നുന്നില്ല. വളരെ നാമമാത്രമായ സംഖ്യയുടെ വർദ്ധനവുകൊണ്ട് ക്ഷീരമേഖലയിൽ ഏർപ്പെട്ടിരിക്കുന്ന കൃഷിക്കാർക്ക് ഒരു പ്രതീക്ഷയും വകനൽകുന്നില്ല. യഥാർത്ഥത്തിൽ പാലിന്റെ വില നിശ്ചയിക്കാനുള്ള അവകാശം പാലുൽപ്പാദകർക്കില്ല. മിൽമയാണ് അത് നിശ്ചയിച്ചുകൊണ്ടിരിക്കുന്നത്. ഇപ്പോൾ രണ്ട് ഘട്ടങ്ങളിലായി അഞ്ച് രൂപവീതം വില വർദ്ധിപ്പിച്ചു. വർദ്ധിപ്പിച്ച തുകയിൽ നാമമാത്രമായ സംഖ്യയാണ് ക്ഷീരകർഷകർക്ക് ലഭിക്കുന്നത്. എന്നാൽ ഇതിൽനിന്നും വ്യത്യസ്തമായി പാലിന് അടിസ്ഥാന വില നിശ്ചയിക്കുന്നതിന് ഗവൺമെന്റ് തയ്യാറാകണം. ആ അടിസ്ഥാന വിലയ്ക്ക് ആനുപാതികമായി മിൽമ വില വർദ്ധിപ്പിക്കുന്ന ഓരോ ഘട്ടത്തിലും ക്ഷീരകർഷകർക്കുകൂടി അതിന്റെ നേട്ടം ഉണ്ടാകത്തക്കവണ്ണം ഇടപെടാൻ ഗവൺമെന്റിന് കഴിയണം. അതല്ലെങ്കിൽ ഒരിക്കൽ വില നിശ്ചയിക്കപ്പെടുന്നു, മിൽമ വീണ്ടും അതിന്റെ

ഉപഭോക്താക്കളിൽ നിന്നും കൂടുതൽ വില ഈടാക്കുന്നു. തദനുസൃതമായി കൃഷിക്കാർക്ക് ലഭിക്കാതെ വില പോകുന്നു. ഇത് ക്ഷീരമേഖലയിൽ ഏർപ്പെട്ടുകൊണ്ടിരിക്കുന്ന കൃഷിക്കാർ ആ രംഗത്തു നിന്നും വിട്ടുപോകുന്നതിന് കാരണമാകുകയാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പണം അനുവദിച്ച് അതിന്റെ ഭാഗമായിട്ടുള്ള പദ്ധതി രൂപീകരിക്കുന്ന ഘട്ടത്തിൽ നിരവധി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പശുക്കളെ വാങ്ങിക്കൊടുക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. പക്ഷേ എന്താണ് യഥാർത്ഥത്തിൽ സംഭവിക്കുന്നത്? ഒരു പഞ്ചായത്ത് പദ്ധതി തയ്യാറാക്കി ആ പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി തൊട്ടടുത്ത പഞ്ചായത്തിൽ നിന്നുമാണ് പശുക്കളെ വാങ്ങുന്നത്. ഒരു പഞ്ചായത്ത് പദ്ധതി വയ്ക്കുന്നു. അതിനടുത്ത പഞ്ചായത്തിൽ നിന്നും പശുക്കളെ വാങ്ങുന്നു. കേരളത്തിലെ പാലുൽപ്പാദന രംഗത്ത് യാതൊരു മാറ്റവും ഉണ്ടാക്കാൻ ഇടയാകാത്ത വിധത്തിലാണ് നമ്മുടെ സഹകരണസ്ഥാപനങ്ങളൊക്കെ പണം കടംകൊടുത്തും ക്ഷീരോല്പാദന മേഖലയിൽ ഗവൺമെന്റിന്റെ പദ്ധതിവിഹിതം ഉപയോഗിച്ചും ഈ പദ്ധതികൾ ആവിഷ്ക്കരിക്കുന്നതും നടപ്പാക്കപ്പെടുന്നതും. എന്നാൽ ഇക്കാര്യത്തിലൊരു ഭേദഗതി വരത്തക്കവണ്ണം അന്യസംസ്ഥാനത്തുനിന്നും വാങ്ങണമെന്ന് തീരുമാനിച്ചു. അപ്പോൾ അതിലേറെ വൈതരണികൾ. അന്യസംസ്ഥാനത്തു പോയി.............

<u>ശ്രീ. എം. ഉമ്മർ</u> : സർ, ഇക്കണോമിക്ക് റിവ്യൂ 2012 അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടുകാണുമെന്ന് ഞാൻ വിചാരിക്കുന്നു. രാജ്യത്ത് 50%-ൽ കൂടുതൽ പാൽ ഉൽപ്പാദിപ്പിക്കുന്നത്, പ്രതിദിനം ഏകദേശം ഒന്ന് മുതൽ മൂന്ന് ലിറ്റർ വരെ പാൽ ഉൽപ്പാദിപ്പിക്കുന്നത് ചെറുകിട നാമമാത്ര കർഷകരും ഭൂരഹിത തൊഴിലാളികളുമാണ്. എന്നുപറഞ്ഞാൽ 50%-ലധികം ആളുകൾ ഒരു ലിറ്റർ

മുതൽ മൂന്ന് ലിറ്റർ വരെ പാൽ ഉൽപ്പാദിപ്പിക്കുന്ന നാമമാത്ര കർഷകരാണ്. ഈ നിയമംകൊണ്ട് യഥാർത്ഥത്തിൽ പ്രയോജനം ലഭിക്കുന്നത് സാധാരണ ക്കാരും പാവപ്പെട്ടവരുമായ ഈ വിഭാഗത്തിൽപ്പെട്ട ആളുകൾക്കാണ്. പക്ഷേ ഇങ്ങനെയുള്ള ആളുകൾക്ക്, ഒരു ലിറ്റർ മുതൽ മൂന്ന് ലിറ്റർ വരെ പാൽ ഉൽപ്പാദിപ്പിക്കുന്ന 50%-ത്തോളം വരുന്ന കർഷകർക്ക് ഒരു വർഷം 500 ലിറ്റർ പാലെങ്കിലും ഉൽപ്പാദിപ്പിച്ചാലേ ഈ ക്ഷേമനിധിക്ക് അർഹതയുണ്ടാകുകയു ള്ളുവെന്ന് പറയുന്നുണ്ട്. ഒരു പശുവിനെ വളർത്തുന്ന സാധാരണക്കാരായ നാമമാത്ര കർഷകർക്ക് 500 ലിറ്റർ പാൽ ലഭിക്കാനിടയില്ല. അതുകൊണ്ട് പാൽ അളക്കുന്നത് 500 ലിറ്ററിന്റെ പരിധിയിൽ നിന്നും 250 ലിറ്ററെങ്കിലും ആക്കണ മെന്ന് അഭിപ്രായമുണ്ട്. അതിനോട് അങ്ങ് യോജിക്കുന്നുണ്ടോ?

ശ്രീ. ജെയിംസ് മാത്യു : തീർച്ചയായിട്ടും യോജിക്കുന്നുണ്ട്. മാത്രമല്ല സബ്ജക്ട് കമ്മിറ്റിയിൽ ഇക്കാര്യം ചൂണ്ടിക്കാണിച്ചതാണ്. 500 ലിറ്റർ പാൽ പ്രതിവർഷം അളക്കുക എന്ന് പറയുന്നത് വലിയ തോതിൽ ഉൽപ്പാദിപ്പിക്കുന്ന ഇടത്തരക്കാരായ കൃഷിക്കാരും അതിന് മുകളിലുള്ളവർക്കുമേ സാധിക്കുക യുള്ളു. മാത്രമല്ല ഒരു പശുവിനെ പോറ്റുന്ന ആൾക്ക് വർഷത്തിൽ എത്ര മാസ മാണ് പാൽ കറവയുണ്ടാകുക. ഒന്നിലധികം പശുവിനെ പോറ്റാൻ തക്കവണ്ണ മുള്ള സൗകര്യം, അതിനെ മേയ്ക്കാനുള്ള പുല്ലും, വൈക്കോൽ കിട്ടാനുള്ള സാധ്യതയുമൊക്കെ ഇന്ന് കേരളത്തിൽ അനുനിമിഷം കുറഞ്ഞുവരികയാണ്. ഇത്തരമൊരു പരിതസ്ഥിതിയിൽ ഈ മേഖലയിൽ ആകർഷണീയതയുണ്ടാ ക്കുന്നതിനാണ് ക്ഷേമനിധിയും പെൻഷനും വിഭാവനം ചെയ്തത്. ആ ക്ഷേമ നിധിയും പെൻഷനും കാലാനുസൃതമായി വർദ്ധിച്ച നിലയിൽ കൃഷിക്കാർക്ക് ലഭിക്കുന്നതിനാവശ്യമായ ഒരു തീരുമാനമുണ്ടാകണം. അങ്ങനെയുണ്ടാ കണമെങ്കിൽ ............

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ബഹുമാനപ്പെട്ട ജെയിംസ് മാത്യു, മുമ്പ് സംസാരിച്ച രണ്ടുപേരും അഞ്ച് മിനിട്ടുവീതമാണ് സംസാരിച്ചത്. അഞ്ച് മിനിട്ടായി.

<u>ശ്രീ. ജെയിംസ് മാത്യു</u>: സർ, ഞാൻ അവസാനിപ്പിക്കുന്നു. അതുകൊണ്ട് ഈ ബില്ലിലെ ഭേദഗതി കൃഷിക്കാരെ ഉദ്ദേശിച്ചുകൊണ്ടാണ് ഗവൺമെന്റ് ഈ ബിൽ മുമ്പോട്ട് വയ്ക്കുന്നതെങ്കിൽ പാലിന് അടിസ്ഥാനവില നിശ്ചയിക്കുകയും മിൽമ വില വർദ്ധിപ്പിക്കുന്നതിനനുസരിച്ച് കൃഷിക്കാർക്ക് ആനുപാതികമായ വർദ്ധനവ് കിട്ടുമെന്ന് ഉറപ്പുവരുത്താൻ സാധിക്കുകയും വേണം. അംശദായത്തിൽ കുറച്ച് പൈസ വർദ്ധിപ്പിച്ചുകൊണ്ടായിരുന്നാൽ പോലും പെൻഷന്റെയും ക്ഷേമനിധിയുടെയും തുക വർദ്ധിപ്പിക്കണം. ഇവിടെ വിഭാവനം ചെയ്തതിന് പുറത്ത് മറ്റേതെങ്കിലും വിധത്തിൽ പാൽ ഉൽപ്പന്നങ്ങളിൽ നിന്നും സെസ് ഏർപ്പെടുത്താൻ സാധിക്കുമോയെന്ന് പരിശോധിക്കണം. ഇപ്പോൾ പറയുന്നത് മിൽമയും അതുപോലെ കൃഷിക്കാരനും കൊടുക്കണമെന്നാണ്. അതിനുപുറത്ത് പാൽ ഉപയോഗിച്ചുകൊണ്ട് ഉൽപ്പാദിപ്പിക്കപ്പെടുന്ന നിരവധി ഉൽപ്പന്നങ്ങളുണ്ട്. അതിന്മേൽ ഈടാക്കുന്ന നികുതിയിൽ നിന്നും ചെറിയ തുക വസൂൽ ചെയ്യണം. മറ്റ് പല കാര്യത്തിലും ഗവൺമെന്റ് അങ്ങനെ ചെയ്യുന്നുണ്ട്. അതുപോലെ ഇക്കാര്യത്തിലും ചെറിയ സംഖ്യയെങ്കിലും പാൽ ഉൽപ്പന്നങ്ങളിൽ നിന്നും വസൂൽ ചെയ്തുകൊണ്ട് ക്ഷേമനിധിയുടെയും പെൻഷന്റെയും തുകയിൽ വർദ്ധനവുണ്ടാക്കാൻ കഴിയണം. അങ്ങനെയൊന്നും ഈ ഭേദഗതിയിലില്ല. ഇത്തരം കാര്യങ്ങൾ കൂടി ഭേദഗതിയിൽ ഉൾപ്പെടണമെന്നുള്ളതാണ് എനിക്ക് നിർദ്ദേശിക്കാനുള്ളത്.

<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u>: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2013-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ഈ ബിൽപ്രകാരം ക്ഷീരകർഷകർ അംശദായം അടയ്ക്കുന്നത് കൂട്ടിയെങ്കിലും അവർക്ക് നൽകുന്ന ആനുകൂല്യങ്ങളിൽ വർദ്ധനവ് ഉണ്ടായിട്ടില്ല. ഇപ്പോൾ കൊടുക്കുന്ന പെൻഷൻതുക കൂട്ടുമെന്നാണ് ബില്ലിൽ പറയുന്നത്. ക്ഷീരകർഷകർക്ക് ഇപ്പോൾ കൊടുക്കുന്ന പെൻഷൻ തുകയായ 300 രൂപയിൽ നിന്ന് 1000 രൂപയെങ്കിലുമാക്കി വർദ്ധിപ്പിക്കാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കണം. മറ്റ് ക്ഷേമനിധികളിൽ അംഗങ്ങളായവർക്ക് പെൺകുട്ടികളുടെ വിവാഹം, മരണാനന്തരച്ചടങ്ങ്, വിദ്യാഭ്യാസ ആനുകൂല്യങ്ങൾ തുടങ്ങിയ ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ട്. അങ്ങനെ ഒരാനുകൂല്യവും ക്ഷീരകർഷക ക്ഷേമനിധിയിൽ നിന്ന് ലഭിക്കുന്നില്ല. അതിനുള്ള നടപടികളുണ്ടാകണം. ക്ഷീരകർഷകരെ സഹായിക്കാൻ ഗവൺമെന്റ് ചെയ്യേണ്ട ഏറ്റവും പ്രധാനപ്പെട്ട കാര്യം കാലിത്തീറ്റയ്ക്ക് സബ്സിഡി കൊടുക്കുക എന്നുള്ളതാണ്. അതല്ലാതെ വേറൊരു സഹായവും ചെയ്തിട്ട് കാര്യമില്ല. പാലളക്കുന്ന സമയത്ത് ചാർട്ട് അനുസരിച്ചാണ് വില നിശ്ചയിക്കുന്നത്. ചാർട്ട് മാറ്റണം, കാരണം ചാർട്ട് പ്രകാരമുള്ള എസ്.എൻ.എഫ്., ഫാറ്റ് കണ്ടന്റ് തുടങ്ങിയവയൊന്നും ഇവിടെയുള്ള പശുക്കളുടെ പാലിൽ നിന്ന് കിട്ടാറില്ല. അവ സങ്കരയിനം പശുക്കളായതാണ് അതിനു കാരണം. സങ്കരയിനം പശുക്കൾക്ക് ഈ പറയുന്ന മാനദണ്ഡമനുസരിച്ചുള്ള പാൽ കിട്ടാൻ പ്രയാസമാണ്. അതുകൊണ്ട് ചാർട്ട് പുന:സംവിധാനം ചെയ്യണമെന്നുള്ളത് ക്ഷീരകർഷകരുടെ

ഏറ്റവും പ്രധാനപ്പെട്ട ആവശ്യങ്ങളിലൊന്നാണ്. ക്ഷേമനിധിയിൽ അംഗമായ കർഷകർ മരണമടഞ്ഞാൽ അവർക്ക് അടച്ച സംഖ്യ തിരികെ നൽകാൻ സംവിധാനമുണ്ടാകണം. ക്ഷേമനിധിയിൽ അംഗമായ ക്ഷീരകർഷകർ മരണമ ടഞ്ഞാൽ അടച്ച തുക തിരികെ നൽകാനുള്ള സംവിധാനം ഇപ്പോഴില്ല എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതൊരു പ്രധാനപ്പെട്ട അപാകതയാണ്, അത് തിരുത്തണം. അതുപോലെ ക്ഷീരകർഷകരെ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിൽ ഉൾപ്പെടുത്തണമെന്നുള്ളത് ഏറ്റവും പ്രധാനപ്പെട്ട ഒരു ആവശ്യ മാണ്. അത് ഗവൺമെന്റ് അംഗീകരിക്കണം. ഇതാണ് പ്രധാനമായി ഇക്കാര്യ ത്തിൽ പറയാനുള്ളത്.

<u>ശ്രീ. വി. ടി. ബൽറാം</u>: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2013-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2(ബി) ഭേദഗതി അവതരിപ്പിക്കുന്നു.

ക്ഷീരകർഷകർ ഏറെനാളായി ആവശ്യപ്പെടുകയും ഒരുപാട് ആഗ്രഹി ക്കുകയും ചെയ്ത കാര്യങ്ങളുടെ പൂർത്തീകരണത്തിനുവേണ്ടിയാണ് ഇത്തര ത്തിലുള്ള ഒരു അമെന്റ്മെന്റ് ബിൽ ഇവിടെ എത്തിയിരിക്കുന്നത്. തീർച്ച യായും അത് അഭിനന്ദനാർഹമായ കാര്യമാണ്. ഏതാണ്ട് എട്ടു ലക്ഷത്തോളം ക്ഷീരകർഷകരും മൂവായിരത്തി അഞ്ഞൂറിലേറെ സഹകരണ സംഘങ്ങളു മുണ്ട്. അതിൽ ബഹുഭൂരിപക്ഷവും ചെറുകിടക്കാരാണ്. ഇവർക്ക് സഹായകര മാകുന്ന തരത്തിൽ ഒരു നിയമനിർമ്മാണം ഇവിടെ നടക്കുന്നു എന്നുള്ളതു തന്നെയാണ് ഈ നിയമത്തിന്റെ ഏറ്റവും വലിയ പ്രസക്തിയും അതിന്റെ ഏറ്റവും വലിയ നന്മയും. പതിനെട്ടര ലക്ഷത്തോളം തൊഴിലവസരങ്ങളാണ്

ഒരു വർഷം സൃഷ്ടിക്കപ്പെടുന്നത് എന്നാണ് കണക്കുകൾ. ക്ഷീരകർഷകർ നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനം ഭക്ഷ്യസുരക്ഷയെ സംബന്ധിച്ചിട ത്തോളം വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. പാൽ ഒരു സമ്പൂർണ്ണാ ഹാരമെന്ന നിലയിലും നമുക്കാവശ്യമുള്ള പ്രോട്ടീൻ ലഭ്യമാക്കുന്നതിന് ഏറ്റവും ഉപയോഗപ്രദമായ ഒരു ഭക്ഷണമെന്ന നിലയ്ക്കും ഇവർ നടത്തി ക്കൊണ്ടിരിക്കുന്ന പ്രവർത്തനം ഭക്ഷ്യസുരക്ഷയുമായി ബന്ധപ്പെട്ട് ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. ഇതൊക്കെയാണെങ്കിലും യഥാർത്ഥ ക്ഷീരകർഷകർ ഒരുപാട് ബുദ്ധിമുട്ടുകൾ നേരിടുകയാണ്. ഇവരിൽ ബഹുഭൂരിപക്ഷവും ചെറു കിടക്കാരാണെന്ന് ഞാൻ നേരത്തെ പറഞ്ഞു. പൊല്യൂഷന്റെ കാര്യവുമായി ബന്ധപ്പെട്ട് പഞ്ചായത്തുകൾ ഏർപ്പെടുത്തുന്ന നിബന്ധനകൾ ഇവർക്ക് മുന്നോട്ടുപോകാൻ കഴിയാത്ത സാഹചര്യം സൃഷ്ടിക്കുന്നുണ്ട്. പ്രത്യേകിച്ച് ആറു പശുക്കളിൽ കൂടുതലുള്ള ആളുകൾക്ക് ഒരുപാട് ബുദ്ധിമുട്ടുകളാണ്. ബയോഗ്യാസ് പ്ലാന്റ് വേണം, കൂടുതൽപശുക്കളുണ്ടാകുമ്പോൾ വലിയ പ്ലാന്റ് വേണം. യഥാർത്ഥത്തിൽ വ്യവസായ സ്ഥാപനങ്ങൾക്ക് പ്രിസ്ക്രൈബ് ചെയ്യു ന്നതിനേക്കാൾ വലിയ പ്ലാന്റുകൾ, 20 ക്യൂബിക് മീറ്റർ വലിപ്പത്തിലുള്ള പ്ലാന്റൊക്കെ വേണമെന്നാണ് പറയുന്നത്. ഇത് ഒരുപാട് ബുദ്ധിമുട്ടുകൾ ഉണ്ടാ ക്കുന്നുണ്ട്. അതുപോലെ ലാന്റ് റിക്വയർമെന്റ്, ഒരുപാട് സ്ഥലമുള്ള ആളു കൾക്ക് മാത്രമേ നിയമപ്രകാരം കൂടുതൽ പശുക്കളെ വളർത്താൻ കഴിയു ന്നുള്ളൂ. പക്ഷേ, ബഹുഭൂരിപക്ഷം ചെറുകിട കർഷകർക്കും 50 സെന്റോ അതിൽ താഴെയോ ഭൂമി മാത്രമേ നിലവിലുള്ളൂ എന്നുള്ള കാര്യം നമുക്കറി യാം. ഗ്രാമപ്രദേശങ്ങളിൽപ്പോലും ഭൂമിയുടെ വില വർദ്ധിച്ചിരിക്കുകയാണ്. ഇത്തരം കാര്യങ്ങൾ കൊണ്ടുതന്നെയായിരിക്കാം ഡയറി അനിമൽ പോപ്പുലേ ഷൻ വളരെയധികം കുറഞ്ഞുവരികയാണ്. ഈ കാര്യത്തിൽ ഗവൺമെന്റ്

പ്രത്യേകമായ ശ്രദ്ധ ചെലുത്തേണ്ടതുണ്ടെന്ന് എനിക്ക് തോന്നുകയാണ്. നേരത്തെ ശ്രീ. കെ. സുരേഷ് കുറുപ്പ് അടക്കമുള്ള ആളുകൾ സൂചിപ്പിച്ചതു പോലെ തൊഴിലുറപ്പു പദ്ധതിയിൽ ക്ഷീരകർഷകരെ ഉൾപ്പെടുത്തണമെന്നുള്ള താണ് ഏറ്റവും ഉചിതമായിട്ടുള്ള കാര്യം. അക്കാര്യം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തി അനുകൂല തീരുമാനം നേടിയെടുക്കാൻ എല്ലാവർക്കും ഒറ്റക്കെട്ടായി പരിശ്രമിക്കേണ്ടതുണ്ട്. ഇവിടെ പലരും സൂചിപ്പിച്ച മറ്റൊരു കാര്യം, അന്യസംസ്ഥാനങ്ങളിൽ നിന്നുവരുന്ന പാലിന്റെ ഗുണനിലവാരത്തെ ക്കുറിച്ചുള്ള ആശങ്കയാണ്. വലിയ ഗുണനിലവാരത്തകർച്ച ഈ മേഖലയി ലുണ്ട് എന്നാണ് പറയപ്പെടുന്നത്. പാലുമായി യാതൊരു ബന്ധവുമില്ലാത്ത, കാഴ്ചയിൽ പാലായി തോന്നുന്ന പാനീയം പാക്കറ്റുകളിലാക്കി ഇവിടേയ്ക്ക് വരുന്നു എന്നുള്ളതാണ് വസ്തുത. കേരളം കണി കണ്ടുണരുന്ന നൻമ എന്നാണ് മിൽമയുടെ പരസ്യവാചകം. മിൽമയുടെ നിലവാരവുമായി ബന്ധ പ്പെടുത്തി നോക്കുമ്പോൾ ഒരു നിലവാരവുമില്ലാത്ത അന്യസംസ്ഥാന പാൽ ഇവിടേയ്ക്ക് കടന്നുവരുന്നത് നമ്മുടെ ആരോഗ്യത്തെ വലിയ രീതിയിൽ ബാധിക്കുന്നുണ്ട്. ഫോർമാലിൻ, പേസ്റ്റ്, യൂറിയ തുടങ്ങിയവ പാൽ കേടാകാ തിരിക്കാൻ ഉപയോഗിക്കുന്നുണ്ട്. വ്യാജക്കള്ളിനെക്കുറിച്ച് പറയുന്നതുപോലെ തന്നെ വ്യാജപാൽ ഒരു വലിയ സാമൂഹ്യാരോഗ്യപ്രശ്നമായി നമ്മുടെ നാട്ടിൽ മാറിയിരിക്കുകയാണ്. അതുകൊണ്ടുതന്നെ അന്യ സംസ്ഥാനങ്ങളിൽ നിന്നും കടന്നുവരുന്ന പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനുവേണ്ടി അതിർത്തികളിൽ ചെക്ക്പോസ്റ്റുകളോട് ചേർന്ന് ലാബ് സൗകര്യമേർപ്പെടു ത്തുന്നതിനുള്ള തീരുമാനം ഗവൺമെന്റ് എടുക്കുകയാണെങ്കിൽ മറ്റു സംസ്ഥാനങ്ങളിൽ നിന്ന് ഗുണനിലവാരം കുറഞ്ഞ പാൽ ഇവിടേയ്ക്ക് എത്തുന്ന പ്രവണത അവസാനിപ്പിക്കാൻ സാധിക്കും. ഇക്കാര്യത്തിൽ

വലിയൊരു മാഫിയ പ്രവർത്തിക്കുന്നുണ്ട്. അതുപോലെ ബഹുമാന്യനായ കൃഷി വകുപ്പുമന്ത്രിയുടെ കീഴിലുള്ള അനിമൽ ഹസ്ബന്ററി ഡിപ്പാർട്ട്മെന്റിന്റെ പ്രവർത്തനം കാലോചിതമായി പരിഷ്ക്കരിക്കുന്നതിനെക്കുറിച്ച് ആലോചിക്കണം. പലപ്പോഴും കന്നുകാലികൾക്ക് നൽകുന്ന മരുന്നുകളുടെ ഗുണനിലവാരമില്ലായ്മയെക്കുറിച്ച് വ്യാപകമായ പരാതികൾ ഉയർന്നുവരുന്നുണ്ട്. കഴിഞ്ഞ വർഷവും ഒരുപാട് മരുന്നുകൾ ഇത്തരത്തിൽ ഗുണനിലവാരമില്ലാത്തതായി കണ്ട് നശിപ്പിക്കേണ്ടി വരുന്ന സാഹചര്യമുണ്ടായിരുന്നു. അവിടെ ആശങ്കപ്പെടുത്തുന്ന ഒരു കാര്യം ഇത്തരത്തിലുള്ള മരുന്നുകമ്പനികൾക്ക് അഡ്വാൻസായി നമ്മൾ പേമെന്റ് നടത്തുകയാണ്. 50 ശതമാനം തുക അഡ്വാൻസായി മരുന്നുകമ്പനികൾക്ക് കൊടുക്കുകയാണ്. പിന്നീട് അവരുടെ മരുന്നുകൾക്ക് ഗുണനിലവാരമില്ലാത്തതായി കണ്ടുകഴിഞ്ഞാൽ ആ പണം നഷ്ടപ്പെടുന്നു എന്നതല്ലാതെ അത് തിരിച്ചുപിടിക്കാനുള്ള സമീപനം എടുക്കാൻ സാധിക്കാറില്ല. ഓരോ വർഷവും ഈ ഇനത്തിലുള്ള ചെലവ് ഏതാണ്ട് 14 കോടി രൂപയോളമാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. കഴിഞ്ഞ വർഷം മുതൽ 50 ശതമാനമെന്നുള്ളത് 75 ശതമാനം അഡ്വാൻസ് തുകയായി മരുന്നുകമ്പനികൾക്ക് നൽകാനുള്ള തീരുമാനമെടുത്തിട്ടുണ്ടെന്നാണ് അറിയുന്നത്. തീർച്ചയായും ഗുണനിലവാരമില്ലാത്ത മരുന്നുകൾ ഈ മേഖലയിലേയ്ക്ക് കടന്നുവരുന്നതിന് ഇടയാക്കും. അതുകൊണ്ടുതന്നെ മരുന്നുകൾ ഗുണനിലവാരമില്ലാത്തതായി കാണുകയാണെങ്കിൽ അവർക്ക് നൽകിയ തുക തിരിച്ചുപിടിക്കുന്നതിനും ആ കമ്പനികളെ ബ്ലാക്ക് ലിസ്റ്റ് ചെയ്യുന്നതിനും ആർജ്ജവത്തോടുകൂടിയ നടപടികൾ എടുക്കേണ്ടതായിട്ടുണ്ട്. ആന്റിബയോട്ടിക് മരുന്നുകൾ മൃഗങ്ങൾക്ക് നൽകുന്നതുകൊണ്ട് ഒരുപാട് പ്രശ്നങ്ങളുണ്ടാവുകയാണ്. ഈ മരുന്നുകളുടെ പാർശ്വഫലങ്ങൾ മൃഗങ്ങളിൽ മാത്രം

ഒതുങ്ങി നിൽക്കുന്നില്ല. പാലുല്പാദനത്തിന്റെ ഭാഗമായി അത് ഫുഡ് ചെയി നിലേയ്ക്ക് കടന്നുകഴിഞ്ഞാൽ മനുഷ്യർക്കും തലമുറകളോളം ഈ പ്രശ്നം അനുഭവിക്കേണ്ടതായി വരും. പലപ്പോഴും തേഡ് ജനറേഷൻ, ഫോർത്ത് ജന റേഷൻ ആന്റിബയോട്ടിക്സുകളൊക്കെ കൊടുത്തുകഴിഞ്ഞാൽ ഏതാണ്ട് 7 മുതൽ 14 ദിവസംവരെ പാൽ കറക്കാൻ പാടില്ല എന്നാണ് ഡോക്ടർമാരും ശാസ്ത്രജ്ഞരും പറയുന്നത്. പക്ഷേ, അത്തരത്തിലുള്ള മരുന്നു കൊടുത്ത മൃഗങ്ങളിൽ നിന്നാണോ പാൽ കറക്കുന്നതെന്ന് പരിശോധിക്കാനുള്ള യാതൊരു സംവിധാനവുമില്ലാത്തതുകൊണ്ടുതന്നെ ആന്റിബയോട്ടിക്കുകൾ ഉൾപ്പെടുന്ന പാൽ കറക്കുന്ന സാഹചര്യമുണ്ടാകുന്നു. അത് വിതരണ സംഘ ങ്ങളിലൂടെ ജനങ്ങളിലേയ്ക്ക്, ഉപഭോക്താക്കളിലേയ്ക്ക് എത്തുന്ന സാഹച ര്യത്തിൽ ഇത് ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾക്ക് കാരണമാകുന്നു. ആ സാഹചര്യം പരിഹരിക്കുന്നതിനു വേണ്ടി എന്തു ചെയ്യാൻ കഴിയുമെന്നതിനെ ക്കുറിച്ചുകൂടി ചിന്തിക്കേണ്ടതായിട്ടുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. വി.ടി. ബൽറാം, ആറു മിനിട്ടു കഴിഞ്ഞു.

ഒരു പോയിന്റും കൂടി മാത്രമേ പറയുന്നുള്ളു. ക്ഷീരകർഷകരുടെ പ്രയാസങ്ങളെക്കുറിച്ച് പറഞ്ഞു. പ്രതിപക്ഷത്ത് നിന്നടക്കം ഉയർന്നു വന്നൊരു നിർദ്ദേശം ഇവരുടെ പെൻഷൻ തുക ആയിരം രൂപയെങ്കിലുമാക്കി വർദ്ധിപ്പിക്കണം എന്നുള്ളതാണ്. അത് വളരെ ന്യായമാണ്. ഈ മേഖലയിൽ മാത്രമല്ല, എല്ലാ ക്ഷേമ പെൻഷനുകളും കാലാനുസൃതമായി ഒരു കുടുംബ ത്തിന് മിതമായ രീതിയിലെങ്കിലും മുന്നോട്ടുപോകാൻ കഴിയുന്ന തരത്തി ലേയ്ക്ക് മാറണമെന്നുള്ളതാണ് നമ്മൾ ആഗ്രഹിക്കുന്നത്. പതിനായിരക്കണ ക്കിന് രൂപ പെൻഷൻ വാങ്ങുന്ന സർക്കാർ ജീവനക്കാരുടെ കാര്യം മാത്രമല്ല, ഇത്തരത്തിലുള്ള ക്ഷേമ പെൻഷനുകളെ ആശ്രയിച്ച് ജീവിക്കുന്ന സാധാരണ

ക്കാരായിട്ടുള്ള തൊഴിലാളികളുടെയും ഉൽപ്പാദകരുടെയും താൽപ്പര്യം കൂടി സംരക്ഷിക്കാൻ കഴിയണം. ഒരു പോളിസി എന്നുള്ള അർത്ഥത്തിൽ സ്റ്റേറ്റ്വൈഡായി വളരെ അഗ്രസീവായി ആർട്ടിഫിഷ്യൽ ഇൻസെമിനേഷൻ പ്രോഗ്രാമായി നമ്മൾ മുൻപോട്ടു പോകുന്നതുകൊണ്ട് തദ്ദേശീയമായിട്ടുള്ള കാറ്റിൽബ്രീഡ്സെല്ലാം നഷ്ടപ്പെടുന്ന ഒരു സാഹചര്യം ഉണ്ടാകുന്നുണ്ട്. നമ്മുടെ കാലാവസ്ഥയ്ക്ക് അനുയോജ്യമാകുന്ന തരത്തിലുള്ള ഒരുപാട് തദ്ദേശീയമായ വെറൈറ്റികൾ ഇവിടെ ഉണ്ടായിരുന്നു. പക്ഷേ, സ്വന്തമായി കാളകളെ വളർത്താൻ കഴിയാത്ത, ബ്രീഡ്ബുള്ളുകളെ വളർത്താൻ കഴിയാത്ത നിയമം ഇപ്പോഴും നിലനിൽക്കുന്നതുകൊണ്ടുതന്നെ തദ്ദേശീയമായ വെറൈറ്റീസൊക്കെ എൻഡെയ്ഞ്ചർ ആയിട്ടുള്ള അവസ്ഥയിലേക്ക് പോയികൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ഈ നിയമത്തിൽ ഇളവുവരുത്തി തദ്ദേശീയമായ ബയോഡൈവേഴ്സിറ്റിയെ എങ്ങനെ സംരക്ഷിക്കണമെന്നതിനെക്കുറിച്ച് ചിന്തിക്കേണ്ടതുണ്ട്. നേരത്തെ ചോദ്യോത്തരവേളയിൽ പ്രൊഫ. സി. രവീന്ദ്രനാഥ് സൂചിപ്പിച്ചതുപോലെ ബയോഡൈവേഴ്സിറ്റി സംരക്ഷിക്കുക എന്നുപറയുന്നത് വലിയ വികസന പ്രവർത്തനം, വലിയൊരു അസറ്റ് ക്രിയേഷൻ തന്നെയാണ്. അപ്പോഴാണ് നമ്മൾ നിലവിലുള്ള തദ്ദേശീയമായിട്ടുള്ള വെറൈറ്റികളെ നശിപ്പിക്കുന്ന ഒരു നയം ഒരു നിയമമായി ഇപ്പോഴും കൊണ്ടുനടക്കുന്നത്. ബയോഡൈവേഴ്സിറ്റിയുടെ പ്രാധാന്യം മനസ്സിലാക്കുന്ന ഈ കാലഘട്ടത്തിൽ അതിലൊരു തിരുത്തൽ ഉണ്ടാകണമെന്നാണ് എനിക്ക് സൂചിപ്പിക്കുവാനുള്ളത്. തമിഴ്നാട് അടക്കമുള്ള നമ്മുടെ അയൽ സംസ്ഥാനങ്ങളൊക്കെ ഈ രീതിയിൽ മുന്നോട്ടു പൊയ്കൊണ്ടിരിക്കുകയാണ്. ആ അർത്ഥത്തിലുള്ള നയസമീപനങ്ങൾ കൂടി ചേർത്തുവച്ചുകൊണ്ട് നമ്മുടെ ക്ഷീരകർഷകർ നേരിടുന്ന പ്രധാനപ്പെട്ട പ്രശ്നങ്ങളെയെല്ലാം

സമഗ്രമായി കണ്ടുകൊണ്ട് അതിനനുസൃതമായിട്ടുള്ള നയങ്ങളും നടപടികളുമായി മുന്നോട്ടു പോകാൻ ഒരു തുടക്കമെന്ന നിലയിൽ ഈ ബിൽ ഉപകരിക്കുമെന്ന പ്രതീക്ഷയോടുകൂടി ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) : സർ, ഈ ബില്ലിന്റെ ഭാഗമായി വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയ ബഹുമാനപ്പെട്ട മെമ്പർമാരും പൊതു ചർച്ചയിൽ പങ്കെടുത്ത ശ്രീ. കെ. സുരേഷ് കുറുപ്പും, ശ്രീ. വി. റ്റി. ബൽറാമും വളരെ നല്ല നിർദ്ദേശങ്ങൾ വയ്ക്കുകയുണ്ടായി. ക്ഷീരമേഖല നമ്മുടെ വലിയ പ്രതീക്ഷയാണ്. 12-ാം പദ്ധതികാലത്ത് കേരളത്തിൽ പാലുല്പാദനത്തിൽ സ്വയം പര്യാപ്തതയാണ് ഗവൺമെന്റ് ലക്ഷ്യമിടുന്നത്. ആ ശ്രമങ്ങൾക്ക് ആക്കം കൂട്ടാൻ ഒരു ചെറിയ പരിധിവരെയെങ്കിലും ഈ ബിൽ സഹായകമാകും. വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയ ശ്രീ. ഇ. പി. ജയരാജൻ , ശ്രീ. എസ്. ശർമ്മ , ശ്രീ. ജെയിംസ് മാത്യു എന്നിവർ നല്ല നിർദ്ദേശങ്ങൾ മുന്നോട്ടു വയ്ക്കുകയുണ്ടായി. ബഹുമാനപ്പെട്ട ശ്രീ. ഇ.പി. ജയരാജൻ സംസാരിച്ചപ്പോൾ അദ്ദേഹം, 'ക്ഷീരമുള്ളോരകിടിൻ ചുവട്ടിലും ചോരതന്നെ കൊതുകിനു കൗതുകം' എന്നു പറഞ്ഞതുപോലെ മിൽമയെ വിമർശിക്കാനാണ് ശ്രമിച്ചത്. മിൽമയെ ഇങ്ങനെ ബ്ലാക്ക്മെയിൽ ചെയ്യുന്നത് ഗുണകരമാണോ? മിൽമയുടെ ഭാഗത്ത് വീഴ്ചകളുണ്ടെങ്കിൽ തിരുത്താൻ നമുക്ക് സാധിക്കും. കേരളത്തിലെ പാലുൽപാദനരംഗത്ത് വലിയ സംഭാവന നൽകിയ ഒന്നാണ് മിൽമ. ധവള വിപ്ലവത്തിന്റെ ശില്പിയായ ഡോ. കുര്യൻ, ആനന്ദ് മോഡൽ പാറ്റേൺ അനുസരിച്ചാണ് ആത്മ സംഘമുണ്ടാക്കിയത്. ക്ഷീരമേഖലയിൽ

ഇന്നു കാണുന്ന ഗുണപരമായ മാറ്റങ്ങൾക്ക് മുഖ്യമായ കാരണം മൃഗസംരക്ഷണ വകുപ്പിന്റെയും ക്ഷീരവികസന വകുപ്പിന്റെയും ശ്രമങ്ങളും മിൽമയുടെ കൂട്ടായ പരിശ്രമങ്ങളും തന്നെയാണ്. ഇവിടെ പറഞ്ഞ വിമർശനം, ഈ സർക്കാർ അധികാരത്തിൽ വന്നശേഷം രണ്ടുവട്ടം പാലിന്റെ വില കൂട്ടിയെന്നും പാലിന്റെ വില കൂട്ടിയത് മിൽമയ്ക്കുവേണ്ടിയാണ് കൃഷിക്കാരന് വേണ്ടിയല്ലെന്നും പറഞ്ഞു. ഇത് യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്നതല്ല. 2011 സെപ്റ്റംബർ 5–ാം തീയതി പാലിന് അഞ്ചു രൂപ വില കൂട്ടിയപ്പോൾ അന്ന് കൃഷിക്കാരന് കൊടുത്തത് 4 രൂപ 20 പൈസയാണ്. മിൽമ എടുത്തത് 20 പൈസ മാത്രമാണ്. മിൽമയ്ക്ക് 20 പൈസ, പ്രാഥമിക സംഘങ്ങൾക്ക് 20 പൈസ, വിൽപന ഏജന്റിന് 20 പൈസ, പെട്രോൾ എസ്ക്കലേഷന് 20 പൈസ, അങ്ങനെ 80 പൈസ മാറ്റിവച്ചു. 4 രൂപ 20 പൈസ കൃഷിക്കാരന് കൊടുത്തു. അതിന്റെ ഫലമായി 6 മാസം കഴിഞ്ഞപ്പോൾ കേരളത്തിലെ പാലുല്പാദനം ഏതാണ്ട് 33 ശതമാനം വർദ്ധിപ്പിക്കാൻ സാധിച്ചു. അതിന്റെ കാരണം കൃഷിക്കാരന് തൃപ്തിയായി. പാലിന്റെ വില കൂടിയാൽ നല്ല തീറ്റ വാങ്ങി പശുവിന് കൊടുക്കും, പാലും കിട്ടും. വീണ്ടും കാലിത്തീറ്റയുടെ വില കൂടി. കാലിത്തീറ്റയുടെ വില കൂടിയപ്പോൾ കൃഷിക്കാർക്ക് പ്രയാസമുണ്ടായി. അതുകൊണ്ട് രണ്ടാംവട്ടവും പാൽ വില കൂട്ടി. രണ്ടാംവട്ടം അഞ്ചു രൂപ കൂട്ടിയപ്പോൾ മിൽമ ഒരു പൈസപോലും എടുക്കാതെ 4 രൂപ 60 പൈസ കൃഷിക്കാരന് കൊടുത്തു. അതുകൊണ്ട് മിൽമ എന്തോ കൊള്ളയടിക്കുന്നു എന്ന പ്രചാരണം ശരിയല്ല. മിൽമ ഒരു സഹകരണ സ്ഥാപ

നമാണ്. കൃഷിക്കാരുടെ സ്ഥാപനമാണ്. അതിനെ കുറ്റപ്പെടുത്തുന്നത് അങ്ങ് ദയവായി ഉപേക്ഷിക്കണം.

ശ്രീ. ഇ. പി. ജയരാജൻ : സർ, എട്ട് ലക്ഷത്തി മുപ്പതിനായിരം ലിറ്റർ പാലാണ് ദിവസവും ഉല്പാദിപ്പിക്കുന്നത്. 13 ലക്ഷം ലിറ്ററാണ് വിൽക്കുന്നത്. ഇതെങ്ങനെയാണ് അങ്ങേയ്ക്ക് ന്യായീകരിക്കാൻ സാധിക്കുന്നത്. രണ്ടാമത്, 4 രൂപ 20 പൈസ കൃഷിക്കാർക്ക് കൊടുക്കാൻ തീരുമാനിച്ചു. പക്ഷേ, മിൽമ യുടെ കണ്ടീഷനനുസരിച്ച് 3.5 ശതമാനം കൊഴുപ്പും, 8.5 ശതമാനം കൊഴുപ്പി തര അംശങ്ങളും പാലിൽ അടങ്ങിയിരിക്കണമെന്നാണ്. ഈ നിലപാട് സ്വീക രിച്ചതോടുകൂടി കൃഷിക്കാർക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന പാലിന്റെ വിലയിൽ കുറവാണ് സംഭവിച്ചിരിക്കുന്നത്. അങ്ങ് പരിശോധിക്കുമോ?

ശ്രീ. കെ. സി. ജോസഫ്: പാലിന്റെ വിലയിൽ കുറവാണ് സംഭവിച്ചതെ ങ്കിൽ പാലുൽപാദനം കൂടുമോ? പാലുല്പാദനത്തിന്റെ വർദ്ധനവ് കാണിക്കു ന്നത് കൃഷിക്കാരന് വില കിട്ടിയതുകൊണ്ടുതന്നെയാണ്. അങ്ങ് പറഞ്ഞതു പോലെ ചാർട്ടിന്റെ പരിഷ്കരണം, എസ്.എൻ.എഫ്. കണ്ടന്റും ചാർട്ട് ശാസ്ത്രീയമായി പരിഷ്ക്കരിക്കുകയും ചെയ്യുന്നത് സംബന്ധിച്ച് കൃഷിക്കാ രന് സാഹയകമായത് പരിശോധിച്ച് സ്വീകരിക്കുന്നതാണ്. കേരളത്തിലെ ടോട്ടൽ പ്രൊക്യുർമെന്റ് 8.35 ലക്ഷം ലിറ്റർ പാലാണ്. വിൽക്കുന്നത് 12.1 ലക്ഷം ലിറ്റർ പാലാണ്. അധികമായി വരുന്ന പാൽ വാങ്ങുന്നത് അയൽ സംസ്ഥാനങ്ങളിൽ നിന്നാണ്. മിൽമ, പാൽ വാങ്ങുന്നത് കർണ്ണാടകടത്തി ലെയും തമിഴ്നാട്ടിലെയും സംഘങ്ങളിൽ നിന്നാണ്. അല്ലാതെ മിൽമ പാൽപ്പൊടി വാങ്ങി കലക്കി കൊടുക്കുന്നതല്ല. സംഘങ്ങളിൽ നിന്നാണ് പാൽ വാങ്ങി കൊടുക്കുന്നത്. ഇവിടെ ചൂണ്ടികാണിച്ചതുപോലെ രണ്ടുവട്ടം

പാൽവില കൂടിയപ്പോൾ കൃഷിക്കാരന് അനുകൂലമായ സാഹചര്യമുണ്ടായി. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അഞ്ചു രൂപ കൂട്ടാൻ മിൽമ തീരുമാനിച്ച പ്പോൾ അന്ന് ഗവൺമെന്റ് വില കൂട്ടേണ്ട എന്നു പറഞ്ഞു. അതെന്തുകൊ ണ്ടാണ്? നിങ്ങൾ പാൽ വാങ്ങുന്ന ആളുകളുടെ താല്പര്യമാണ് നോക്കിയത്. ഉല്പാദകരെ നോക്കിയില്ല. ഉല്പാദകരെ നോക്കിയിരുന്നെങ്കിൽ വില കൂട്ടുമാ യിരുന്നു. മിൽമ കോടതിയിൽ പോയാണ് അവകാശം സ്ഥാപിച്ചത്. ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ കാലിത്തീറ്റ വർദ്ധനവിന്റെ കാര്യം പറഞ്ഞു. കേര ളത്തിനാവശ്യമായ കാലിത്തീറ്റയുടെ 45 ശതമാനമാണ് ഇവിടെ മിൽമയും കേരളാ ഫീഡ്സും ഉല്പാദിപ്പിക്കുന്നത്. ബാക്കി സ്വകാര്യ സ്ഥാപനങ്ങളിൽ നിന്ന് വാങ്ങുകയാണ്. സ്വകാര്യ സ്ഥാപനങ്ങൾ വില കൂട്ടുന്നത് നിയന്ത്രി ക്കാൻ സാധിക്കില്ല. പക്ഷേ, രണ്ടു തവണ ആദ്യം പാൽ വില കൂട്ടിയപ്പോഴും മിൽമ ഫീഡ്സും കേരള ഫീഡ്സും വില കൂട്ടിയിട്ടില്ല. പിന്നെ അനിവാര്യ മായി വന്നപ്പോൾ പാൽവില കൂട്ടി. വില കൂട്ടിയപ്പോൾ കേരളത്തിലെ മൂന്നു മേഖലകളിലും വർദ്ധിപ്പിച്ച വിലയുടെ ആനുകൂല്യം സബ്സിഡിയായി മിൽമ കൃഷിക്കാരന് കൊടുത്തു.

ശ്രീ. എസ് ശർമ്മ: കാലിത്തീറ്റക്ക് വില വർദ്ധിപ്പിച്ചപ്പോൾ മൂന്നു മേഖല യിലും അത് സബ്സിഡിയായി കൊടുത്തു എന്നുപറഞ്ഞു. എറണാകുളം മേഖലയിൽ സബ്സിഡി കൊടുത്തില്ല എന്ന പരാതി അങ്ങയുടെ ശ്രദ്ധ യിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. സി. ജോസഫ്: ഈ പരാതി പരിശോധിക്കുന്നതാണ്. എനിക്ക് ലഭ്യമായ കണക്കനുസരിച്ച് എറണാകുളം ജില്ലയ്ക്കും കൊടുത്തിട്ടുണ്ട് എന്നാണ്. ഇവിടെ എല്ലാവരും അസ്വസ്ഥരാണ്. ആർക്കും ഈ ചർച്ച നീണ്ടു

പോകുന്നതിൽ താല്പര്യമില്ല. ഇതിൽ ഒരു കാര്യം പറയാനുള്ളത് ഈ ഭേദഗതി കൃഷിക്കാരനുവേണ്ടിതന്നെയാണ്. നേരത്തെ ഉണ്ടായിരുന്ന ബില്ലിലെ അനോമലി പരിഹരിക്കപ്പെടുകയാണ്. കാരണം, ഓർഡിനൻസായി 2007–ൽ നിലവിൽ വന്ന അവസരത്തിൽ അതിനുമുമ്പ് അംഗങ്ങളായ കൃഷിക്കാരൻ പത്ത് കൊല്ലക്കാലം പ്രതിവർഷം 500 ലിറ്റർ പാൽ അളക്കണമെന്നുള്ളതാണ്. ഓർഡനൻസിന് ശേഷം ചേർന്ന ആളുകൾ അഞ്ച് ലിറ്റർ വരെ അളന്നാൽമതി. അതുമാറ്റി അഞ്ചുകൊല്ലക്കാലം പൊതുവായി വ്യാപകമാക്കിയതിന്റെ ഫലമായി 5000 കൃഷിക്കാർകൂടി ഇതിന്റെ പരിധിക്കുള്ളിൽ വരികയാണ്. രണ്ടാമത്തെ ഭേദഗതി വരുന്നത് ക്ഷേമനിധിയുടെ അംശദായത്തിന്റെ നേരത്തെ ഉണ്ടായിരുന്ന വ്യവസ്ഥ, 16 രൂപ പാൽവില ഉണ്ടായപ്പോൾ നിശ്ചയിച്ചത് 12 പൈസ എന്നാണ്. ഇപ്പോൾ പാലിന്റെ വില കൂട്ടിയാൽ ആനുപാതിക വർദ്ധനവ് ലഭിക്കാൻവേണ്ടി ശതമാന കണക്കിലാക്കിയതുകൊണ്ട് 7 കോടി രൂപ അധികമായി ലഭിക്കുന്നു. കൃഷിക്കാരുടെ പെൻഷന്റെ കാര്യത്തിൽ പറഞ്ഞ വിമർശനം പെൻഷൻ 300 രൂപയാണെന്നാണ്. ഒരു കാര്യം മനസ്സിലാക്കേണ്ടത് ക്ഷേമനിധി പെൻഷൻ മുഴുവൻ സമാഹരിക്കുന്നത് കൃഷിക്കാരനിൽ നിന്നാണ്. സർക്കാരിന് ഒരു പൈസപോലും കൊടുക്കുന്നില്ല. പക്ഷേ, ഈ വർദ്ധനവ് നിയമമായി കഴിഞ്ഞാൽ ഞാൻ സഭയ്ക്ക് ഉറപ്പു നൽകുന്നു, വർദ്ധനവിനനുസരിച്ച് ആനുപാതികമായ വർദ്ധനവ് പെൻഷനിൽ വർദ്ധിപ്പിക്കും. ഒരു പൈസപോലും മാറ്റിവയ്ക്കില്ല. ഈ അംശദായത്തിന്റെ കോർപ്പസ് വർദ്ധിപ്പിക്കുന്നതിനുള്ള ഉദ്ദേശം പെൻഷൻ വർദ്ധിപ്പിക്കാൻ വേണ്ടിയാണ്. ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ക്ഷേമനിധി പെൻഷൻ മുഖേന മറ്റ് സഹായപദ്ധതികളായ ഭവന നിർമ്മാണ പദ്ധതികൾ, ക്ഷീരകർഷകരുടെ മക്കളുടെ

വിവാഹം എന്നിവയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതാണ് എന്നു ഞാൻ ചൂണ്ടിക്കാണിക്കുവാൻ ആഗ്രഹിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. വി. റ്റി. ബൽറാം അങ്ങയുടെ 2 ബി ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. വി. റ്റി. ബൽറാം: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. വി. റ്റി. ബൽറാം അവതരിപ്പിച്ച 2 ബി ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2013-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..........................

പ്രതികൂലിക്കുന്നവർ............................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

## വകുപ്പുതിരിച്ചുള്ള പരിഗണന

### 2-ാം വകുപ്പ്

ശ്രീ. ഇ.പി. ജയരാജൻ: സർ, ഞാൻ താഴെ പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

106. പ്രധാന ആക്റ്റിലെ 3(2)-ാം വകുപ്പിൽ (vii)- ാം ഇനത്തിനുശേഷം (viii) ആയി താഴെപ്പറയുന്ന ഇനം കൂട്ടിച്ചേർക്കുക.

"(viii) മിൽമയുടെ ലാഭവിഹിതത്തിന്റെ അഞ്ചു ശതമാനം".

107. പ്രധാന ആക്റ്റിലെ 3–ാം വകുപ്പിൽ (6)–ാം ഉപവകുപ്പിനു ശേഷം (7) ആയി താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കുക.

"(7) ഈ ആക്റ്റിലെ വ്യവസ്ഥകൾക്കു വിധേയമായി ക്ഷേമനിധിയിൽ അംഗത്വമെടുത്ത ക്ഷീരകർഷകരെ മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പുപദ്ധതിയിൽ ഉൾപ്പെടുത്തുവാനും, അവർക്ക് മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പുപദ്ധതിയിൻ കീഴിലുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കുവാനും വ്യവസ്ഥ ചെയ്യുന്നു".

ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, ശ്രീ. ഇ. പി. ജയരാജൻ അവതരിപ്പിച്ച 106–ാം നമ്പർ ഭേദഗതി അംഗീകരിക്കുന്നില്ല. 107–ാം നമ്പർ ഭേദഗതി വരേണ്ടത് ഇവിടെയല്ല. എം.ജി.എൻ.ആർ.ഇ.ജി.എസ്–ന്റെ ഗൈഡ്ലൈനിൽ മാറ്റം വരണം. ഇതൊരു ക്ഷേമനിധി ആക്റ്റാണ്. ക്ഷേമനിധിയുടെ അമെന്റ്മെന്റിൽ ഇത് കൊണ്ടുവരാൻ സാധിക്കില്ല. കേന്ദ്ര ഗവൺമെന്റ് തൊഴിലുറപ്പുപദ്ധതിയിൽ മാറ്റം വരുത്തണം. അദ്ദേഹം ആവശ്യപ്പെട്ടതുപോലെ കേരള ഗവൺമെന്റിന്റെകൂടി ആവശ്യമാണിത്. ബഹുമാന്യനായ മുഖ്യമന്ത്രി കഴിഞ്ഞ **എൻ.ഡി.സി** യോഗത്തിൽ ഉന്നയിച്ച ആവശ്യമാണിത്. പക്ഷെ ആ അമെന്റ്മെന്റ് ഇവിടെ ഉൾപ്പെടുത്താൻ സാധിക്കില്ല. ഭേദഗതികളൊന്നും അംഗീകരിക്കുന്നില്ല. അതിലെ തത്വം നേരത്തെ അംഗീകരിച്ചതാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. ഇ.പി. ജയരാജൻ അവതരിപ്പിച്ച 106, 107 എന്നീ ഭേദഗതികൾ സഭ നിരാകരിച്ചു.

2–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ......................................

പ്രതികൂലിക്കുന്നവർ......................................

2–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

2–ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>3–ാം വകുപ്പ്</u>

<u>ശ്രീ. എം. ഉമ്മർ:</u> സർ, ഞാൻ താഴെ പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

108. ഖണ്ഡം 3(എ)(i) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ 7(ii)(എ) വകുപ്പിൽ " വിപണന വിലയുടെ 0.5 ശതമാനം" എന്നതിനു പകരം "വിപണന വിലയുടെ 0.75 ശതമാനം" എന്നു ചേർക്കുക.

111. ഖണ്ഡം 3(എ)(ii) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ 7(ii)(ബി) വകുപ്പിൽ " വിപണന വിലയുടെ 0.3 ശതമാനം" എന്നീ വാക്കുകൾക്കും അക്കങ്ങൾക്കും പകരം "വിപണന വിലയുടെ 0.5 ശതമാനം" എന്നീ അക്കങ്ങളും വാക്കുകളും ചേർക്കുക.

ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പുമന്ത്രി (<u>ശ്രീ. കെ. സി. ജോസഫ്</u>): സർ, പാലിന്റെ ഉത്പാദനത്തിൽ ഇക്കണോമിക് വ്യൂ അനുസരിച്ച് പ്രതിദിനം ഏകദേശം ഒന്നുമുതൽ മൂന്നു ലിറ്റർവരെ പാലളക്കുന്ന ചെറുകിട നാമമാത്ര കർഷകരെക്കുറിച്ച് ശ്രീ. എം. ഉമ്മർ നേരത്തെ പറയുകയുണ്ടായി. അദ്ദേഹം ചൂണ്ടിക്കാണിച്ചത് 500 ലിറ്റർ എന്ന് ഉന്നയിച്ചാൽ ആ കർഷകർ വരുമെന്നുപറഞ്ഞ കാര്യം പരിശോധിക്കാവുന്നതാണ്. ഭേദഗതികളൊന്നും അംഗീകരിക്കുന്നില്ല.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 108, 111 എന്നീ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

3–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................................

പ്രതികൂലിക്കുന്നവർ...................................

3–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന എന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

3–ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>1–ാം വകുപ്പും പീഠികയും പേരും</u>

(ഭേദഗതിയില്ല)

1–ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....................................

പ്രതികൂലിക്കുന്നവർ......................................

1–ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

1–ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## <u>മൂന്നാം വായന</u>

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ബഹുമാനപ്പെട്ട ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പുമന്ത്രിക്ക് 2013–ലെ കേരള ക്ഷീരകർഷക ക്ഷേമനിധി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പുമന്ത്രി <u>(ശ്രീ. കെ.സി. ജോസഫ്</u>): സർ, 2013–ലെ കേരള ക്ഷീരകർഷക

ക്ഷേമനിധി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

എനിക്ക് ഒരുവാക്കുമാത്രമേ പറയാനുള്ളൂ. നിലവിലുള്ള നിയമത്തിലെ അപാകത പരിഹരിക്കാനുള്ള ശ്രമമാണ്. ഈ നിയമം പ്രാബല്യത്തിൽ വരുന്നതോടുകൂടി ക്ഷേമനിധിക്കുള്ള കോർപ്പസ് ഫണ്ട് വർദ്ധിക്കും. ആ വർദ്ധനവിന് ആനുപാതികമായി കേരളത്തിലെ ക്ഷീരകർഷകരുടെ പെൻഷൻ വർദ്ധിപ്പിക്കും. ഇപ്പോൾ 300 രൂപയാണ് നൽകുന്നത്. എത്ര കൂട്ടാൻ കഴിയുമോ അത്രയും വർദ്ധിപ്പിക്കുമെന്ന് സഭയ്ക്ക് ഉറപ്പുനൽകുകയാണ്.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: 2013-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..........................................

പ്രതികൂലിക്കുന്നവർ .......................................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

## (3) 2013-ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ബിൽ

മി. ഡെപ്യൂട്ടി സ്പീക്കർ: തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി ശ്രീ. ഷിബു ബേബി ജോൺ, അങ്ങേയ്ക്ക് സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2013-ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2013-ലെ

കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിന് വിയോജന ക്കുറിപ്പ് നൽകിയിട്ടുള്ള അംഗങ്ങൾക്ക് സംസാരിക്കാവുന്നതാണ്.

ശ്രീ. എം. ഹംസ: സർ, എന്റെ വിയോജനക്കുറിപ്പ് അവതരിപ്പിക്കുന്നു. കേരളത്തിലെ മൂന്നര ലക്ഷത്തോളം വരുന്ന ചുമട്ടുതൊഴിലാളികളുടെ പ്രശ്ന ങ്ങൾ കാലോചിതമായി ഉൾക്കൊള്ളുന്ന ഒരു നിയമമായി ഈ നിയമം അവത രിപ്പിക്കാമായിരുന്നു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രിയും വ്യവസായ വകുപ്പുമന്ത്രിയും പ്രശ്ന പരിഹാര ത്തിനുവേണ്ടി തയ്യാറാക്കിയിട്ടുള്ള ഓർഡിനൻസാണ് ഇപ്പോൾ നിയമമായി വരുന്നത്. പക്ഷെ കാലം മാറിയതനുസരിച്ച് പുതിയ പ്രശന്ങ്ങളെ അഡ്രസ്സ് ചെയ്യേണ്ടിയിരുന്നു. അതിന് കഴിയാത്ത ഒരു നിയമമാണെന്നുള്ളതുകൊണ്ട് ഞാൻ വിയോജിപ്പ് രേഖപ്പെടുത്തുന്നു. മൂന്ന് മേഖലകളിലായി മൂന്നര ലക്ഷ ത്തോളം വരുന്ന ചുമട്ടുതൊഴിലാളികളുണ്ട്. മൂന്നു മേഖലകളിൽ അറ്റാച്ച്ഡ് എന്നുപറയുന്നത് സത്യത്തിൽ ഈ നിയമത്തിന് ആവശ്യമില്ല. അറ്റാച്ച്ഡിനെ നമുക്ക് ഷോപ്പ് ആന്റ് എസ്റ്റാബ്ലിഷ്മെന്റ് ആക്ടനുസരിച്ച് മാറ്റാം. ബാക്കി യുള്ള രണ്ട് വിഭാഗം അൺ-അറ്റാച്ച്ഡും സ്കാറ്റേഡുമാണ്. അതിൽ അൺ-അറ്റാച്ച്ഡിന്റെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുള്ള നല്ല ശ്രമങ്ങൾ നടത്തേണ്ടതുണ്ട്. അൺ-അറ്റാച്ച്ഡ് മേഖലയിലെ ചുമട്ടുതൊഴിലാളികളുടെ പ്രശ്നമെന്നുപറയുന്നത് നമ്മൾ കാണേണ്ടതാണ്. ചുമട്ടുതൊഴിലാളികളാണ്

ഇന്ന് നമ്മുടെ നാട്ടിൽ പലതിന്റേയും കാവൽക്കാരായി നിൽക്കുന്നത്. എവിടെയെങ്കിലും എന്തെങ്കിലും പ്രശ്നം വന്നാൽ, എന്തെങ്കിലും ദുരന്തം സംഭവിച്ചാൽ അതിന് പരിഹാരം കാണാൻ ഓടിയെത്തുന്നത് ചുമട്ടുതൊഴിലാളികളാണ്. ഏതെങ്കിലും ഒരു രോഗിക്ക് രക്തം വേണ്ടി വന്നാൽ അത് നൽകി കാരുണ്യ പ്രവർത്തനം നടത്തുന്നതും ഇവരാണ്. ഈ നിലയിൽ ചുമട്ടുതൊഴിലാളികളെ സമീപിക്കാൻ നമുക്ക് കഴിയണം. ഈ ചുമട്ടുതൊഴിലാളികൾ അങ്ങോട്ടടയ്ക്കുന്ന പൈസയും അതിന്റെ പലിശയും സഹിതം തിരിച്ചുകിട്ടാത്ത വിഭാഗമാണെന്ന് ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രിക്ക് അറിയാം. ആ പ്രശ്നത്തിന് പരിഹാരം കാണണം. അതുപോലെതന്നെ അൺ–അറ്റാച്ച്ഡ് തൊഴിലാളികളും അറ്റാച്ച്ഡ് തൊഴിലാളികളും സ്കാറ്റേഡ് തൊഴിലാളികളും ഉൾപ്പെടെയുള്ള തൊഴിലാളികൾ അടയ്ക്കുന്ന പൈസ ഉപയോഗിച്ചാണ് ക്ഷേമനിധി ബോർഡ് പ്രവർത്തിക്കുന്നത്. ക്ഷേമനിധി ബോർഡിലെ ജീവനക്കാർക്ക് ശമ്പളം നൽകാൻ നല്ലൊരു തുക നീക്കിവയ്ക്കുകയാണ്. എസ്റ്റാബ്ലിഷ്മെന്റ് കോസ്റ്റ് ഇത്ര രൂപയാണ് എന്നുപറഞ്ഞ് സീൽ ചെയ്യണം. മാത്രമല്ല ക്ഷേമനിധി ബോർഡിലെ ജീവനക്കാർക്ക് ഇ.പി.എഫ് കോൺട്രിബ്യൂഷനും ഒപ്പം പെൻഷൻ കോൺട്രിബ്യൂഷനും അടയ്ക്കുന്നുണ്ട്. പാവപ്പെട്ട ചുമട്ടുതൊഴിലാളികൾ രക്തം വിയർപ്പാക്കി മാറ്റിയ പണം ഈ രൂപത്തിൽ നഷ്ടപ്പെടാൻ പാടില്ല. അതിനൊരു സീലിംഗ് വേണമെന്ന ഒരു നിർദ്ദേശം വയ്ക്കുകയാണ്. മറ്റൊന്ന് ഏതെങ്കിലും ജില്ലയിൽ ചുമട്ടുതൊഴിലാളികളുടെ ക്ഷേമനിധി ബോർഡിന്റെ പണം മറ്റൊരു സ്ഥലത്ത് ശമ്പളം നൽകാൻ പണമില്ലെന്നുപറഞ്ഞ് മാറ്റുകയും എവിടെ നിന്നാണോ പണം ലഭിച്ചിട്ടുള്ളത് ആ ജില്ലയിലെ തൊഴിലാളികളുടെ ക്ഷേമകാര്യങ്ങൾക്ക് ഉപയോഗിക്കാൻ കഴിയാ

തെയും വരുന്ന അവസ്ഥ വരുന്നുണ്ട്. ബഹുമാനപ്പെട്ട മന്ത്രിക്ക് മനസ്സിലായി ട്ടുണ്ടാകും. സമയമില്ലാത്തതുകൊണ്ട് ഞാൻ വിശദീകരിക്കുന്നില്ല.

അതുപോലെതന്നെ പെൻഷൻ കണക്കാക്കുന്ന രീതിയിലുള്ള അശാസ്ത്രീയ തയ്ക്ക് പരിഹാരം കാണണം. മൂന്ന് വർഷത്തിനുള്ളിൽ ഈ പെൻഷൻ കണക്കാക്കുന്ന രീതിയിൽ മാറ്റം വരുത്തണമെന്ന് നിയമത്തിലുണ്ട്. പക്ഷേ ഇതുവരെ അതിന് മാറ്റം വരുത്തിയിട്ടില്ല. ഇതിൽ നമ്മൾ ജോലി ചെയ്ത സമയം, ദിവസം, എത്ര രൂപ വേതനം പറ്റി എന്ന് കണക്കാക്കിക്കൊണ്ട് ശാസ്ത്രീയമായ രീതിയിൽ അവരുടെ പെൻഷനും മറ്റ് ആനുകൂല്യങ്ങളും കണക്കാക്കുന്നതിനുവേണ്ടിയുള്ള ഒരു രീതി വേണം. ശാസ്ത്രീയമായ രീതി യിൽ പെൻഷൻ ആനുകൂല്യങ്ങൾ കണക്കാക്കുന്നതിനുവേണ്ടിയുള്ള ഒരു സംവിധാനം ഉണ്ടാക്കണം. ചുമട്ടുതൊഴിലാളികൾ ത്യാഗമനോഭാവമുള്ളവ രാണ്, നാടിനെ സ്നേഹിക്കുന്നവരാണ്, രാജ്യത്തിന്റെ കാവൽക്കാരാണ് എന്ന് പറയുമ്പോൾ, അവരിൽത്തന്നെ ഒരു ചെറിയ വിഭാഗം ആളുകൾ നോക്കു കൂലിയും വാങ്ങുന്നുണ്ട്. നോക്കുകൂലി നിരുത്സാഹപ്പെടുത്തുകയും അവസാ നിപ്പിക്കുകയും വേണം. എന്നാൽ അവരുടെ ത്യാഗമനോഭാവത്തെയെല്ലാം കണ്ടുകൊണ്ടുവേണം ഇതിനെ സമീപിക്കാൻ. മറ്റൊരു കാര്യം, പത്താം ക്ലാസ് പാസ്സായാൽ എലിജിബിൾ ഫോർ ഹയർ സ്റ്റഡീസ് എന്ന ഒരു സർട്ടിഫിക്കറ്റ് കൊടുക്കും. ആ സർട്ടിഫിക്കറ്റ് കൊണ്ട് എവിടെയും സീറ്റ് കിട്ടണമെന്നില്ല. അതുപോലെയാണ് ചുമട്ടുതൊഴിലാളികളുടെ ഐഡന്റിറ്റി കാർഡ്. ഏതൊരു കോടതിയും ഇടപെട്ട് ഇവർ ഈ പണിയെടുക്കാൻ പാടില്ല എന്ന് പറയു ന്നൊരു രീതിയുണ്ട്. നിയമത്തിന്റെ പരിമിതികൊണ്ടാണ് അങ്ങനെ സംഭവി ക്കുന്നത്. അതുകൊണ്ട് ഐഡന്റിറ്റി കാർഡ് കിട്ടിയ ചുമട്ടുതൊഴിലാളിക്ക് ജോലി ചെയ്യാനുള്ള റേറ്റ് ഉറപ്പിക്കാനാവശ്യമായ ഒരു നിയമമുണ്ടാകണം.

ഐഡന്റിറ്റി കാർഡ് കൊടുത്താൽ മാത്രം പോര, അവർക്ക് ജോലി ഉറപ്പുവരുത്താനും സാധിക്കണം. നല്ല മനുഷ്യപ്പറ്റുള്ളവരാണ് അവർ. കുറച്ചുപേർക്കു മാത്രമാണ് മാറ്റമുള്ളത്. ആ മാറ്റം പരിഹരിക്കുന്നതിനുകഴിയണം. മറ്റൊന്ന്, സ്കാറ്റേർഡ് തൊഴിലാളികൾക്ക് ഇപ്പോൾ അൺ അറ്റാച്ച്ഡ് തൊഴിലാളികളുടെ ആനുകൂല്യങ്ങൾ കിട്ടുന്നില്ല. അതിനുകാരണം എംപ്ലോയർ പൈസ അടയ്ക്കുന്നില്ല എന്നതാണ്. അതുകൊണ്ട് എനിക്ക് പറയാനുള്ളത് 25 ശതമാനം ലെവിയും 2 ശതമാനം റിസ്ക് ഫണ്ടും സ്വയം അടയ്ക്കാൻ തയ്യാറുള്ള സ്കാറ്റേർഡ് തൊഴിലാളികളെ അൺ അറ്റാച്ച്ഡ് തൊഴിലാളികളുടെ കൂട്ടത്തിൽപ്പെടുത്തി സ്കാറ്റേർഡ് തൊഴിലാളികളുടെ ദുരന്തം അവസാനിപ്പിക്കാനാവശ്യമായ രൂപത്തിൽ ഒരു നിയമഭേദഗതി കൊണ്ടുവരുന്നതിനെക്കുറിച്ച് അങ്ങ് ആലോചിക്കണമെന്നാണ്. അങ്ങനെ തൊഴിലാളികളെ സ്നേഹിക്കുകയും അവരുടെ പക്ഷത്ത് നിൽക്കുകയും വേണം.

ശ്രീ. വർക്കല കഹാർ: സർ, അൺ അറ്റാച്ച്ഡ്, അറ്റാച്ച്ഡ്, സ്കാറ്റേർഡ് എന്നീ 3 വിഭാഗങ്ങൾ പറഞ്ഞു. ഇതിൽ അൺ അറ്റാച്ച്ഡ് വിഭാഗത്തിനുമാത്രമാണ് ക്ഷേമപദ്ധതി പ്രകാരം തൊഴിൽ ക്രമീകരണമുള്ളത്. സ്കാറ്റേർഡിന് വെൽഫയർ മെഷേഴ്സ് മാത്രമേ നിലവിലുള്ള പദ്ധതിയിലുള്ളു. അറ്റാച്ച്ഡ് തൊഴിലാളികൾക്കും അതുമാത്രമേയുള്ളു. അപ്പോൾ എങ്ങനെയാണ് രണ്ടും കൂടി മെർജ് ചെയ്യുന്നത്?

ശ്രീ. എം. ഹംസ: സർ, അൺ അറ്റാച്ച്ഡ് തൊഴിലാളികൾക്ക് കിട്ടുന്ന ആനുകൂല്യങ്ങളെന്ന് പറയുന്നത് 12% ബോണസ്, അഡ്വാൻസ്, പെൻഷൻ, ചികിത്സ ആനുകൂല്യങ്ങൾ, ഭവനവായ്പ തുടങ്ങിയവയാണ്. ഭവനവായ്പ ചുരുങ്ങിയ തുകയെയുള്ളു, പലിശ കൂടുതലാണ്, പലിശ കുറയ്ക്കണം, തുക

കൂട്ടണം എന്നുള്ള ഡിമാന്റുകളുണ്ട്. ഇതിൽ 25 ശതമാനം ലെവിയും 2 ശതമാനം റിസ്ക് ഫണ്ടും അടയ്ക്കാൻ തയ്യാറുള്ള സ്കാറ്റേർഡ് തൊഴിലാളികളെ അറ്റാച്ച്ഡ് തൊഴിലാളികളിൽ ഉൾപ്പെടുത്തിക്കൊണ്ടുള്ള നിയമഭേദഗതി കൊണ്ടുവന്നാൽ മതി. അപ്പോൾ അവർക്ക് ശമ്പളം പോലെ 4000-5000 രൂപ ഒരു മാസം കിട്ടും. ബോണസ്, ഭവനവായ്പ, കുട്ടികളെ പഠിപ്പിക്കാനുള്ള സ്കോളർഷിപ്പ് തുടങ്ങിയവ കിട്ടും. ഇതൊന്നും സ്കാറ്റേർഡ് തൊഴിലാളികൾക്ക് കിട്ടുന്നില്ല. അവർക്ക് ഒന്നും കിട്ടുന്നില്ല. അവർ നമ്മുടെ കാവൽക്കാരാണ്. അത് മനസ്സിലാക്കിക്കൊണ്ടാണ് ഞാൻ ഇത് പറയുന്നത്. ബഹുമാനപ്പെട്ട മന്ത്രി പ്രോത്സാഹിപ്പിച്ചതുകൊണ്ട് ഞാൻ പറയുകയാണ്. ക്ഷേമനിധികളുമായി ബന്ധപ്പെട്ടുകൊണ്ട് ഒറ്റ കാര്യമേ പറയാനുള്ളു. ക്ഷേമനിധി ബോർഡുകളിൽ നിന്ന് തൊഴിലാളികളുടെ പണം ഉപയോഗപ്പെടുത്തികൊണ്ട് ഉദ്യോഗസ്ഥന്മാർ ശമ്പളം വാങ്ങുകയും ആനുകൂല്യങ്ങൾ പറ്റുകയും അധ്വാനിക്കുന്ന തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ കിട്ടാതെ വരികയും ചെയ്യുന്ന അവസ്ഥ പരിഹരിക്കാൻ എസ്റ്റാബ്ലിഷ്മെന്റ് കോസ്റ്റിന് സീലിംഗ് ഏർപ്പെടുത്തികൊണ്ടുള്ള സംവിധാനമേർപ്പെടുത്തണമെന്ന ഭേദഗതിയോടുകൂടി ഞാൻ അവസാനിപ്പിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. പി.സി. ജോർജിന് 1 (എ) നമ്പർ ഭേദഗതി അവതരിപ്പിച്ച് സംസാരിക്കാവുന്നതാണ്.

ചീഫ് വിപ്പ് (ശ്രീ. പി. സി. ജോർജ്): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2013-ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. വളരെ നിസ്സാരമായ ഒരു അമന്റ്മെന്റ് മാത്രമാണ് ഈ

നിയമത്തിലൂടെ കൊണ്ടുവരുന്നത്. കൊച്ചിൻ പോർട്ടിലെ തൊഴിലാളികളുടെ സംരക്ഷണം ഉദ്ദേശിച്ചാണ് ഈ നിയമം കൊണ്ടുവന്നിരിക്കുന്നത്. ബഹുമാനപ്പെട്ട എം. ഹംസ ഇവിടെ സൂചിപ്പിച്ചതനുസരിച്ച് സമഗ്രമായ ഒരു ചുമട്ടുതൊഴിലാളി നിയമം തന്നെ കൊണ്ടുവരേണ്ടതായിട്ടുണ്ട്. ഒളിച്ചുവച്ചിട്ട് കാര്യമില്ല. അദ്ദേഹം പറഞ്ഞതിനെ ഞാൻ എതിർക്കുകയല്ല, അനുകൂലിക്കുകയാണ്. ചുമട്ടുതൊഴിലാളികൾ ഏറ്റവും കൂടുതൽ പ്രയത്നിക്കുന്നവരും ബുദ്ധിമുട്ടുന്നവരുമാണ്. സമൂഹത്തിലുണ്ടാകുന്ന ഏത് പ്രശ്നത്തിലും ഓടിയെത്തുന്നതും അവരാണ്. ഒരു അപകടമുണ്ടായാൽ ആ മേഖലയിൽ ആദ്യം ഓടിയെത്തുന്നത് ചുമട്ടുത്തൊഴിലാളികളാണ്. അവർ ചെയ്യുന്ന സേവനത്തെ ചെറുതായി കാണാൻ സാധിക്കുകയില്ല. അതുപോലെ രക്തദാന രംഗത്തും, സാമൂഹ്യസേവന രംഗത്തും, ശക്തമായി നിൽക്കുന്ന ചുമട്ടുത്തൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്താൻ കഴിയുന്ന രീതിയിൽ ശക്തമായ ഒരു നിയമം തന്നെ പുതുതായി കൊണ്ടുവരാൻ ബഹുമാനപ്പെട്ട ഗവൺമെന്റ് തയ്യാറാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ചുരുക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. എ. എം. ആരിഫിന് 2(ബി) നമ്പർ ഭേദഗതി അവതരിപ്പിച്ച് സംസാരിക്കാവുന്നതാണ്.

ശ്രീ. എ. എം. ആരിഫ്: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2013-ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഇന്നത്തെ ഈ നിയമത്തിന്റെ ഉദ്ദേശകാരണങ്ങളെക്കുറിച്ച് പറയുമ്പോൾ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതിയുടെ 8–ാമത് റിപ്പോർട്ട് 2005 മാർച്ച് മാസം 30–ാം തീയതി സഭ അംഗീകരിച്ചതാണ്. ഏതാണ്ട് 8–9

കൊല്ലം കഴിയുമ്പോഴാണ് അതിന്മേലുള്ള ആക്ഷൻ ഉണ്ടാകുന്നത്. നിയമസഭാ സമിതികൾ വളരെ സമയമെടുത്ത് ചർച്ച ചെയ്ത് തെളിവെടുപ്പ് നടത്തി പരിശോധിച്ച് ചുറ്റിക്കറങ്ങി അതിന്മേൽ തെളിവെടുപ്പ് നടത്തി കൊടുക്കുന്ന ശുപാർശകൾ നടപ്പിലാക്കുന്നതിനെടുക്കുന്ന കാലതാമസത്തെപ്പറ്റി ബന്ധപ്പെട്ട സമിതികളും സ്പീക്കറുടെ ഓഫീസുമെല്ലാം യഥാർത്ഥത്തിൽ പരിശോധിക്കേണ്ടതാണ്. റിപ്പോർട്ടുകൾ കിട്ടുന്നതിന് തന്നെ ഒത്തിരി വൈകാറുണ്ട്. അത് കഴിഞ്ഞിട്ടാണ് ശുപാർശകൾ വരുന്നത്. ശുപാർശകൾ നടപ്പാക്കുന്നതിനും ഒരുപാട് കാലതാമസമുണ്ടാകുകയാണ്. ശ്രീ. എം. ഹംസ ഇവിടെ പറഞ്ഞതുപോലെ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കൊണ്ടുവന്ന ഓർഡിനൻസിൽ ഭേദഗതികൾ നടപ്പാക്കുന്നത് സംബന്ധിച്ചാണ്. നമ്മുടെ സമൂഹത്തിൽ ഏറ്റവും അധികം കായികാധ്വാനം വേണ്ടിവരുന്ന ഒരു തൊഴിലാളി വിഭാഗമാണ് ചുമട്ടുതൊഴിലാളികൾ. 50 കിലോയെടുക്കാൻ പറഞ്ഞാൽ ഇവിടെയിരിക്കുന്ന മിക്ക ആളുകൾക്കും കഴിയില്ല. 100 കിലോയ്ക്ക് മുകളിൽ ഭാരം തലയിൽവച്ച് ചുമന്നുകൊണ്ട് പോകുന്നവരുടെ അധ്വാനഭാരം എത്രയാണെന്ന് നമുക്ക് ഊഹിക്കാവുന്നതേയുള്ളു. അത്രയധികം കഷ്ടപ്പെട്ട് പണിയെടുക്കുന്ന ചുമട്ടുതൊഴിലാളികളെ പണ്ടുകാലത്തെ കാർട്ടൂണിസ്റ്റുകളെല്ലാം ചിത്രീകരിച്ചുകൊണ്ടിരുന്നത് വളരെ വികൃതമായിട്ടാണ്. ഞാൻ ചുരുക്കുകയാണ്. ശൂന്യതയിൽ നിന്നും പദപ്രവാഹം സൃഷ്ടിക്കുന്ന ആളുകൾ പോലും ചുരുക്കിയ സ്ഥിതിക്ക് ഞാൻ ചുരുക്കുന്നതാണ് നല്ലത്. ഗർഭിണിയായ സ്ത്രീകളെ പോലും ചിത്രീകരിക്കുന്ന സന്ദർഭത്തിൽ ചുമട്ടുകൂലി ചോദിക്കുന്നതായി കാർട്ടൂണിസ്റ്റുകൾ വരയ്ക്കാറുണ്ട്. കുട്ടികളുടെ പാഠപുസ്തകം ബാഗിൽ തൂക്കി പോകുമ്പോൾ ചുമട്ടുത്തൊഴിലാളികളെ കളിയാക്കി ചിത്രീകരിക്കാറുണ്ട്. അതുപോലെതന്നെ വളരെ മോശമായി ഉടുപ്പിന്റെ ബട്ടൺസ് ഇടാത്ത

വർ, തലയിൽ കെട്ട് കെട്ടുന്നവർ, മീശപിരിക്കുന്നവർ, മോശം ഭാഷ സംസാരിക്കുന്നവർ, ബീഡി വലിക്കുന്നവർ ഇങ്ങനെ പല തരത്തിലുള്ള ആളുകളായാണ് കാർട്ടൂണിസ്റ്റുകൾ ചിത്രീകരിച്ചിരിക്കുന്നത്. ചുമട്ടുതൊഴിലാളികൾ എല്ലാ ട്രേഡ് യൂണിയന്റെയും ഭാഗമായുണ്ടെങ്കിലും അതിന്റെ ചിത്രീകരണത്തിന്റെ മുന ചെന്ന് കൊള്ളുന്നത് സി.ഐ.ടി.യു.-വിലാണ്. പലപ്പോഴും സി.ഐ.ടി.യു. എന്ന നിലയിലാണ് ചുമട്ടുത്തൊഴിലാളികൾ ചിത്രീകരിക്കപ്പെട്ടുകൊണ്ടിരിക്കുന്നത്. അങ്ങനെ ഏറ്റവുമധികം വിമർശനാത്മകമായി ചിത്രീകരിക്കപ്പെട്ടിട്ടുള്ള ഒരാളാണ് കാർട്ടൂണിസ്റ്റായ യേശുദാസൻ. അക്കാലത്ത് ഇടതുപക്ഷത്തെ ഉന്നംവച്ചായിരുന്നു അദ്ദേഹത്തിന്റെ രചനകളും വരകളെല്ലാം ഉണ്ടായിരുന്നത്. ഇന്നിപ്പോൾ അദ്ദേഹം ദേശാഭിമാനിയിൽ തൊഴിലാളി വർഗ്ഗത്തിന്റെ ആശയം പ്രചരിപ്പിക്കുന്ന, ദേശാഭിമാനിയിൽ കാർട്ടൂണിസ്റ്റായി പ്രവർത്തിക്കുന്നുവെന്നുള്ളത് ചരിത്രത്തിന്റെ പ്രയാണം, ദിശ എങ്ങോട്ടാണെന്ന് സൂചിപ്പിക്കുന്നതിന്റെ മാറ്റമായി വേണമെങ്കിൽ കാണാൻ കഴിയും. ഞാൻ വിശദാംശങ്ങളിലേയ്ക്കൊന്നും പോകുന്നില്ല. ......... രാജ്യം മുന്നോട്ടു പോകുന്നു. തൊഴിലാളി വർഗ്ഗത്തിന്റെ ഭാഗത്തേയ്ക്കാണ് താൻ വന്നുചേരേണ്ടതെന്ന് കാർട്ടൂണിസ്റ്റ് യേശുദാസൻ തിരിച്ചറിഞ്ഞതിന്റെ ലക്ഷണമാണ്. അത് സമൂഹത്തിനുള്ള പൊതുദിശയാണെന്നാണ് ഞാൻ പറഞ്ഞുവന്നത്. ഇത് പറയുമ്പോൾ തന്നെ സബോർഡിനേറ്റ് ലെജിസ്ലേഷന്റെ ഭാഗമായി തന്നെ ശുപാർശ ചെയ്യപ്പെടുന്ന പല സന്ദർഭങ്ങളുണ്ട്. ബില്ലിനകത്ത് 32-ാമതായി അത് പറയുന്നുണ്ട്. ക്ഷേമനിധിയുടെ പ്രവർത്തനാരംഭഘട്ടത്തിൽ പദ്ധതിയുടെ വിജയകരമായ നടത്തിപ്പിനായി ആദ്യവർഷം സർക്കാർ 50 ലക്ഷം രൂപ ഗ്രാന്റായി നൽകിയിരുന്നതും തുടർന്ന് വരുന്ന 5 വർഷക്കാലത്തേയ്ക്ക് ഇതുപോലെ ഗ്രാന്റ് നൽകാമെന്ന് വാഗ്ദാനം നൽകിയിരുന്നെങ്കിലും അത് നിറവേ

റ്റപ്പെട്ടിട്ടില്ല (സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതിയുടെ ശുപാർശയാണെല്ലോ ഇതിന്റെ ബേയ്സ്) എന്ന് ബോർഡിന്റെ ചീഫ് എക്സിക്യൂട്ടീവ് സമിതിയെ അറിയിക്കുകയുണ്ടായി. സർക്കാർ വാഗ്ദാനം ചെയ്ത ഗ്രാന്റ് തുടർച്ചയായി ലഭിക്കുകയാണെങ്കിൽ അർഹരായവർക്ക് നിധിയിൽ നിന്ന് കൃത്യമായി പെൻഷൻ കൊടുക്കാൻ കഴിയുമെന്നും അദ്ദേഹം സമിതിയെ ബോധ്യപ്പെടുത്തി. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 4.75 കോടി രൂപ പെൻഷൻ കൊടുക്കുന്നതിനായി അനുവദിച്ചു. ഇപ്പോൾ ആ പൈസ ഇല്ലാതെ കൊടുക്കാൻ കഴിയാതിരിക്കുന്ന സാഹചര്യമാണുള്ളത്. വളരെ നാമമാത്രമായ പെൻഷനാണ്. ഇത്രയുമധികം അധ്വാനം വിനിയോഗിക്കുന്ന ജനവിഭാഗമാണെങ്കിലും അവരുടെ ജീവിത നിലവാരം ഒരിക്കലും ഉയരുന്നില്ല. വളരെ കഷ്ടപ്പെട്ട് ജീവിക്കുന്ന ആളുകൾ അപൂർവ്വം ചില തൊഴിൽ മേഖലയൊഴിച്ചാൽ ബാക്കി മഹാഭൂരിപക്ഷം പേരും ഇങ്ങനെ തൊഴിലിനുവേണ്ടി വേഴാമ്പലിനെപ്പോലെ കാത്തിരുന്ന അവസ്ഥയാണുള്ളത്. വളരെ കഷ്ടപ്പെട്ട് ജീവിക്കുന്ന ആ ജനവിഭാഗത്തിന് കൃത്യമായി പെൻഷൻ പോലും കൊടുക്കാൻ കഴിയാത്ത അവസ്ഥയാണ് നിലനിൽക്കുന്നത്. അതുകൊണ്ട് അത് എത്രയും വേഗം പരിഹരിച്ച് കൊടുക്കാൻ കഴിയണം. ഈ ബില്ലിലെ ഭേദഗതിയെക്കുറിച്ച് പറയുമ്പോൾ കുടുംബത്തെക്കുറിച്ചുള്ള നിർവ്വചനത്തിന്റെ ഒരു ഭാഗമുണ്ട്. അതിനകത്ത് കുടുംബത്തിൽ ഉൾപ്പെടുത്തണമെന്ന് പറയുന്ന ഭാഗത്തോടൊപ്പംതന്നെ മാനസികമായി വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ പ്രായപരിധിയില്ലാതെതന്നെ അവരെ ഉൾപ്പെടുത്തണമെന്നുള്ള ഭേദഗതി മൂവ് ചെയ്യുമ്പോൾ തന്നെ നിയമപ്രകാരം അഡോപ്റ്റ് ചെയ്തിട്ടുള്ള കുട്ടികളെയും പരിഗണിക്കാവുന്നതാണ്. അതുപോലെതന്നെ പൂർണ്ണമായും ആശ്രിതരായ അവിവാഹിതരായിട്ടുള്ള സഹോദരിമാർ, ഇതിനൊക്കെ പിന്നീട് എപ്പോഴെ

ങ്കിലും ഇതുപോലുള്ള ശുപാർശകൾ ദീർഘകാലമായി വന്ന്......... പ്രായോഗികമായി തന്നെ വരുന്ന അവിവാഹിതരായ സഹോദരിമാർ അല്ലെങ്കിൽ വിധവകളായ സഹോദരിമാർ എന്നിവരെക്കൂടി ഇതിന്റെ ആംബിറ്റിൽ കൊണ്ടുവരുന്നത് ഭാവിയിൽ ഇത്തരം പ്രശ്നങ്ങളുണ്ടാകുമ്പോൾ കുറച്ചുകൂടി സഹായകമാകും. അതുപോലെ ക്ഷേമനിധി ആനുകൂല്യങ്ങളൊക്കെ വളരെ പരിമിതമാണ്. ഒരുകാലത്ത് ഹെഡ്‌ലോഡ് വർക്കേഴ്സ് ആക്ടിന്റെ മൂലനിയമത്തിൽ തന്നെ ഒരുപാട് മാറ്റങ്ങൾ പിന്നീട് വരുത്തുകയുണ്ടായി. ആ മാറ്റങ്ങളെല്ലാം മുൻകൂട്ടി കണ്ടുകൊണ്ട് കുറച്ചുകൂടി പ്രായോഗിക തലത്തിൽ അനുഭവപ്പെട്ടിട്ടുള്ള കാര്യങ്ങൾ കൂടി കൂട്ടിച്ചേർത്ത് ഭേദഗതികൾ കൊണ്ടുവരുന്നത് ഒഫീഷ്യൽ ഭേദഗതിയായിത്തന്നെ കൊണ്ടുവന്ന് അതുംകൂടി ചേർക്കണം എന്നുള്ള അഭിപ്രായമാണുള്ളത്. ഇത് ഫലപ്രദമായി നടപ്പാക്കുന്നതിന് ധാരാളം ബുദ്ധിമുട്ടുകളുണ്ട്. നിലവിലുള്ള ക്ഷേമനിധി ഓഫീസുകളുടെയെല്ലാം സൗകര്യങ്ങൾ വളരെ പരിമിതമാണ്. അവിടെ സ്റ്റാഫ് സ്ട്രെങ്ങ്തിന്റെ കുറവുണ്ട്, ഓഫീസ് സൗകര്യങ്ങളുടെ കുറവുണ്ട് ഇതെല്ലാം പരിഹരിക്കപ്പെടാനുള്ള ശ്രമം കൂടി ഉണ്ടായാൽ മാത്രമേ നമുക്ക് ഇത് ഫലപ്രദമായി നടപ്പാക്കാൻ കഴിയൂ എന്നുമാത്രം പറഞ്ഞുകൊണ്ട് ഞാൻ നിറുത്തുന്നു.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സർ, ശ്രീ. എ. എം. ആരിഫ് സൂചിപ്പിച്ചതുപോലെ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ഇതിന്റെ ആദ്യഭാഗം സബോർഡിനേറ്റ് ലെജിസ്ലേറ്റീവ് സമിതിയുടെ ശുപാർശപ്രകാരവും ബാക്കിയുള്ളത് ഒരു വിശാലമായ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ കൊച്ചിൻ തുറമുഖത്ത് നിലനിന്നിരുന്ന അനുവദനീയമല്ലാത്ത ചില പ്രവണതകൾ അവസാനിപ്പിക്കുവാൻ

വേണ്ടി എടുത്ത നടപടികളുടെ ഭാഗമായും ഇ.എസ്.ഐ. ബാധകമാക്കുക എന്ന ലക്ഷ്യത്തോടുകൂടിയും കൊണ്ടുവന്ന ഒരു ഓർഡിനൻസാണ് ഇപ്പോൾ ബില്ലായി മാറുന്നത്. ഇവിടെ ശ്രീ. എം. ഹംസ സൂചിപ്പിച്ചതിനോട് പൂർണ്ണ മായും ഞാൻ യോജിക്കുന്നു. ഇത്രയും അദ്ധ്വാനിക്കുന്ന മറ്റൊരു തൊഴിലാളി വിഭാഗം കേരളത്തിലില്ല എന്നതാണ് ഈ മേഖലയിലെ ഒരു സവിശേഷത. പക്ഷേ ഇവർ ചെയ്യുന്ന നല്ല കാര്യങ്ങളെക്കുറിച്ച് ഒരിക്കലും ആരും സംസാരി ച്ചിട്ടില്ല. നോക്കുകൂലി ആസ്പദമാക്കി, ചുമട്ടുതൊഴിലാളികളെയാകെ വില്ലൻ കഥാപാത്രങ്ങളായി ചിത്രീകരിക്കുന്ന ദൗർഭാഗ്യകരമായ സ്ഥിതിവിശേഷം കേരളത്തിലുണ്ട്. അത് നമ്മൾ മാറ്റിയെടുത്തുകൊണ്ടിരിക്കുകയാണ്. അതു കൊണ്ടാണ് ട്രേഡ് യൂണിയനുകളെല്ലാംകൂടി മുൻകൈയെടുത്ത് നോക്കു കൂലി പാടില്ലെന്നുള്ള നിലപാടെടുത്തത്. അതൊരു പരിധിവരെ എല്ലാ ഭാഗത്തും വിജയിച്ചുവരുന്നുണ്ട്. ശ്രീ. എം. ഹംസ ചൂണ്ടിക്കാണിച്ച ഒരു പ്രശ്നം ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനത്തെ സംബന്ധിച്ചാണ്. ഈ നിയമം പാസ്സായിക്കഴിയുമ്പോൾത്തന്നെ ദൂരവ്യാപ കമായ പ്രശ്നങ്ങൾ ബോർഡിനുണ്ടാകുമെന്നുള്ള കാര്യത്തിൽ സംശയമില്ല. പക്ഷേ അതിനെ അതിജീവിക്കാൻ നമുക്ക് സാധിക്കണം, അതിനുള്ള മറ്റ് മാർഗ്ഗങ്ങൾ തേടണം. എസ്റ്റാബ്ലിഷ്മെന്റ് കോസ്റ്റ് കുറച്ചുനിർത്തുന്നതിനെ ക്കുറിച്ച് ഇവിടെ പരാമർശിക്കുകയുണ്ടായി. ഇപ്പോൾ നാലര ശതമാനമാണ് എസ്റ്റാബ്ലിഷ്മെന്റ് കോസ്റ്റായി മാറ്റിവച്ചിട്ടുള്ളതെങ്കിലും എട്ട് ശതമാനത്തോളം ചെലവാകുന്നുണ്ട്. ഇതിനുള്ള പ്രധാന കാരണം പണം ഇതിലേയ്ക്ക് അടയ്ക്കാത്തതാണ്. 27 ശതമാനം പണം ലാഭിക്കാൻവേണ്ടി മുതലാളിമാർ ഇത് തൊഴിലാളികളുടെ കയ്യിൽ കൊടുക്കുന്നതുകൊണ്ടാണ് ബോർഡിന്റെ

പ്രവർത്തനം കാര്യക്ഷമമാകാത്തത്. അദ്ദേഹം എസ്റ്റാബ്ലിഷ്മെന്റ് കോസ്റ്റിനെക്കുറിച്ച് പറഞ്ഞു, ഇപ്പോൾ അദ്ദേഹം ഇവിടെ ഇല്ല. പക്ഷേ മുൻ തൊഴിൽ വകുപ്പുമന്ത്രി ശ്രീ. പി.കെ. ഗുരുദാസൻ ഉൾപ്പെടെയുള്ളവർ ഇവിടെയുണ്ട്. ഇപ്പോൾ ബോർഡ് നേരിടുന്ന പ്രധാന ഭീഷണി, സ്ഥിരം തൊഴിലാളികൾക്ക് പെൻഷൻ കൊടുക്കാനുള്ള തീരുമാനം കഴിഞ്ഞ ഗവൺമെന്റ് കൈക്കൊള്ളുകയുണ്ടായി. ഈ തൊഴിലാളികൾ അടയ്ക്കുന്ന തുകയിൽനിന്നാണ് പെൻഷൻ കൊടുക്കേണ്ടത്. പെൻഷൻ കൊടുക്കുന്ന സ്ഥിതികൂടി വരുമ്പോൾ ബോർഡിന്റെ പ്രവർത്തനം എങ്ങനെയായിരിക്കുമെന്നുള്ളതിൽ വലിയ ആശങ്കയുണ്ട്. ബോർഡിന്റെ പ്രവർത്തനങ്ങൾ എങ്ങനെ മെച്ചപ്പെടുത്താൻ സാധിക്കുമെന്നുള്ളതിനെക്കുറിച്ച് ആലോചിച്ചുകൊണ്ടിരിക്കുകയാണ്. വളരെ കുറഞ്ഞ പലിശയ്ക്ക് നിക്ഷേപിച്ചിരുന്നത് ഉയർന്ന പലിശയിലേയ്ക്ക് മാറ്റി വരുമാനം വർദ്ധിപ്പിച്ചിട്ടുണ്ട്. സ്കാറ്റേർഡ് തൊഴിലാളികളെക്കുറിച്ച് ശ്രീ. എ. എം. ആരിഫ് സൂചിപ്പിക്കുകയുണ്ടായി. ഗവൺമെന്റ് വിഹിതം കിട്ടിയില്ലെങ്കിൽപ്പോലും സ്കാറ്റേർഡ് തൊഴിലാളികൾക്ക് ഡിസംബർവരെയുള്ള പെൻഷൻ കൊടുത്തിട്ടുണ്ട്, പെൻഷൻ കുടിശ്ശികയില്ല. ഗവൺമെന്റിൽനിന്ന് മുൻകാലങ്ങളിലെപ്പോലെയുള്ള വിഹിതം കിട്ടാനുള്ള ഒരു പരിശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. ഇത് എത്രത്തോളം പ്രായോഗികമാണെന്നുള്ളത് എനിക്കറിയില്ല, സ്കാറ്റേർഡ് തൊഴിലാളികളുടെ ഒരു വിഹിതംകൂടി വാങ്ങി അവരെ അംഗങ്ങളാക്കണമെന്നാണ് ഇവിടെ പറഞ്ഞത്. ആരാണ് പണം ഇങ്ങോട്ട് തരാൻ പോകുന്നത് ...... നോക്കുകൂലി ഒഴിവാക്കി ബാങ്കിൽ കൃത്യമായി പണമടയ്ക്കാനുള്ള സംവിധാനം ചെയ്തിട്ടും ഇതുവരെയും ഒരാൾപോലും ബാങ്കിൽ പണം അടച്ചിട്ടില്ല. തൊഴിലാളികൾക്ക് നേരിട്ട് കൊടുക്കുകയാണ് ചെയ്യുന്നത്, അവർ ആഗ്രഹിക്കുന്നതും അതാണ്. അതുകൊണ്ട്

അത് പ്രായോഗികതലത്തിൽ എത്രത്തോളം കൊണ്ടുവരാൻ സാധിക്കുമെന്നുള്ളതിൽ സംശയമുണ്ട്. എന്താണെങ്കിലും ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങൾ കുറെക്കൂടി മെച്ചപ്പെടേണ്ടതുണ്ട്. ഇവിടെ സൂചിപ്പിച്ചതുപോലെ എസ്റ്റാബ്ലിഷ്മെന്റ് എക്സ്പെൻസ് കുറയ്ക്കേണ്ടതാണ്. അതിനെല്ലാം ഉതകുന്ന നിലയിലേയ്ക്കുള്ള പരിപാടികളുമായി മുന്നോട്ട് പോകുകയാണ്. ഇതൊരു ചെറിയ ബിൽ എന്നുള്ള നിലയിൽ, അതിൽ പല പ്രശ്നങ്ങൾ അന്തർലീനമായിട്ടുണ്ടെങ്കിലും, അത് പാസ്സാക്കിത്തരണമെന്നുള്ളതാണ് എന്റെ അഭ്യർത്ഥന.

ശ്രീ. വർക്കല കഹാർ: സർ, വർക്കേഴ്സിന്റെ ഏൺഡ് വേജസ് കൊണ്ടാണ് ഈ ബോർഡ് മുന്നോട്ടുപോകുന്നത് ജീവനക്കാർക്ക് പെൻഷൻ കൊടുക്കുമ്പോൾതന്നെ വലിയൊരു ബാദ്ധ്യത ബോർഡിന് വരുന്നുണ്ട്. ഇന്ന് കമ്മിറ്റികളിൽ തൊഴിലാളികൾ നേരിട്ട് പണം അടയ്ക്കുന്ന സ്ഥിതി കുറഞ്ഞു വരികയാണ്. അടയ്ക്കുന്ന പണം പകുതി മാത്രമേ അടയ്ക്കൂ എന്നുള്ള സാഹചര്യം എല്ലാ കമ്മിറ്റികളിലും വരുന്നു. അപ്പോൾ ബാദ്ധ്യത കൂടി വരുന്നു. ജീവനക്കാരുടെ മുഴുവൻ പെൻഷനും കൊടുക്കേണ്ടി വരുന്നു. എറണാകുളത്തെ കാര്യം മാത്രമെടുത്താൽ ഇ.എസ്.ഐ.യുടെ പ്രശ്നം അവസാനിക്കുമോ? ആരെങ്കിലും കേസിന് പോകുകയാണെങ്കിൽ കേരളത്തിന്റെ എല്ലാ ഭാഗങ്ങളിലും ഇത് കൊടുക്കേണ്ടിവരും. അങ്ങനെ കൊടുക്കേണ്ടിവന്നാൽ, ഇന്ന് രണ്ട് ശതമാനം തുകയാണ് വർക്ക്മെൻ കോമ്പൻസേഷനുവേണ്ടി വ്യാപാരികളിൽ നിന്ന് പിരിക്കുന്നത്. അത് നാലര ശതമാനംകൂടി വാങ്ങേണ്ടിവരും. അങ്ങനെ വാങ്ങിയെങ്കിൽ മാത്രമേ ഇ.എസ്.ഐ. എല്ലാ സ്ഥലങ്ങളിലും ബാധകമാകുന്ന സാഹചര്യത്തിൽ എത്തിച്ചേരുകയുള്ളൂ. ഈ

ബോർഡ് അപകടകരമായ ചില പ്രതിസന്ധികളെ നേരിട്ടുകൊണ്ടിരിക്കുകയാണ്. അതിന്റെ പരിഹാരം കൂടി നമ്മൾ ആലോചിക്കേണ്ടിവരും.

ശ്രീ. ഷിബു ബേബി ജോൺ: സർ, ഇത് അറിയാത്തവരെക്കൂടി പറഞ്ഞറിയിക്കേണ്ട എന്ന് വിചാരിച്ച് ഞാൻ പറഞ്ഞില്ലെന്നേയുള്ളൂ. ബോർഡിനെ സംബന്ധിച്ചിടത്തോളം ദൂരവ്യാപകമായ പ്രത്യാഘാതമുണ്ടാകുമെന്ന് ഞാൻ ആദ്യം പറഞ്ഞത് ഈ കാര്യങ്ങൾ ഉൾക്കൊണ്ടുകൊണ്ടാണ്. അതിനെ എങ്ങനെ അതിജീവിക്കാൻ സാധിക്കുമെന്നുള്ളത് ട്രേഡ് യൂണിയൻ നേതാക്കന്മാരുമായി കൂടിയാലോചിച്ച് അതിനുള്ള പദ്ധതികൾ തയ്യാറാക്കാം.

മി. സ്പീക്കർ: ശ്രീ. എ. എം. ആരിഫ്, അങ്ങയുടെ 2 (ബി) ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. എ. എം. ആരിഫ്: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2013-ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....................

പ്രതികൂലിക്കുന്നവർ.....................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പരിഗണനയ്ക്കെടുക്കുന്നു.

വകുപ്പുതിരിച്ചുള്ള പരിഗണന

2-ാം വകുപ്പ്

Shri. A.K. Balan: Sir, I move the following amendment:

107. In section 2(k) of the principal Act, proposed to be amended by clause 2, after item (vii), add the following new item namely:-

" (viii) wholly dependant unmarried sisters or widowed sisters".

Family- യുടെ നിർവ്വചനത്തിൽ അവിവാഹിതരായ സഹോദരിമാരേയും വിധവകളായ സഹോദരിമാരേയും കൂടി ഉൾപ്പെടുത്തണം. ഇത് വളരെ പ്രധാനപ്പെട്ട ഒരു ഭേദഗതിയാണ്. ഇതിൽ പ്രശ്നം വരില്ല.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സർ, 106-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി കൊണ്ടുവരുന്നു.

106. In section 2 (k) (iii) of the principal Act proposed to be amended by clause 2, after the words "minor children", add the words "including legally adopted children".

ശ്രീ. എ. കെ. ബാലന്റെ ഭേദഗതിയോട് പൂർണ്ണമായി യോജിക്കാൻ സാധിക്കുകയില്ല. Widowed sisters എന്നുപറയുമ്പോൾ 65 വയസ്സായ, കുടുംബമൊക്കെയുള്ള വിഡോയ്ക്കും ഇതിന്റെ വിഹിതം കിട്ടണമെന്ന് പറയുന്നതിനോട് യോജിക്കാൻ സാധിക്കില്ല. എന്നാൽ ആദ്യത്തെ ഭാഗം "wholly dependent unmarried sisters" എന്നുപറയുന്നതിനോട് യോജിക്കുന്നു.

മി. സ്പീക്കർ: മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. എ. കെ. ബാലന്റെ 107-ാം നമ്പർ ഭേദഗതി ഭാഗികമായി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ......................

പ്രതികൂലിക്കുന്നവർ........................

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു

3-ാം വകുപ്പ്

(ഭേദഗതിയില്ല)

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ......................

പ്രതികൂലിക്കുന്നവർ.......................

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു

4-ാം വകുപ്പ്

(ഭേദഗതിയില്ല)

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ......................

പ്രതികൂലിക്കുന്നവർ.......................

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

5-ാം വകുപ്പ്

(ഭേദഗതിയില്ല)

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ......................

പ്രതികൂലിക്കുന്നവർ.......................

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

6-ാം വകുപ്പ്

(ഭേദഗതിയില്ല)

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ......................

പ്രതികൂലിക്കുന്നവർ.......................

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>ഒന്നാം വകുപ്പും പീഠികയും പേരും</u>

(ഭേദഗതിയില്ല)

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ..................

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>മൂന്നാം വായന</u>

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി <u>(ശ്രീ. ഷിബു ബേബി ജോൺ)</u>: സർ, 2013-ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി <u>(ശ്രീ. അനൂപ് ജേക്കബ്):</u> സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

<u>മി. സ്പീക്കർ</u>: 2013-ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ.....................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

<u>2013-ലെ കേരള ടോൾ (ഭേദഗതി) ബിൽ</u>

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2013-ലെ കേരള ടോൾ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണനിയന്ത്രണവും വകുപ്പുമന്ത്രി (ശ്രീ. സി.എൻ. ബാലകൃഷ്ണൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ : സർ, ഞാൻ എന്റെ വിയോജനക്കുറിപ്പ് രേഖപ്പെടുത്തുകയാണ്. ഞാൻ ദീർഘമായി പ്രസംഗിക്കുന്നില്ല. 5 കോടി രൂപ എന്നുപറയുന്നത് വലിയ സംഖ്യയല്ല. നമ്മുടെ നാട്ടിൽ ഭേദപ്പെട്ട ഒരു കലുങ്കോ ചെറിയ പാലമോ ഉണ്ടാക്കണമെങ്കിൽ അതിനുവരുന്ന ചെലവ് നമു ക്കറിയാം. 10 കോടി രൂപ വരെയുള്ളതിനെയെങ്കിലും ടോൾ പിരിക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിഞ്ഞാൽ അത് നല്ല കാര്യമാണ്. ദേശീയപാതയി ലുള്ള ടോളുകളുടെ പിരിവുമായി ബന്ധപ്പെട്ട് പല പ്രശ്നങ്ങളും അനുഭവ വിക്കുന്നുണ്ട്. യാതൊരു തരത്തിലുള്ള കാലപരിഗണനയുമില്ലാതെയാണ് ടോൾ പിരിക്കുന്നത്. നിശ്ചിത കാലയളവ് കഴിഞ്ഞാൽ ടോൾ പിരിവ് നിറുത്താൻ കഴിയുന്ന തരത്തിലുള്ള നിയമഭേദഗതി ഉണ്ടാക്കേണ്ടതുണ്ട്. ദേശീയപാതയിൽ, ചേറ്റുവയിൽ ടോൾ പിരിവ് ഉണ്ടായിരുന്നു, ഇപ്പോൾ അവിടെ ടോൾ പിരിക്കുന്നില്ല, പക്ഷെ 25 കൊല്ലത്തോളം പിരിവ് തുടർന്നി രുന്നു. അതുകൊണ്ട് ടോൾ പിരിവിന് ഒരു കാലപരിധി നിശ്ചയിക്കണമെ ന്നാണ് എനിക്ക് നിർദ്ദേശിക്കാനുള്ള മറ്റൊരുകാര്യം. ഇന്ന് പുതിയ റോഡുകളു ടെയും പാലങ്ങളുടെയും നിർമ്മാണം ബി.ഒ.ടി. അടിസ്ഥാനത്തിലാണുള്ളത്.

ജനങ്ങളെ സംബന്ധിച്ചിടത്തോളം പുതിയ റോഡ് വരുമ്പോഴും ദേശീയ പാത വികസിപ്പിക്കുമ്പോഴും യാതൊരു തരത്തിലുള്ള കാലനിബന്ധനയില്ലാതെ നിരവധി പതിറ്റാണ്ടുകൾ ടോൾ കൊടുക്കേണ്ടി വരുന്നുവെന്നുള്ളത് വലിയ വെല്ലുവിളിയാണ്. അതുകൊണ്ട് ഇതിനൊരു നിബന്ധന വയ്ക്കണമെന്ന നിർദ്ദേശം ഞാൻ ഉന്നയിക്കുകയാണ്. അതുപോലെ ബി.ഒ.ടി. അടിസ്ഥാന ത്തിൽ റോഡ് വികസിപ്പിക്കുമ്പോൾ, കേരള സംസ്ഥാനത്തെ സംബന്ധിച്ച് പറയുകയാണെങ്കിൽ ഇന്ധനം, റോഡ് നികുതിയനത്തിൽ കേന്ദ്രഗവൺമെന്റ് പിരിച്ചെടുക്കുന്ന തുകയുടെ 10 ശതമാനംപോലും നമ്മുടെ സംസ്ഥാനത്ത് വിനിയോഗിക്കുന്നില്ലെന്നത് ഒരു യാഥാർത്ഥ്യമാണ്. വലിയ തോതിൽ നമ്മുടെ നാട്ടിൽ നിന്ന് പണം പിരിച്ചെടുത്ത് കൊണ്ടുപോകുന്നു. കഴിഞ്ഞ വർഷം പെട്രോൾ, ഡീസൽ നികുതിയിനത്തിൽ 699 കോടി രൂപയും വാഹന നികുതിയിനത്തിൽ 1410 കോടി രൂപയും കേന്ദ്ര ഗവൺമെന്റ് പിരിച്ചെടുത്തു. ഈ പിരിച്ചെടുത്ത 2109 കോടി രൂപയുടെ 10 ശതമാനത്തിൽ താഴെപ്പോലും നമുക്ക് വിഹിതമായി ലഭിക്കുന്നില്ല. റോഡ് വിസകനത്തിന്റെ കാര്യത്തിലുള്ള സ്തംഭനാവസ്ഥ തുടരുകയാണ്. എന്നിട്ടും, ബി.ഒ.ടി. അടിസ്ഥാനത്തിൽ റോഡുകൾ നിർമ്മിക്കണമെന്ന കേന്ദ്രഗവൺമെന്റ് നിർദ്ദേശം നമ്മൾ അംഗീക രിക്കുകയും നടപ്പിലാക്കുകയും ചെയ്യുകയാണ്. ഈ കാഴ്ച്ചപ്പാടിൽ മാറ്റം വരേണ്ടതുണ്ട്. ടോളിന്റെ കാര്യത്തിൽ കാലനിബന്ധന ഉണ്ടാകണമെന്ന നിർദ്ദേശം ഞാൻ ഈ സന്ദർഭത്തിൽ അറിയിക്കുകയാണ്.

ശ്രീ. കെ. രാജു : സർ, ദീർഘമായ ഒരു സംസാരത്തിലേയ്ക്ക് ഞാൻ കടക്കുന്നില്ല. ഇവിടെ എന്റെ സുഹൃത്ത് ശ്രീ. കെ. വി. അബ്ദുൾ ഖാദർ ചൂണ്ടിക്കാണിച്ചതുപോലെ, സബ്ജക്റ്റ് കമ്മിറ്റിക്ക് വിടണമെന്ന പ്രമേയത്തെ

ക്കുറിച്ചുള്ള ചർച്ച നടക്കുമ്പോൾ പൊതുവെ ഉയർന്നുവന്നതും ബഹുമാന പ്പെട്ട മന്ത്രി കൊണ്ടുവന്നിട്ടുള്ള ഭേദഗതി നിർദ്ദേശവും യഥാർത്ഥത്തിൽ ചെറിയ പാലങ്ങളെ ടോൾ പിരിക്കുന്നതിൽ നിന്നും ഒഴിവാക്കുകയെന്നതാണ്. ഇത് ജനങ്ങൾക്ക് ആശ്വാസം നൽകുന്നതിനുവേണ്ടിയുള്ളതാണെന്ന കാര്യ ത്തിൽ സംശയമില്ല. പക്ഷേ, നിർമ്മാണച്ചെലവ് അഭൂതപൂർവ്വമായി വർദ്ധിച്ചി രിക്കുന്ന ഈ കാലഘട്ടത്തിൽ ചെറിയ പാലങ്ങൾക്കുപോലും നിർമ്മാണ ച്ചെലവ് 5 കോടി രൂപയ്ക്കുമുകളിൽ പോകും. നിർമ്മാണച്ചെലവ് വർദ്ധി ച്ചതിനാൽ സാമാന്യം മെച്ചപ്പെട്ട കലുങ്ക് പണിയണമെങ്കിൽപ്പോലും ഇത്രയുമധികം തുകയാകുന്ന സാഹചര്യത്തിൽ അങ്ങ് ഉദ്ദേശിക്കുന്ന പോലൊരു ആശ്വാസം ജനങ്ങൾക്ക് നൽകാൻ കഴിയില്ല. ഒരു കോടി രൂപ വരെ നിർമ്മാണ ചെലവുള്ളവയ്ക്ക് ടോൾ പിരിക്കുന്ന ഏർപ്പാടാണ് നടന്നിരു ന്നതെങ്കിൽ അത് 5 കോടി രൂപ വരെയാക്കുന്നു. അതുപോരാ, ശ്രീ. കെ. വി. അബ്ദുൾ ഖാദർ സൂചിപ്പിച്ചതുപോലെ കുറഞ്ഞത് 10 കോടി രൂപയിൽ കൂടു തൽ നിർമ്മാണച്ചെലവുള്ള പാലത്തിന് ടോൾ പിരിക്കുന്ന നിലയിലേയ്ക്ക് പോകണം. അതിൽത്താഴെ ചെലവുള്ളതിനെ ടോളിൽ നിന്ന് ഒഴിവാക്കിക്കൊ ടുക്കണം. അതുസംബന്ധിച്ച് സഭയിൽ വകുപ്പിന്റെ ഭേദഗതി വരുമ്പോൾ അങ്ങ് ഓറലായി ഭേദഗതി കൂട്ടിച്ചേർക്കണമെന്നാണ് എനിക്ക് ചൂണ്ടിക്കാണി ക്കാനുള്ളത്. ചർച്ചയ്ക്ക് മറുപടി പറയുമ്പോൾ, വാഹനങ്ങളുടെ കാര്യത്തിൽ ത്രീ വീലറുകളെ ഒഴിവാക്കാമെന്ന് അങ്ങ് സൂചിപ്പിച്ചിരുന്നു. സബ്ജക്റ്റ് കമ്മി റ്റിയുടെ ചർച്ചയ്ക്ക് ശേഷവും ആ നിലയിലുള്ള നിർദ്ദേശം വന്നിട്ടുള്ളത് സ്വീകാര്യമാണ്. അതുപോലെ അനന്തമായ കാലത്തേയ്ക്ക് ടോൾ പിരിക്കുന്ന ഏർപ്പാട് നിലവിലുണ്ട്. ബൈപ്പാസ്സിൽ ആക്കുളം കായലിന്റെ മുകളിൽ കൂടി

യുള്ള പാലത്തിന് എത്രയോ വർഷമായി ടോൾ പിരിക്കുന്നു. പാലത്തിന്റെ നിർമ്മാണച്ചെലവിനാവശ്യം വരുന്ന തുകയേക്കാൾ അധികരിച്ചുപോകുന്ന നിലയിൽ ഇതിനോടകം തന്നെ വർദ്ധിച്ച വാഹനങ്ങളുടെ എണ്ണമൊക്കെ വന്ന പ്പോൾ ക്ലിപ്തസമയം കൊണ്ട് നിർമ്മാണച്ചെലവിനാവശ്യമായ പണം യഥാർത്ഥത്തിൽ കരാറുകാർക്ക് പിരിക്കാൻ കഴിയുന്നുണ്ട്. അതുകൊണ്ട് അനന്തമായ പിരിവ് എന്നുള്ളത് അവസാനിപ്പിക്കണം. ടോൾ ബൂത്ത് ഒരു പേടിസ്വപ്നമാകാൻ പാടില്ല. പരമാവധി 10 വർഷത്തെ പിരിവുകൊണ്ട് അവ സാനിപ്പിക്കാൻ കഴിയുന്ന രീതിയിൽ നിജപ്പെടുത്താൻ കഴിയണം. നമ്മുടെ നാട്ടിൽ പൊതുവെ പി.ഡബ്ല്യു.ഡി.–യെ അഴിമതിയുടെ കൂടാരമെന്നാണ് പറയുന്നത്. ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് മന്ത്രിയായതിനുശേഷമുള്ള സംഭവമെന്നുള്ള നിലയിലല്ല ഞാൻ പറയുന്നത്. പൊതുവിൽ കേരളത്തിൽ റോഡുകൾ എത്ര തുക ചെലവഴിച്ച് നിർമ്മിച്ചാലും നിലനിൽക്കുന്നില്ല. ഒരു മഴ സീസൺ കഴിയുമ്പോൾ റോഡുകളുടെ നിലവാരം പോകുന്നു, പല റോഡു കളും ഇടിഞ്ഞുപൊളിഞ്ഞുപോകുന്നു. പല പരീക്ഷണങ്ങളും നടക്കുന്നുണ്ട്. ആ പരീക്ഷണങ്ങളുടെയൊന്നും ഫലം യഥാർത്ഥത്തിൽ നമുക്ക് അനുകൂ ലമായി കിട്ടുന്നില്ല. ഏറ്റവും അവസാനം കേട്ടത് റോഡും റെയിൽവേ പ്ലാറ്റ്ഫോമും നിർമ്മിക്കാൻ തിരുവനന്തപുരം കോർപ്പറേഷനിലെ വേസ്റ്റ് ഉപ യോഗിക്കുമെന്നാണ്. അത്തരത്തിൽ നിർമ്മിച്ച റെയിൽവേയുടെ പ്ലാറ്റ്ഫോം ബഹുമാനപ്പെട്ട മന്ത്രി മഞ്ഞളാംകുഴി അലി പോയി താഴ്ന്നുപോകുന്നുണ്ടോ യെന്ന് നടന്നുനോക്കിയതിന്റെ പടം പത്രത്തിൽ ഉണ്ടായിരുന്നു. നമ്മുടെ റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് ചെലവഴിക്കപ്പെടുന്ന തുകയ്ക്ക് റിട്ടേൺസ് ഉണ്ടാകണം. ആ

രീതിയിൽ അഴിമതി ഒഴിവാക്കിക്കൊണ്ട് പരമാവധി മെച്ചപ്പെട്ട നിലയിൽ റോഡുകൾ സംരക്ഷിക്കുവാൻ കഴിയത്തക്ക രീതിയിൽ ബഹുമാനപ്പെട്ട മന്ത്രി യുടെ ഭാഗത്തുനിന്നുള്ള ഇടപെടൽ ഉണ്ടാകണം. പി.ഡബ്ല്യു.ഡി. റോഡുകൾ മാത്രമല്ല, ഏത് റോഡ് മോശപ്പെട്ട് കിടന്നാലും പൊതുമരാമത്ത് വകുപ്പുമന്ത്രി യേയും ചേർത്താണ് ജനം പറയുന്നത്. പി.ഡബ്ല്യു.ഡി. റോഡുകളുടെ ചുമതല മാത്രമേ സർക്കാരിനും മന്ത്രിക്കും ഉള്ളുവെങ്കിലും നാട്ടിൽ ഗ്രാമീണ റോഡുകൾ മോശപ്പെട്ടുകിടന്നാലും സർക്കാരിന്റെ മുഖമാണ് യഥാർത്ഥത്തിൽ മോശമാകുന്നതെന്ന് മനസ്സിലാക്കിക്കൊണ്ട് ഗ്രാമീണ റോഡുകൾ ഒറ്റത്തവ ണയോ രണ്ടുതവണയോ നന്നാക്കുന്നതിനാവശ്യമായ ഫണ്ടുകൂടി അനുവദി ക്കുന്നതിന് ബഹുമാനപ്പെട്ട മന്ത്രി തീരുമാനമെടുക്കണമെന്നുമാത്രം പറഞ്ഞു കൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. ബെന്നി ബെഹനാൻ: സർ, സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2013-ലെ കേരള ടോൾ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പി ക്കുന്നു. ഇവിടെ എല്ലാവരും സൂചിപ്പിച്ചതുപോലെ, നിർമ്മാണച്ചെലവ് 5 കോടി രൂപയെന്നുള്ളത് 10 കോടി രൂപയായി ഉയർത്തണം. ടോൾ പിരിവിനെ സംബ ന്ധിച്ചുള്ള നമ്മുടെ മനോഭാവം മാറണം. 1700-ാമാണ്ടിലാണ് ടോൾ എന്ന സങ്കൽപ്പം ലോകത്തിലുണ്ടായത്. ഫിലാഡെൽഫിയായിൽ നിന്നും ലങ്കാഷെ യറിലേയ്ക്ക് ആണ് ആദ്യമായി ടോൾ സമ്പ്രദായം ഏർപ്പെടുത്തിയത്. പക്ഷെ, നമ്മുടെ മനോഭാവം ഇപ്പോഴും മാറിയിട്ടില്ല. ഇവിടെ ഇൻഫ്രാസ്ട്ര ക്ച്ചർ ഉണ്ടാകണം. ഇന്നിവിടെ സഭ നേരത്തേ അവസാനിപ്പിക്കാൻ എന്താണ് കാരണം; മലബാറിൽ പോകാനുള്ളവർക്ക് ഇപ്പോൾ പോയാലാണ് നാളെ നേരം വെളുക്കുമ്പോൾ അങ്ങെത്താൻ കഴിയുന്നത്. ഇവിടെയൊരു

എക്സ്പ്രസ് ഹൈവേയെക്കുറിച്ച് ആലോചിച്ചതാണ്. ആ ഹൈവേ ഉണ്ടായിരുന്നെങ്കിൽ വൈകുന്നേരം 6 മണിക്ക് സമ്മേളനം പിരിഞ്ഞാലും രാത്രി 12 മണിക്ക് അവിടെ എത്താമായിരുന്നു. അത്തരം വികസന പ്രവർത്തനങ്ങൾ നമ്മുടെ നാട്ടിൽ നടക്കാതിരിക്കാൻ കാരണം........ ഇതുപോലുള്ള അടിയന്തര സമയത്തെങ്കിലും, അസംബ്ലി പിരിഞ്ഞശേഷം നേരത്തേ വീട്ടിലെത്താൻ സൗകര്യം ഉണ്ടാക്കുന്നതിനെങ്കിലും എക്സ്പ്രസ് ഹൈവേയെ പോലെയുള്ളവയെക്കുറിച്ച് ആലോചിക്കേണ്ടതാണ്. ഇതെല്ലാം വരണമെങ്കിൽ സംസ്ഥാന ഖജനാവിൽ പണമില്ല. നമുക്ക് ടോൾ പിരിക്കണം. ടോൾ എന്നത് തെറ്റാണ് എന്ന മനോഭാവത്തിൽ നിന്നും കേരളീയ സമൂഹത്തെ മാറ്റിയെടുക്കാൻ രാഷ്ട്രീയ പ്രവർത്തകന്മാരായ നമ്മൾ ഒരുമിച്ച് നിൽക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട്, എന്റെ ഭേദഗതി അവതരിപ്പിച്ചുകൊണ്ട് ഞാൻ നിറുത്തുന്നു.

മി. സ്പീക്കർ: ശ്രീ. കെ.വി. വിജയദാസ് അങ്ങയുടെ 2(ബി) ഭേദഗതി അവതരിപ്പിച്ച് സംസാരിക്കാവുന്നതാണ്.

ശ്രീ. കെ.വി. വിജയദാസ്: സർ, സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2013-ലെ കേരള ടോൾ (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ഒരു പ്രധാനപ്പെട്ട കാര്യമാണ്. ടോൾ പിരിക്കുക എന്നു പറയുന്നത് ഇപ്പോഴൊരു ഫാഷനായി മാറിയിരിക്കുകയാണ്. സാധാരണക്കാർക്കും പാവപ്പെട്ടവർക്കും പണം കൊടുത്താൽമാത്രമേ റോഡിലൂടെ സഞ്ചരിക്കാൻ കഴിയൂ എന്നുള്ള ഗതികേടിലേയ്ക്ക് നമ്മുടെ കേരളം മാറിക്കൊണ്ടിരിക്കുകയാണ്. അതിനൊരു ബദൽ നയം നമുക്ക് ആവിഷ്കരിച്ചു

കൂടേ എന്നാണ് എനിക്ക് ചോദിക്കാനുള്ളത്? ഇപ്പോഴാണെങ്കിൽ നബാർഡിന്റെയും ലോകബാങ്കിന്റെയും മറ്റ് ഏജൻസികളുടെയും സഹായത്തോടുകൂടി ജലവിതരണ പദ്ധതികളും ഡാം നിർമ്മാണവുമെല്ലാം ത്വരിതഗതിയിൽ നടക്കുന്നുണ്ട്. ആ രീതി നമുക്ക് പരിശോധിച്ചുകൊണ്ട് ടോൾ ഒഴിവാക്കിക്കൊണ്ടുള്ള റോഡ് നിർമ്മാണത്തെക്കുറിച്ച് ചിന്തിച്ചുകൂടേ എന്നുള്ളതാണ് എനിക്ക് ചോദിക്കാനുള്ളത്. മറ്റൊന്ന് കേന്ദ്ര ഗവൺമെന്റിന്റെ അവഗണന വളരെയധികം കേരളത്തിലെ ഗതാഗത വികസനത്തേയും റോഡ് വികസനത്തേയും സാരമായി ബാധിച്ചിരിക്കുന്നു എന്നതാണ് ഏറ്റവും പ്രധാനപ്പെട്ട വിഷയം. കേരളവും കേന്ദ്രവും ഒരേ കക്ഷി ഭരിച്ചാലും ഇവിടെ കേരള സംസ്ഥാനത്തിന് മോചനമില്ല എന്നുള്ള നിലയിലേയ്ക്ക് പൊയ്ക്കൊണ്ടിരിക്കുകയാണ്. ഇപ്പോൾ രണ്ടുവർഷമായിട്ടും ദേശീയപാതകളുടെ ഒരു അറ്റകുറ്റപ്പണിയും നടക്കുന്നില്ല. ഉദാഹരണത്തിന് എൻ.എച്ച് 47 വളരെയധികം ഗുരുതരമായ സ്ഥിയിലേയ്ക്ക് പൊയ്ക്കൊണ്ടിരിക്കുകയാണ്. മന്ത്രിമാരാരും എൻ.എച്ച് 47-ൽകൂടി പാലക്കാട്ടേയ്ക്ക് വരുന്നില്ല. തൃശ്ശൂരിൽനിന്ന് നേരെ ഒറ്റപ്പാലം റോഡുവഴിയാണ് വരുന്നത്. അത്രയും ഗതികേടിലേക്ക് പൊയ്ക്കൊണ്ടിരിക്കുകയാണ്. ഇതിനൊരു പോംവഴി എന്നുള്ള നിലയിൽ, കഴിഞ്ഞയാഴ്ച ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി ഇവിടെ സൂചിപ്പിച്ചത് കേന്ദ്ര ഗവൺമെന്റ് 5 കോടിരൂപ അനുവദിച്ചത് ലാപ്സായിപ്പോയിരിക്കുന്നു, ഇനി എങ്ങനെ റോഡ് ശരിയാക്കിയെടുക്കും എന്ന് എനിക്കും പറയാൻ കഴിയില്ല എന്നാണ്. അപ്പോൾ ഇവിടെ എന്ത് വികസനമാണുള്ളത്? ടോൾ പിരിക്കാനുള്ള ഭേദഗതി കൊണ്ടുവരിക എന്നതല്ലാതെ റോഡ് വികസനത്തിനുവേണ്ടി ഒരു നിയമം കൊണ്ടുവരിക എന്നുള്ളത് നമ്മുക്കില്ലാതെ പൊയ്ക്കൊ

ണ്ടിരിക്കുന്നുവെന്നതാണ് ഒരു പ്രധാനപ്പെട്ട വിമർശനം. അതിൽത്തന്നെ പ്രത്യേകിച്ച് പറയാനുള്ളത് ടോൾ പിരിക്കുന്ന വിഷയമെടുത്ത് പരിശോധിച്ചാൽ 5 കോടി രൂപയാണ്. 5 കോടി രൂപ 10 കോടി രൂപയാക്കി മാറ്റണമെന്നാണിപ്പോൾ പറഞ്ഞത്. ആ 10 കോടി രൂപ എന്തിനാണ്? ഇന്നത്തെ സ്ഥിതിയിൽ അടുത്തവർഷവും 15% മുതൽ 20% വരെ റേറ്റ് റിവിഷൻ വരും. കമ്പി, സിമന്റ് തുടങ്ങി എല്ലാത്തിനും വില കൂടിക്കൊണ്ടിരിക്കുകയാണ്. റേറ്റ് റിവിഷൻ വർഷംതോറും വന്നുകൊണ്ടിരിക്കുകയാണ്. അങ്ങനെയാണെങ്കിൽ 10 കോടി രൂപയ്ക്ക് ഒരു ചെറിയ പാലം പണിയാൻ മാത്രമേ കഴിയൂ. അപ്പോൾ അത് മാറ്റി 25 കോടി രൂപയെങ്കിലും അതിനനുസരിച്ച് കൊണ്ടുവരണം. 25 കോടി രൂപയ്ക്ക് മുകളിൽ ചെലവുവരുന്ന പാലങ്ങൾക്കു മാത്രമേ ടോൾ പിരിക്കാൻ പാടുള്ളൂ, ടോൾ പിരിവിന് ഒരു നിശ്ചിത സമയം നിശ്ചയിക്കണം. ഇത്രയുമാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്): സർ, ഇവിടെ അവതരിപ്പിച്ച ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല. അതേസമയം ഇവിടെ ഭേദഗതികൾ അവതരിപ്പിച്ചത് വളരെ സദുദ്ദേശ്യത്തോടുകൂടിയാണ്. ഒരു കോടി രൂപ നിർമ്മാണചെലവ് വരുന്ന പാലങ്ങൾക്കാണ് ഇപ്പോൾ ടോൾ പിരിച്ചുകൊണ്ടിരിക്കുന്നത്. അത് 5 കോടിരൂപ ആക്കുകയാണ്. ഒറ്റയടിക്ക് വലിയൊരു മാറ്റമുണ്ടാക്കാൻ സാധിക്കുകയില്ല. മാത്രമല്ല നിലവിലുള്ള ടോൾ ആക്ടിൽ ഒരുപിടി അപാകതകളുണ്ട്. അതെല്ലാം പരിഹരിച്ചുകൊണ്ട് ഒരു ഭേദഗതി ഗവൺമെന്റ് കൊണ്ടുവരും. ആ സമയത്ത് ഇത് പരിശോധിക്കാവുന്നതാണ്.

മി. സ്പീക്കർ: ശ്രീ. ബെന്നി ബെഹനാൻ അങ്ങയുടെ 1(എ) ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. ബെന്നി ബെഹനാൻ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച 1(എ) ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ.വി വിജയദാസ് അവതരിപ്പിച്ച 2(ബി) ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ.വി വിജയദാസ്: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

ശ്രീ. കെ.വി വിജയദാസ് അവതരിപ്പിച്ച 2(ബി) ഭേദഗതി സഭ നിരാകരിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2013-ലെ കേരള ടോൾ(ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........................................

പ്രതികൂലിക്കുന്നവർ.........................................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പരിഗണനയ്ക്കെടുക്കുന്നു.

**2-ാം വകുപ്പ്**

Shri. P.C. Vishnunadh: Sir, I move the following amendment.

110. In section 2(a) proposed to be amended in the principal Act by clause 2(i), for the words “five hundred lakhs rupees” the words “eight hundred lakhs rupees” shall be substituted.

Shri. M.A. Vaheed: Sir, I move the following amendment.

111. In section 2(a) proposed to be amended in the principal Act by clause 2(i), for the words “five hundred lakhs rupees” substitute the words “nine hundred lakhs rupees”.

Shri. Benny Behanan: Sir, I move the following amendment.

112. In section 2(a) proposed to be amended in the principal Act by clause 2(i), for the words “five hundred lakhs rupees” the words “ten hundred lakhs rupees” shall be substituted.

Shri. V.D. Satheesan: Sir, I move the following amendment.

114. In section 2(a) proposed to be amended in the principal Act by clause 2(i) for the words "five hundred lakhs rupees" the words "eleven hundred lakhs rupees" shall be substituted.

Shri. K. Sivadasan Nair: Sir, I move the following amendment.

115. In section 2(a) proposed to be amended in the principal Act by clause 2(i) for the words "five hundred lakhs rupees" the words "twelve hundred lakhs rupees" shall be substituted.

Shri. T.N. Prathapan: Sir, I move the following amendment.

117. In section 2(a) of the principal Act proposed to be amended by clause 2(i) for the words "five hundred lakhs rupees" substitute the words "fourteen hundred lakhs rupees".

Shri. K. Muraleedharan: Sir, I move the following amendment

118. In section 2(a) of the principal Act proposed to be amended by clause 2(i) for the words "five hundred lakhs rupees" substitute the words "fifteen hundred lakhs rupees".

Shri P. A. Madhavan: Sir, I move the following amendment

119. In section 2(a) of the principal Act proposed to be amended by clause 2(i), for the words “five hundred lakhs rupees”, substitute the words “sixteen hundred lakhs rupees”.

**Shri Varkala Kahar: Sir, I move the following Amendment**

120. In section 2(a) of the principal Act proposed to be amended by clause 2(i), for the words “five hundred lakhs rupees”, substitute the words “seventeen hundred lakhs rupees”.

Shri Dominic Presentation: Sir, I move the following amendment

122. In section 2(a) of the principal Act proposed to be amended by clause 2(i), for the words "five hundred lakhs rupees", substitute the words "nineteen hundred lakhs rupees".

kÀ, ]¯pw ]Xn-\mepw sImÃ-ambn 10 e£-¯n-e-[nIw cq] e`n¨ ]me-§-fp--v. A¯cw ]me-§ÄIqSn ]cn-K-Wn-¡-Ww.

Shri A. P. Abdullakutty: Sir, I move the following amendment.

124. In section 2(a) of the principal Act proposed to be amended by clause 2(i), for the words "five hundred lakhs rupees", substitute the words "twenty one hundred lakhs rupees".

Shri E. P. Jayarajan: Sir, I move the following amendment

125. In section 2(a) of the principal Act proposed to be amended by clause 2(i), for the words "five hundred lakhs rupees", substitute the words "twenty five hundred lakhs rupees".

**Shri. K. Raju: Sir, I move the following amendment**

127. In section 2(a) proposed to be amended in the principal Act by clause 2(i) for the words "five hundred lakhs rupees" the words "thousand hundred lakhs rupees" shall be substituted.

Shri. E.P. Jayarajan: Sir, I move the following amendment

128. In section 2(c) proposed to be amended in the principal Act by clause 2(ii) after the words “or a three wheeler” the words “or a three wheeler or any vehicle in an emergency service to carry a patient to a hospital” shall be inserted.

Shri. E.K. Vijayan: Sir, I move the following amendment

129. In section 2(c) proposed to be amended in the principal Act by clause 2(ii) after the words “or a three wheeler” the words “or all type of light vehicles” shall be inserted.

മി. സ്പീക്കർ: 109, 113, 126 എന്നീ ഭേദഗതികൾ മൂവ് ചെയ്യേണ്ടതില്ല. ശ്രീ. എം. ഉമ്മർ, ശ്രീ. കെ സുരേഷ് കുറുപ്പ്, ശ്രീ. എ.കെ. ബാലൻ എന്നിവർക്ക് സംസരിക്കാവുന്നതാണ്.

ശ്രീ. എ.കെ. ബാലൻ: സർ, 25 കോടിരൂപ എന്നുള്ളത് നമുക്കെല്ലാവർക്കുംകൂടി യോജിച്ച് ഒരു 10 കോടിരൂപ ആക്കാം. 5 കോടി രൂപ ഫണ്ട് അനുവദിക്കുന്നതിൽ മൂന്നര കോടി രൂപയുടെ പണി നടക്കും. ബാക്കി ഒന്നര കോടി രൂപ പലരുടേയും കൈകളിൽ പോകും. അപ്പോൾ ഒരു 10 കോടിരൂപയെന്ന് വയ്ക്കാം.

മി. സ്പീക്കർ: ശ്രീ. എ.കെ. ബാലന് ഭേദഗതി മൂവ് ചെയ്യാൻ കഴിയാത്തതുകൊണ്ടാണ് സംസാരിക്കാൻ അനുവദിച്ചത്. കാരണം അതേ ഭേദഗതി തന്നെയാണ് ശ്രീ. ഇ.പി.ജയരാജൻ മൂവ് ചെയ്തിരിക്കുന്നത്.

പൊതുമരാമത്ത് വകുപ്പുമന്ത്രി( ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്): സർ, ടോളിന്റെ കാലാവധി സംബന്ധിച്ച് ഇവിടെ സൂചിപ്പിച്ചു. അതിപ്പോൾ വളരെ പ്രശ്നമാണ്. ശ്രീ. കെ.വി. അബ്ദുൾ ഖാദർ സൂചിപ്പിച്ച സംഗതിയാണ്, നാഷണൽ ഹൈവേയിൽ പെർപെക്ചുവൽ ടോളിംഗാണ് ഏർപ്പെടുത്തിയിരിക്കുന്നത്. അത് വളരെ ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. സംസ്ഥാന ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം അതിനൊരു കാലാവധി നിശ്ചയിക്കുന്നതിന് യാതൊരു തടസ്സവുമില്ല. പുതിയ റൂൾസ് ഫ്രെയിം ചെയ്യുമ്പോൾ ന്യായമായ കാലാവധി നിശ്ചയിക്കാവുന്നതാണ്.

ശ്രീ. ഇ. പി. ജയരാജൻ: സർ, എന്റെ 125-ാം നമ്പർ ഭേദഗതി ഞാൻ പ്രസ് ചെയ്യുന്നു. പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയുംപ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ - 35

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. കെ. അജിത്
3. ശ്രീ. എ. എം. ആരിഫ്
4. ശ്രീ. എ. എ. അസീസ്
5. ശ്രീ. എം. എ. ബേബി
6, ശ്രീ. കോടിയേരി ബാലകൃഷ്ണൻ
7. ശ്രീ. എ. കെ. ബാലൻ
8. ശ്രീമതി ഇ. എസ്. ബിജിമോൾ
9. ശ്രീ. ഇ. ചന്ദ്രശേഖരൻ
10. ശ്രീ. വി. ചെന്താമരാക്ഷൻ
11. ശ്രീ. കെ. ദാസൻ
12. ശ്രീ. ബി. ഡി. ദേവസ്സി
13. ശ്രീ. സി. ദിവാകരൻ
14. ശ്രീമതി ഗീതാ ഗോപി
15. ശ്രീ. ചിറ്റയം ഗോപകുമാർ
16. ശ്രീ. ജി. എസ്. ജയലാൽ

17. ശ്രീ. ഇ. പി. ജയരാജൻ
18. ശ്രീ. എളമരം കരീം
19. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
20. ശ്രീ. കോവൂർ കുഞ്ഞുമോൻ
21. ശ്രീ. മാത്യു റ്റി. തോമസ്
22. ശ്രീ. കെ. കെ. നാരായണൻ
23. ശ്രീ. പുരുഷൻ കടലുണ്ടി
24. ശ്രീ. കെ. രാധാകൃഷ്ണൻ
25. ശ്രീ. ആർ. രാജേഷ്
26. ശ്രീ. കെ. രാജു
27. ശ്രീ. രാജു എബ്രഹാം
28. ശ്രീ. മുല്ലക്കര രത്നാകരൻ
29. ശ്രീ. എസ്. ശർമ്മ
30. ശ്രീ. വി. ശശി
31. ശ്രീ. ബി. സത്യൻ
32. ശ്രീ. വി. ശിവൻകുട്ടി
33. ശ്രീ. വി. എസ്. സുനിൽകുമാർ
34. ശ്രീ. പി. തിലോത്തമൻ
35. ശ്രീ. കെ. വി. വിജയദാസ്

## പ്രതികൂലിക്കുന്നവർ– 55

1. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
2. ശ്രീ. പി. ബി. അബ്ദുൾ റസാക്
3. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
4. ശ്രീ. ടി. എ. അഹ്മദ് കബീർ
5. ശ്രീ. മഞ്ഞളാംകുഴി അലി
6. ശ്രീ. എ. പി. അനിൽകുമാർ
7. ശ്രീ. അനൂപ് ജേക്കബ്
8. ശ്രീ. അൻവർ സാദത്ത്
9. ശ്രീ. കെ. ബാബു
10. ശ്രീ. സി. എൻ. ബാലകൃഷ്ണൻ
11. ശ്രീ. വി. ടി. ബൽറാം
12. ശ്രീ. പി. കെ. ബഷീർ
13. ശ്രീ. ബെന്നി ബെഹനാൻ
14. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
15. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
16. ശ്രീ. എ. റ്റി. ജോർജ്
17. ശ്രീ. പി. സി. ജോർജ്

18. ശ്രീ. ഹൈബി ഈഡൻ
19. ശ്രീമതി പി. കെ. ജയലക്ഷ്മി
20. ഡോ. എൻ. ജയരാജ്
21. ശ്രീ. ജോസഫ് വാഴക്കൻ
22. ശ്രീ. വർക്കല കഹാർ
23. ശ്രീ. കെ. എൻ. എ. ഖാദർ
24. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
25. ശ്രീ. റ്റി. യു. കുരുവിള
26. ശ്രീ. ലൂഡി ലൂയിസ്
27. ശ്രീ. പി. എ. മാധവൻ
28. ശ്രീ. സി. മമ്മൂട്ടി
29. ശ്രീ. കെ. പി. മോഹനൻ
30. ശ്രീ. മോൻസ് ജോസഫ്
31. ശ്രീ. ആര്യാടൻ മുഹമ്മദ്
32. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
33. ശ്രീ. കെ. മുരളീധരൻ
34. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
35. ശ്രീ. ഉമ്മൻ ചാണ്ടി
36. ശ്രീ. റ്റി. എൻ. പ്രതാപൻ
37. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
38. ശ്രീ. രമേഷ് ചെന്നിത്തല
39. ശ്രീ. പാലോട് രവി
40. ശ്രീ. റോഷി അഗസ്റ്റിൻ
41. ശ്രീ. വി. പി. സജീന്ദ്രൻ
42. ശ്രീ. എൻ. ശക്തൻ
43. ശ്രീ. വി. ഡി സതീശൻ
44. ശ്രീ. ഷാഫി പറമ്പിൽ
45. ശ്രീ. കെ. എം. ഷാജി
46. ശ്രീ. എൻ. ഷംസുദീൻ
47. ശ്രീ. കെ. ശിവദാസൻ നായർ
48. ശ്രീ. വി. എസ്. ശിവകുമാർ
49. ശ്രീ. എം. വി. ശ്രേയാംസ്കുമാർ
50. ശ്രീ. സി. എഫ്. തോമസ്
51. ശ്രീ. പി. ഉബൈദുള്ള
52. ശ്രീ. എം. ഉമ്മർ
53. ശ്രീ. എം. എ. വാഹീദ്
54. ശ്രീ. എം. പി. വിൻസെന്റ്
55. ശ്രീ. പി. സി. വിഷ്ണുനാഥ്

മി. സ്പീക്കർ: ശ്രീ. ഇ. പി. ജയരാജന്റെ 125–ാം നമ്പർ ഭേദഗതിയെ

അനുകൂലിക്കുന്നവർ – 35

പ്രതികൂലിക്കുന്നവർ – 55

നിഷ്പക്ഷത പാലിക്കുവർ – ആരുമില്ല.

ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പി.സി. വിഷ്ണുനാഥ് അവതരിപ്പിച്ച 110–ാം നമ്പർ ഭേദഗതിയും ശ്രീ. എം.എ. വാഹിദ് അവതരിപ്പിച്ച 111–ാം നമ്പർ ഭേദഗതിയും ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച 112–ാം നമ്പർ ഭേദഗതിയും ശ്രീ. വി.ഡി. സതീശൻ അവതരിപ്പിച്ച 114–ാം നമ്പർ ഭേദഗതിയും ശ്രീ. കെ. ശിവദാസൻ നായർ അവതരിപ്പിച്ച 115–ാം നമ്പർ ഭേദഗതിയും ശ്രീ. ടി. എൻ. പ്രതാപൻ അവതരിപ്പിച്ച 117–ാം നമ്പർ ഭേദഗതിയും ശ്രീ. കെ. മുരളീധരൻ അവതരിപ്പിച്ച 118–ാം നമ്പർ ഭേദഗതിയും ശ്രീ. പി.എ. മാധവൻ അവതരിപ്പിച്ച 119–ാം നമ്പർ ഭേദഗതിയും ശ്രീ. വർക്കല കഹാർ അവതരിപ്പിച്ച 120–ാം നമ്പർ ഭേദഗതിയും ശ്രീ. ഡൊമിനിക് പ്രസന്റേഷൻ അവതരിപ്പിച്ച 122–ാം നമ്പർ ഭേദഗതിയും ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി അവതരിപ്പിച്ച 124–ാം നമ്പർ ഭേദഗതിയും സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. കെ. രാജു അവതരിപ്പിച്ച 127–ാം നമ്പർ ഭേദഗതിയും ശ്രീ. ഇ. പി. ജയരാജൻ അവതരിപ്പിച്ച 125, 128 എന്നീ നമ്പർ ഭേദഗതികളും ശ്രീ. ഇ. കെ. വിജയൻ അവതരിപ്പിച്ച 129–ാം നമ്പർ ഭേദഗതിയും സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .......

പ്രതികൂലിക്കുന്നവർ........

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

3-ാം വകുപ്പ്

(ഭേദഗതി ഇല്ല)

മി. സ്പീക്കർ: 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .......

പ്രതികൂലിക്കുന്നവർ........

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

1-ാം വകുപ്പും പീഠികയും പേരും

(ഭേദഗതി ഇല്ല)

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .......

പ്രതികൂലിക്കുന്നവർ........

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മൂന്നാം വായന

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്): സർ, 2013-ലെ കേരള ടോൾ (ഭേദഗതി)ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2013–ലെ കേരള ടോൾ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ....

പ്രതികൂലിക്കുന്നവർ.........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

## അവകാശലംഘന പ്രശ്നങ്ങൾ

### അനുമതിനിഷേധിച്ചവ

മി. സ്പീക്കർ: കൊയിലാണ്ടി പോലീസ് സ്റ്റേഷനിൽ വച്ച് തന്നെ മർദ്ദിച്ച പോലീസ് ഉദ്യോഗസ്ഥർക്കെതിരെ ശ്രീ. കെ. ദാസൻ നൽകിയ അവകാശലംഘന നോട്ടീസിനും, ബഹുമാനപ്പെട്ട ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനെതിരെ ശ്രീമതി കെ.കെ. ലതിക, ശ്രീ. കോടിയേരി ബാലകൃഷ്ണൻ, ശ്രീമതി പി. അയിഷാ പോറ്റി എന്നിവർ നൽകിയ അവകാശലംഘന നോട്ടീസുകൾക്കും ഗവൺമെന്റ് ചീഫ് വിപ്പ് ശ്രീ. പി.സി. ജോർജിനെതിരെ ശ്രീ. വി.എസ്. സുനിൽകുമാർ, ശ്രീ. കെ. സുരേഷ് കുറുപ്പ് എന്നിവർ നൽകിയ അവകാശലംഘന നോട്ടീസുകൾക്കും അവതരണാനുമതി നിഷേധിച്ചിരിക്കുന്നു.

പരിഗണനയിലിരിക്കുന്നവ

ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കെതിരെ സർവ്വശ്രീ. കോടിയേരി ബാലകൃഷ്ണൻ, എസ്. ശർമ്മ എന്നിവർ നൽകിയ നോട്ടീസുകളും ശ്രീ. ആർ.

രാജേഷ് തന്നെ മർദ്ദിച്ച പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നൽകിയ നോട്ടീസും പ്രതിപക്ഷ നേതാവ് ശ്രീ. വി.എസ്. അച്ചുതാനന്ദനെതിരെ ശ്രീ. ബെന്നി ബെഹനാൻ നൽകിയ നോട്ടീസും ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കെതിരെ ശ്രീ. എം. എ ബേബി നൽകിയ നോട്ടീസും ബഹുമാനപ്പെട്ട ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രിക്കെതിരെ ശ്രീ. കോടിയേരി ബാലകൃഷ്ണൻ നൽകിയ നോട്ടീസും നിയോജകമണ്ഡലത്തിലെ പൊതുപരിപാടികളിൽ വേണ്ടത്ര പരിഗണന നൽകിയില്ലെന്ന് കാണിച്ച് സർവ്വശ്രീ. കെ. മുരളീധരൻ, എസ്. രാജേന്ദ്രൻ, പി.റ്റി.എ. റഹീം എന്നിവർ നൽകിയ നോട്ടീസുകളും നിയോജകമണ്ഡലത്തിലെ പൊതു പരിപാടികളിലേയ്ക്ക് ക്ഷണിക്കാത്തവർക്കെതിരെ സർവ്വശ്രീ. സി.പി. മുഹമ്മദ്, സി. ദിവാകരൻ, ജി. സുധാകരൻ, ബി. സത്യൻ, കെ.എം. ഷാജി, റ്റി.വി. രാജേഷ്, പി.റ്റി.എ. റഹീം, വി. ശിവൻകുട്ടി, കെ.എൻ.എ. ഖാദർ, ഡോ. ടി. എം. തോമസ് ഐസക് എന്നിവർ നൽകിയ നോട്ടീസുകളും ടെലിഫോൺ സംഭാഷണം ചോർത്തുന്നത് സംബന്ധിച്ച് ശ്രീമതി കെ.കെ. ലതിക നൽകിയ നോട്ടീസും കോവളം ഗസ്റ്റ് ഹൗസിൽ മുറി അനുവദിക്കാത്തവർക്കെതിരെ ശ്രീ. കെ. അജിത് നൽകിയ നോട്ടീസും പരവൂർ ജനമൈത്രി പോലീസ് സ്റ്റേഷൻ സബ് ഇൻസ്പെക്ടർക്കെതിരെ ശ്രീ. ജി. എസ്. ജയലാൽ നൽകിയ നോട്ടീസും ഡെന്റൽ കോളേജിലെ എച്ച്.ഒ.ഡി.യ്ക്കെതിരെ ശ്രീമതി കെ.എസ്. സലീഖ നൽകിയ നോട്ടീസും ശ്രീമതി ഇ.എസ്. ബിജിമോൾ, ശ്രീമതി ഗീതാ ഗോപി എന്നീ എം.എൽ.എ.മാർക്കെതിരെ പോലീസ് അതിക്രമം നടന്നതായിപറയപ്പെടുന്നത് സംബന്ധിച്ച് ശ്രീ. കോടിയേരി ബാലകൃഷ്ണൻ നൽകിയ നോട്ടീസും ബഹുമാനപ്പെട്ട ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രിക്കെ

തിരെ ശ്രീ. എ. പ്രദീപ്കുമാർ നൽകിയ നോട്ടീസും ചെയറിന്റെ പരിഗണന യിലാണ്. വിശദമായ റൂളിംഗ് ലൈബ്രറിയിൽ ലഭ്യമാണ്.

## മുഖ്യമന്ത്രിയുടെ പ്രമേയം

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, തൽക്കാലം സഭ മുൻപാകെ വയ്ക്കുവാൻ ഗവൺമെന്റ് ബിസിനസ്സുകൾ ഒന്നുമില്ലാത്തതിനാൽ സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയാവുന്നതാണ്.

## അവലോകനം

മി. സ്പീക്കർ: പതിമൂന്നാം കേരള നിയമസഭയുടെ ഏഴാം സമ്മേളന മാണ് ഇന്ന് അവസാനിക്കുന്നത്. ഫെബ്രുവരി ഒന്നിന് ഗവർണ്ണറുടെ നയപ്ര ഖ്യാപന പ്രസംഗത്തോടെയാണ് സമ്മേളനം ആരംഭിച്ചത്. മൊത്തം 12 ദിവസ മാണ് സഭ സമ്മേളിച്ചത്. പ്രധാനമായും ഓർഡിനൻസുകൾക്കുപകരമുള്ള ബില്ലുകൾ പരിഗണിക്കുക എന്നതായിരിന്നു ഈ സമ്മേളനത്തിന്റെ ലക്ഷ്യം. 9 ബില്ലുകൾ വിശദമായ ചർച്ചകൾക്കുശേഷം സഭ പാസ്സാക്കി. വനിതകളുടെ സ്വകാര്യതയും അന്തസ്സും സംരക്ഷണ ബിൽ സഭയിൽ അവതരിപ്പിക്കുകയും ചർച്ചകൾക്കായി സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കുകയും ചെയ്തു. കൂടാതെ, 2012–13 വർഷത്തെ ഉപധനാഭ്യർത്ഥനകളെ സംബന്ധിച്ച ധനവിനിയോഗ ബില്ലും സഭ പാസ്സാക്കി. 10 അടിയന്തര പ്രമേയങ്ങൾക്കുള്ള അവതരണാനു മതി നോട്ടീസ് പരിഗണിച്ചു. 330 നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളും 3877 നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളും അനുവദിക്കപ്പെട്ടു. സഭയിൽ 45 ചോദ്യങ്ങൾക്ക് മന്ത്രിമാർ വാക്കാൽ മറുപടി നൽകി. 389 ഉപചോദ്യങ്ങൾക്കും വാക്കാൽ മറു പടി ലഭിച്ചു. ഒരു ദിവസം ശരാശരി 382 ചോദ്യങ്ങൾ. കൂടാതെ രണ്ട് അടിയന്ത ചോദ്യങ്ങളും സഭയിൽ ഉന്നയിച്ചു. 19 ശ്രദ്ധക്ഷണിക്കൽ നോട്ടീസുകളിലൂടെ

വിവിധ പ്രശ്നങ്ങൾ അംഗങ്ങൾ സഭയുടെ ശ്രദ്ധയിൽപ്പെടുത്തി. 200 സബ്മിഷനുകളും സഭയിൽ അവതരിപ്പിച്ചു. ഇവക്കെല്ലാം ബന്ധപ്പെട്ട മന്ത്രിമാർ മറുപടി പറയുകയും ചെയ്തു. 1999-ൽ സഭ പാസ്സാക്കിയ ഗ്രാന്റ്സ് ആന്റ് ലീസ് മോഡിഫിക്കേഷൻ ഓഫ് റൈറ്റ്സ് (ഭേദഗതി) ബിൽ രാഷ്ട്രപതിയുടെ നിർദ്ദേശപ്രകാരം പിൻവലിക്കുകയുണ്ടായി. ചട്ടങ്ങളും കീഴ്വഴക്കങ്ങളും സൃഷ്ടിക്കുന്നവർതന്നെ അവ ലംഘിക്കുന്നത് സമൂഹത്തിന് എന്ത് സന്ദേശമായിരിക്കും നല്കുകയെന്ന് ആലോചിക്കേണ്ടതാണ്. സംവാദങ്ങളുടെയും ചർച്ചകളുടെയും വേദിയാകേണ്ട സഭാസമ്മേളനം, സംഘർഷങ്ങളുടെ വേദിയാകുന്നത് ക്രിയാത്മക ജനാധിപത്യത്തിന് ഭൂഷണമാണോ എന്ന് എല്ലാവരും ചിന്തിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നുവെന്ന് ചെയർ വിശ്വാസിക്കുന്നു. ഈ സമ്മേളനവുമായി സഹകരിച്ച ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ്, ബഹുമാനപ്പെട്ട മന്ത്രിമാർ ബഹുമാനപ്പെട്ട കക്ഷിനേതാക്കൾ, ബഹുമാനപ്പെട്ട അംഗങ്ങൾ, നിയമസഭാ സെക്രട്ടറിയേറ്റിലേയും മറ്റ് വകുപ്പുകളിലേയും ഉദ്യോഗസ്ഥർ, മാധ്യമപ്രവർത്തകർ തുടങ്ങി എല്ലാവർക്കും ചെയർ സഭയ്ക്കുവേണ്ടി നന്ദി രേഖപ്പെടുത്തുന്നു.

ഓർഡർ.... ഓർഡർ... സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയുന്നു.

(ദേശീയഗാനം ആലപിച്ചു)

(2013 ഫെബ്രുവരി മാസം 19-ാം തീയതി വൈകുന്നേരം 3.28-ന് സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിഞ്ഞു).

**************